
A.K.C.C. BULLETIN

NOVEMBER 1963

പുസ്തകം 15 | 1963 നവംബർ | ലക്കം 9

DHARMARAM COLLEGE
BANGA



ഒക്ടോബർ 20—ാംന്ന- (മിഷൻ ഞായർ) വത്തിക്കാനിലെ സെന്റ് പീറോഴ്സ് ദേവാലയത്തിൽ വച്ച മാർപ്പാപ്പാ തിരുമേനി 14 മെത്രാന്മാരെ വാഴിക്കുന്നു. അവരിൽ ജോൺ ബാപ്റ്റിസ്റ്റ് മുഡാർത്താ എന്ന ഇൻഡ്യൻ മെത്രാനും ഉൾപ്പെടുന്നു.

വിഷയവിവരം

		പേജ്
1	മരിച്ചവരും ജീവിച്ചിരിക്കുന്നവരും	3
2	"ഫാദർ ഡാമിയൻ" മഹത്തായ ഒരു നാടകം (റൈറ്റ് റവ.മോൺസിഞ്ഞോർ എൽ. ജെ. ചിറ്റർ, ഡി. ഡി; പി എച്ച്. ഡി. ചങ്ങനാശേരി അതിരൂപതാ വികാരിജനറാൾ)	4
3	വീണ്ടുവിചാരങ്ങൾ (ഫാ. വെർണർ, സി, എം. ഐ.)	5
4	കുറെ വെളിച്ചത്തിന്റെ ആവശ്യമുണ്ട്	6
5	ഉദ്ദേശ്യനൈർമ്മല്ല്യമവശ്യമാക്കും (ജോസഫ് സി. റവി)	7
6	ഓമ്മകൾ അവശേഷിക്കുന്നു. . . (ചെറുകഥ) (ജോസഫ് മേലിട്ട് അഞ്ചൂർ)	9
7	സിനിമയെക്കുറിച്ചൊരു ചിന്ത (സിപ്രിയാനോസ് പരീക്കണ്ണി)	11
8	പൊള്ളമനുഷ്യർ (ജോസഫ് അഞ്ചനാട്ട് എം.എ.)	13
9	അടിമയായിത്തീർന്ന രാജാവ് (സാധു ഇട്ടിയവിര, പെരുമ്പട്ടിക്കുന്നേൽ)	14
10	കത്തോലിക്കാകോൺഗ്രസിന്റെ നല്ല കാൽവയ്പ്	15
	(ഫാ. ജെ. കുന്നേൽ തലശേരിരൂപത)	
11	സമുദായം മുന്നേറുവാൻ ഒറ്റ മാർഗ്ഗമേയുള്ള (ജിയൊ കൂപ്പലുമാക്കൽ)	16
12	ലോകക്രൈസ്തവവാർത്തകൾ (റവി. എകസ്.)	17
13	അല്ലിറാണി (നീണ്ടകഥ) (കോതനല്ലൂർ ജോസഫ്)	19
14	പോളിയുടെ പശ്ചാത്താപം (ഏകാങ്കം) (റോസക്കുട്ടി കാപ്പൻ)	22
15	മാതൃവിലാപം (സി. എം. സെബാസ്റ്റ്യൻ അതിരമ്പുഴ)	23
16	ബാലപംക്തി (T. S.)	25
17	ആരോഗ്യപംക്തി (ഡോ. റവി. കെ. ജോസഫ് ഹോമിയപ്പതി)	26
18	വനിതാപംക്തി (റോസക്കുട്ടി കാപ്പൻ)	27
19	സംഘടനാക്കാര്യം	28
20	ഫലിതബിന്ദുക്കൾ (അപ്പച്ചൻ ആറുമാന്നൂർ)	29

മരിച്ചവരും ജീവിച്ചിരിക്കുന്നവരും

നിരവധി മതങ്ങളും ജാതികളും ഉപജാതികളും വർഗ്ഗങ്ങളും ഇടകലർന്നുകഴിയുന്ന ഒരു കൊച്ചുഗ്രാമാണ് കേരളം. അതിപുരാതന കാലം മുതൽക്കുതന്നെ ഈ അവസ്ഥ നിലനിന്നു പോരുന്നതാണ്. സമുദായ സൗഹാർദ്ദം അഭംഗുരം കാത്തു സൂക്ഷിയ്ക്കുന്നതിൽ ഭരണകർത്താക്കളും ഭരണീയരും എക്കാലത്തും ജാഗ്രതയുള്ളവരായിരുന്നു. ഹിന്ദുമതം, ക്രിസ്തുമതം, ഇസ്ലാംമതം, യൂദമതം, ജൈനമതം, ബുദ്ധമതം, സൊരഷ്ടമതം, യൂയോമതം, ആനന്ദമതം തുടങ്ങി അറിയപ്പെടുന്നതും അറിയപ്പെടാത്തതുമായ നിരവധിമതങ്ങളും ഈ കൊച്ചുകേരളത്തിനുള്ളിലുണ്ട്. ഹിന്ദുക്കളും, വിവിധരീതിയിലുള്ള എഴുപത്തിയേഴു വിഭാഗങ്ങളായിട്ടാണ് നിലകൊള്ളുന്നതു്. ഇസ്ലാംമതം ആധാരമായിട്ടുള്ള അഞ്ചോ ആറോ വിഭാഗങ്ങളെ ഇവിടെ കാണാം. ക്രിസ്തുമതത്തിൽ എത്ര വിഭാഗങ്ങളുണ്ടെന്നുള്ളതിനു് ശരിയായ കണക്കുപോലുമില്ല. പരസ്പരവിരുദ്ധങ്ങളും അല്പാത്തവയുമായ ഈ നിരവധി വിഭാഗങ്ങളും സൗമ്യവും സൗഹാർദ്ദപരവുമായ ഒരന്തരീക്ഷം ഇവിടെ സൃഷ്ടിച്ചിരുന്നു എന്നുള്ളതു് അത്ഭുതകരമായ ഒരു സത്യമത്രെ. ഇന്നുള്ള സംഖ്യയിൽ 61.70 ശതമാനവും ഹിന്ദുക്കളാണു്. കേരളത്തിൽ ആദ്യകാലംമുതൽ ഉണ്ടായിരുന്നതും ഹിന്ദുമതം തന്നെ. മറ്റുള്ളവയെല്ലാം കാലക്രമേണ രൂപംപ്രാപിച്ചവയാകുന്നു. എന്നാൽ, കേരളത്തിലെ 28 ലക്ഷം അംഗസംഖ്യയുള്ള കത്തോലിസ്സാസഭയാണു് ഏറ്റവും പ്രബലമായ മതവിഭാഗം എന്ന കാര്യത്തിൽ സംശയിയ്ക്കാനില്ല.

വിദ്യാഭ്യാസത്തിന്റെയും ഫലമായി കാലംചെല്ലുന്തോറും മനുഷ്യൻ കൂടുതൽ സംസ്കാരസമ്പന്നനായിത്തീരുന്നുവെന്നാണു് വയ്പു്. എന്നാൽ അനുഭവത്തിൽ നേരെ മറിച്ചാണു കണ്ടുവരുന്നതെന്നു് ഖേദപൂർവ്വം പറയേണ്ടിയിരിയ്ക്കുന്നു. കേരളത്തിൽ എത്രയോ കാലങ്ങളായി നിലനിന്നുവരുന്ന സമുദായസൗഹാർദ്ദത്തെ ധ്വംസിയ്ക്കുന്ന തരത്തിലുള്ള ഒരു ദുഷ്പ്രവണത ഇന്നു പരക്കെ കണ്ടുവരുന്നു എന്നുള്ളതാണു്, മൊത്തത്തിൽ ഇതിനു മുഖ്യകാരണമായി ചൂണ്ടിക്കാണിയ്ക്കാവുന്ന ഒരു പ്രമുഖദൃഷ്ടാന്തം. ഈ സാമൂഹ്യവിരുദ്ധന്മാർ, ജീവിച്ചിരിക്കുന്നവരുടെ നേരെയല്ല, പ്രത്യുത മരിയ്ക്കുന്നവരുടെ നേരെയാണു് വാളിളക്കിപാഞ്ഞുചെല്ലുന്നതു് എന്ന വസ്തുത വളരെ വിചിത്രമായിതോന്നുന്നു. മൃതദേഹങ്ങളും സംസ്കരിയ്ക്കുക എന്നുള്ള സംപ്രദായം അറിയപ്പെടുന്ന കാലം മുതൽതന്നെ മനുഷ്യർ സ്വീകരിച്ചുവരുന്ന ഒന്നാണു്. ചിലർ തീയിലിട്ടു ദഹിപ്പിയ്ക്കുകയും മറ്റു ചിലർ മണ്ണിൽ കഴിച്ചുമൂടുകയും ചെയ്യുന്നു എന്നുമാത്രം. ശവം ഉണങ്ങിയോ; ഐസ്സിലിട്ടോ സൂക്ഷിയ്ക്കുന്ന രീതി ഇവിടെ ആരും സ്വീകരിച്ചിട്ടില്ലെന്നുള്ളതാണു് ഞങ്ങളുടെ ധാരണ.

മൃതദേഹങ്ങളും ഭൂമിയ്ക്കുമുകളിൽ കിടന്നു് അഴുകാതിരിയ്ക്കുന്നതു് ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ നിലനില്പിനു് ആവശ്യമാണെന്നു് ആരും സമ്മതിയ്ക്കും. അതുകൊണ്ടു് മൃതദേഹങ്ങളും ഏതു വിധേനയെങ്കിലും നശിപ്പിച്ചേക്കുക എന്നതാത്മാർത്ഥമില്ല. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ശവശരീരങ്ങളുടെ കാര്യത്തിൽ അതിപുരാതന കാലം മുതൽക്കുതന്നെ സ്വീകരിച്ചുപോരുന്ന ചില ചിട്ടകളും ആചാരങ്ങളുമുണ്ടു്. മതപരമായി ഏർപ്പെടുത്തിയിട്ടുള്ള എല്ലാ കർമ്മാദികളോടുംകൂടി ബഹുമാനപൂർവ്വം, പള്ളിയോടനുബന്ധിച്ചുള്ള നിർദ്ദിഷ്ടസ്ഥലത്തു് സംസ്കരിക്കുക എന്നുള്ളതാണു് ഇതുകൊണ്ടുദ്ദേശിക്കുന്നതു്. ഈ നിലപാടിനു മാറ്റം വരുവാൻ ക്രിസ്ത്യാനിയെന്നു് സ്വയം അവകാശപ്പെടുന്നയാതൊരു മാനുഷ്യജീവിയും ഒരു കാലത്തും തയാറാവുകയില്ലെന്നു് ഉറക്കെ പറയുവാൻ ഞങ്ങൾക്കു കഴിയും. ജീവിച്ചിരുന്നപ്പോൾ തങ്ങളുടെ പ്രിയപ്പെട്ട ബന്ധുജനങ്ങളോടു് ഉണ്ടായിരുന്ന ബഹുമാനാദരവുകൾ അവരുടെ മൃതദേഹങ്ങളോടും പ്രകടിപ്പിക്കുന്നതിൽ യാതൊരു വിധ അപാകതയും ക്രിസ്ത്യാനിയ്ക്കു് കാണാൻ കഴിയുന്നില്ല. മൃതദേഹസംസ്കാരണത്തിന്റെ കാര്യത്തിൽ തുടർന്നുപോരുന്ന മതപരമായ എല്ലാ പാരമ്പര്യങ്ങളും അഭംഗുരം നിലനില്ക്കണമെന്നും ക്രിസ്ത്യാനിയ്ക്കു നിർബന്ധമുണ്ടു്,

അവിഹിതമായ യാതൊരു പ്രവർത്തനങ്ങളോടേയും ഫലമായിട്ടല്ല, ക്രിസ്തുമതത്തിനു് ഇത്രയധികം സ്വാധീനത കേരളത്തിൽ ഉണ്ടായിത്തീർന്നതു്. ക്രിസ്ത്യൻ മിഷ്യനറിമാരുടെ പ്രവർത്തനങ്ങളും, അതിന്റെ പ്രതികരണങ്ങളും എക്കാലത്തുമുള്ള ഭരണകർത്താക്കളുടെ ശ്രദ്ധക്കു് വിഷയീഭവിച്ചിട്ടുണ്ടു്. പ്രകോപനാത്മകമെന്നോ പ്രതിഷേധാത്മകമെന്നോ പറയാവുന്ന യാതൊന്നും അവർക്കു കണ്ടെത്താനും കഴിഞ്ഞിട്ടില്ല. ഹിന്ദുക്കളായ രാജാക്കന്മാരുടെയും, പ്രഭുക്കന്മാരുടെയും, മറ്റും ഉദാരമായ സഹായങ്ങളും, പള്ളിസ്ഥാപനക്കാര്യത്തിലും മറ്റും ക്രിസ്ത്യാനികൾക്കു് പലപ്പോഴും ലഭിച്ചിട്ടുണ്ടു്. ഇങ്ങനെ പള്ളി വയ്ക്കാൻ സ്ഥലവും പണിയാൻ സാമ്പത്തികസഹായങ്ങളും മുറയ്ക്കു ലഭിച്ചിട്ടുള്ളതിനു് എത്ര ഉദാഹരണങ്ങളും വേണമെങ്കിലും കാണാൻ കഴിയും. എന്നാൽ പള്ളിയോടനുബന്ധിച്ചു് ശവക്കോട്ട നിർമ്മിക്കുന്നതിനെ അന്നാരും എതിർത്തിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല.

പക്ഷെ ഇന്നു് വളരെയധികം മാറ്റങ്ങളും വന്നിരിക്കുന്നു. നോക്കുന്നിടത്തെല്ലാം കൂറ്റൻ കുരിശുകളും ഉയർന്നുനില്ക്കുന്നതിനെ അമർഷത്തോടെ വീക്ഷിക്കുന്ന പലരും ഇപ്പോഴുണ്ടെന്നു് ഞങ്ങൾക്കറിയാം. എന്നാൽ പരസ്യമായി ഇതിനെതിരെ ശബ്ദമുയർത്താൻതക്ക തൻറേടം ഒരുത്തർക്കുമില്ല. അതുകൊണ്ടാണു് മരിക്കുന്ന മനുഷ്യരുടെമേൽ തട്ടിക്കയറുന്ന നിന്ദ്യമായ ഒരു നയം ഇവർ സ്വീകരിച്ചിരിയ്ക്കുന്നതു്. തൈയ്യലെ കത്തോലിക്കാദേവാലയത്തോടനുബന്ധിച്ചുള്ള സിമിത്തേരിയിലും, കട്ടച്ചിറയിലെ യാക്കോബായപ്പള്ളിയോടുചേർന്നുള്ള സിമിത്തേരിയിലും, ശവം മറവുചെയ്യുന്നതിനെ ഈ അടുത്തകാലത്തുണ്ടായ വൈഷമ്യങ്ങളും, ഇതേത്തുടർന്നു് മറ്റു പല സ്ഥലങ്ങളിലും ഇതേ പ്രശ്നം തന്നെ കുത്തിപ്പൊക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങളുമാണു് ഇത്രയുമൊക്കെ എഴുതുവാൻ ഞങ്ങളെ പ്രേരിപ്പിച്ചതു്.

തൈയ്യലേയും കട്ടച്ചിറയിലേയും പ്രശ്നങ്ങൾക്കു് താല്ക്കാലികമായ പരിഹാരം ലഭിച്ചിട്ടുണ്ടെന്നുള്ളതു് ശരിതന്നെ. പക്ഷെ സിമിത്തേരിപ്രശ്നത്തിനു് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തുകതന്നെ വേണം. പാവപ്പെട്ട ക്രിസ്ത്യാനി മരിച്ചാൽ അവന്റെ ശവം മറവുചെയ്യുന്നതിനു് സാധിക്കുകയില്ല എന്നൊരവസ്ഥ ക്രിസ്ത്യാനികൾക്കു് ചിന്തിക്കുവാൻപോലും കഴിയുകയില്ല. ഇതിനുവേണ്ടി അപ്പഴപ്പോൾ കോടതിയെ അയേംപ്രാപിയ്ക്കുണമെന്ന കാര്യവും ചിന്തിക്കാൻ വിഷമമാണു്. സിമിത്തേരിപ്രശ്നം കുത്തിപ്പൊക്കുന്നതിൽ കമ്യൂണിസ്റ്റുകാർക്കും പങ്കുണ്ടോയെന്നു് മറ്റു പലരേയുംപോലെ ഞങ്ങളും സംശയിക്കുന്നു. നിലവിലുള്ള സമുദായസൗഹാർദ്ദം തല്ലിത്തകർത്തു് മുതലെടുക്കുവാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിക്കുന്നുണ്ടെന്നുള്ളതു് കുറെയൊക്കെ ശരിയുമാണു്. കോളിളക്കങ്ങളും ഒന്നുമില്ലെങ്കിൽ കമ്മ്യൂണിസ്റ്റുകാർക്കു് ജീവിക്കുവാൻ കഴിയുകയില്ല. ഹിന്ദുക്കളെയും ക്രിസ്ത്യാനികളെയും തമ്മിലടിപ്പിയ്ക്കാൻ കഴിയുന്നതിലും വലിയൊരുനേട്ടം അവർക്കുണ്ടാകാനില്ലല്ലോ. സിമിത്തേരിപ്രശ്നത്തിൽ ഈ അപകടമാണു് പതിയിരിക്കുന്നതെന്നു് എല്ലാ സമുദായങ്ങളും നല്ലതുപോലെ മനസ്സിലാക്കണം. സർക്കാരിന്റെ ശ്രദ്ധയാണു് എല്ലാത്തിലും ഉപരിയായി അവശ്യമായിരിയ്ക്കുന്നതു്. ഒരു താഴെക്കിടെ ഹെൽത്തു് ഉദ്യോഗസ്ഥന്റെ 'തോന്നിയവാസം' മൂലം ഈ രാജ്യത്തു് എന്തും സംഭവിക്കാം എന്നൊരവസ്ഥയുണ്ടാകുന്നതു് ഒരു മതേതരരാഷ്ട്രത്തിനു് യോജിയ്ക്കുന്നതല്ല. പള്ളിവക സിമിത്തേരിയിൽ, നിർദ്ദിഷ്ടമായ കർമ്മാദികളോടുകൂടി ശവസംസ്കാരം നടത്താനുള്ള ക്രിസ്ത്യാനികളുടെ ജന്മാവകാശം ചോദ്യം ചെയ്യപ്പെടാതിരിക്കുവാൻ ആവശ്യമായ വ്യക്തമായ നടപടികളും ഇനിയെങ്കിലും സർക്കാർ സ്വീകരിക്കുമെന്നു് ഞങ്ങളാശിക്കുന്നു. ഒരുപറ്റം സാമൂഹ്യവിരുദ്ധന്മാരുടെ നെറികെട്ട കുതന്ത്രങ്ങൾമൂലം കേരളത്തിലെ സമുദായസൗഹാർദ്ദം താറുമാറാകാൻ ഇടവരാതിരിക്കട്ടെ.

"ഫാദർ ഡാമിയൻ" മഹത്തായ ഒരു നാടകം

ത്യാഗോദാത്തമായ ജീവിതംകൊണ്ട് മാനവസംസ്കാരചരിത്രത്തെ ഭാസുരമാക്കിയ ആ മനുഷ്യസ്നേഹിയുടെ ഹൃദയസ്പർശിയായ കഥ—അതൊരു സുന്ദരദൃശ്യകാവ്യമായി പകർത്തപ്പെട്ടിരിക്കുന്നു

(റൈറ്റ് റവ. മോൺസിഞ്ഞോർ എൽ. ജെ. ചിറ്റൂർ, ഡി.ഡി; പി എച്ച്.ഡി. ചങ്ങനാശേരി അതിരൂപതാവികാരിജനറാൾ)

മാനവസംസ്കാരത്തിന്റെ ചരിത്രത്തിൽ അത്യുജ്ജ്വലവും അദ്ഭുതപൂർവ്വമായ ഒരദ്ധ്യായം കൂട്ടിച്ചേർത്ത ഒരു മഹാപുരുഷനാണ് ഫാദർ ഡാമിയൻ. ത്യാഗോദാരനായ ആ മനുഷ്യസ്നേഹിയുടെ ജീവിതകഥ കേട്ടിട്ടില്ലാത്തവർ ചുരുക്കമാണ്. കുഷ്ഠരോഗികളുടെകൂടെ ജീവിച്ച്, ശാപഗ്രസ്തമായ ആ രോഗം തനിക്കും പിടിപെടുമെന്ന അറിഞ്ഞുകൊണ്ടുതന്നെ, ഹതഭാഗ്യരായ ആ മനുഷ്യജീവികൾക്ക് ആശ്വാസം പകർന്നുകൊണ്ട് ഒടുവിൽ കുഷ്ഠരോഗിയായി ജീവബലി അർപ്പിച്ച ആ മിഷനറിവൈദികന്റെ കരളലിയിക്കുന്ന കഥ.

ആ കഥയെ അധികരിച്ച് ശ്രീ മുട്ടത്തുവക്കി രചിച്ച നാടകം ചങ്ങനാശേരി ബ്രദേഴ്സ് ആർട്ട്സ് ക്ലബ്കാർ ഏറ്റവും വിജയകരമായി അവതരിപ്പിച്ചിരിക്കുന്നു. ആ നാടകം ഉദ്ഘാടനം ചെയ്യാനും അതു് അദ്യന്തം കണ്ട് ആസ്വദിക്കാനും എനിക്ക് അവസരമുണ്ടായി. ഹൃദയത്തുടിപ്പുകളോടെയല്ലാതെ ഓരോ രംഗവും കാണാൻ സാധ്യമല്ല അത്രകണ്ട് തന്മയത്വസമ്പുഷ്ടമാണ് നാടകത്തിലെ സംഭാഷണങ്ങളും അഭിനയങ്ങളും.

ഒരിക്കലും ശാന്തമല്ലാത്ത ശാന്തസമുദ്രത്തിലെ വിസ്തൃതമായ വിരിമാറിൽ ഹാവായ്ദ്വീപസമൂഹം സ്ഥിതിചെയ്യുന്നു. അതിലൊന്നാണ് മൊളോക്കായ്. ആ പേരു കേൾക്കുമ്പോൾ തന്നെ ഞെട്ടലുണ്ടാവും. കാരണം അതു കുഷ്ഠരോഗികൾക്കായി മാത്രം വേർതിരിച്ചിട്ടിരിക്കുന്ന ഒരു നരകമാണ്—ഭൂമിയിലെ നരകം. ജീവിതനൈരാശ്യം ആ പതിതരെ കേവലം മൃഗങ്ങളായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. അവർക്ക് ആശിക്കുവാനും ആനന്ദിക്കുവാനും ജീവിതത്തിൽ മറ്റൊന്നില്ല. മരണമല്ലാതെ. മരണങ്ങളും, കൊലപാതകങ്ങളും, മദ്യപാനവും, ദൈവഷണങ്ങളും മറ്റൊല്ലാത്തരം അധർമ്മങ്ങളും അവിടെ തേർവാഴ്ച നടത്തുകയാണ്.

അന്ധകാരത്തിന്റെ മധ്യത്തിലേക്ക് ഒരു പ്രകാശധാരപോലെ അദ്ദേഹം കടന്നുചെല്ലുന്നു—ഫാദർ ഡാമിയൻ. സുഭഗനായ ഒരു യുവവൈദികൻ. പക്ഷെ കുഷ്ഠരോഗികൾ അദ്ദേഹത്തെ സ്വാഗതം ചെയ്യുന്നില്ല. അവർ അദ്ദേഹത്തെ മർദ്ദിക്കുകയും, അദ്ദേഹത്തിന്റെ ദർശനത്തിൽനിന്ന് ഓടിഒളിക്കുകയും ചെയ്യുന്നു. നരകത്തിൽ ഒരു മാലാഖയ്ക്ക് എന്തവകാശം? അതാണവരുടെ തത്വശാസ്ത്രം. ഹാവായിലെ സർക്കാർ അധികാരികൾ അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെ അനുകൂലിക്കുന്നില്ല. ചിലർ പറഞ്ഞു ആ മനുഷ്യനു കിറുക്കാണെന്ന്; ചിലർ അദ്ദേഹത്തെ വിഡ്ഢിയെന്ന് അവഹേളിച്ചു. ഫാദർ ഡാമിയൻ ഒരു മന്ത്രവാദിയാണെന്ന് മറ്റുചിലർ സങ്കല്പിച്ചു. അജയ്യമായ മനുഷ്യസ്നേഹമായിരുന്നു അദ്ദേഹത്തിന്റെ കിറുക്ക്. അനന്യസാധാരണമായ ത്യാഗമായിരുന്നു അദ്ദേഹത്തിന്റെവിഡ്ഢിത്വം: ക്രിസ്തുവിന്റെ കാൽപാടുകളെ അനുകരിക്കാനുള്ള ആവേശമായിരുന്നു അദ്ദേഹത്തിന്റെ മന്ത്രവാദം.

മൊളോക്കായ് ദ്വീപിൽനിന്നും ആരും പുറത്തുപോകരുതെന്ന രാജകല്പനയെ ലംഘിച്ചതന്നെ അദ്ദേഹം ഹോണോലുലുവിൽ എത്തുന്നു. റീജൻറായ ലിലിയുകലാനി രാജകുമാരി സമക്ഷം അദ്ദേഹം കുഷ്ഠരോഗികൾക്കുവേണ്ടി വാദിക്കുകയാണ്. അവർക്ക് ഒരുകഷണം സോപ്പിനുവേണ്ടി; ഒരുതുണ്ട് തുണിയ്ക്കുവേണ്ടി; കുടിക്കുവാൻ ഒരുതുള്ളി വെള്ളത്തിനുവേണ്ടി അദ്ദേഹം യാചിക്കുകയാണ്.

ഹിംസ്രജന്തുക്കളെ മരുക്കിയെടുക്കുംപോലെ അദ്ദേഹം സേവനത്തിലൂടെ ആ മനുഷ്യമൃഗങ്ങളെ ക്രമേണ ഇണക്കിയെടുക്കുന്നു. അവരുടെ അളിഞ്ഞുനാറുന്ന വ്രണങ്ങൾ അദ്ദേഹം വച്ചുകെട്ടുകയും, മൃതദേഹങ്ങൾ തന്നെത്താൻ ചുമന്നുകൊണ്ടുപോയി കുഴിവെട്ടി മറവുചെയ്യുകയും, ഉളിയും കൊട്ടവടിയുംകൊണ്ട് ആശാരിപ്പണിചെയ്ത് അവർക്ക് ഷെഡ്ഡുകൾ പണിതുകൊടുക്കുകയും, ദൈവത്തിലുള്ള വിശ്വാസം അവരിൽ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നു.

അങ്ങനെ അദ്ദേഹം പതിനഞ്ച് സംവത്സരം അവരുടെകൂടെ ജീവിക്കുകയും ഒടുവിൽ കുഷ്ഠരോഗിയായി മരിക്കുകയും ചെയ്യുന്നു.

നാടകമാക്കാൻ വളരെ ബുദ്ധിമുട്ടുള്ള ഒരു വിഷയമാണിത്. എന്നാൽ ശ്രീ മുട്ടത്തുവക്കിയുടെ അനുഗൃഹീതമായ തൂലിക അതിനെ അതീവസുന്ദരമായ ഒരു നാടക കലാശില്പി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. ചില രംഗങ്ങളിൽ നാം അറിയാതെ തന്നെ കരഞ്ഞുപോകും. മറ്റുചിലതിൽ പൊട്ടിച്ചിരിക്കും. ഫാദർ ഡാമിയന്റെ ജീവിതകഥയെ ഇതിലും മെച്ചമായി അവതരിപ്പിക്കുകസാധ്യമല്ല. മലയാളഭാഷയ്ക്കുപ്രത്യേകിച്ച് ക്രൈസ്തവസാഹിത്യത്തിനും ഇതൊരു മുതൽക്കൂട്ടായിരിക്കും എന്നതിൽ സംശയില്ല.

കാണപ്പെടുന്ന തന്റെ സഹോദരനെ സ്നേഹിക്കാതെ, കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നതെങ്ങനെ? ഈ തത്വം സ്വന്തം ജീവിതംകൊണ്ട് അനുവർത്തമാക്കുകയാണ് ഫാദർ ഡാമിയൻ ചെയ്തത്. തന്റെ സഹോദരന്മാർക്കുവേണ്ടി മരിക്കുക എന്നതിനേക്കാൾ വലുതായ ത്യാഗം ഇല്ല എന്ന വേദവാക്യത്തിന്റെ നിദർശനമാണ് ഈ നാടകം.

ഫാദർ ഡാമിയനും, ഡാങ്ലീ, ലൂക്കാ, എറിക്ക്, ഡുഡൂ എന്നീ കുഷ്ഠരോഗികളും ലിലിയുകലാനി രാജകുമാരിയും അവരുടെ തോഴിയും ഗായികയുമായ ലിയുഷായും, ഗവർമ്മെൻറിന്റെ ഏജൻറായ ഫ്രാങ്കോയും, അയാളുടെ ശിങ്കിടിയായ ലോങ്കിയും പ്രേക്ഷകഹൃദയങ്ങളിൽനിന്നു ഒരിക്കലും മായുകയില്ല. കഴിവുംകലാബോധവുമുള്ളവരാണ് ഇതിലെ അഭിനേതാക്കൾ. ഗാനങ്ങൾ ശ്രുതിസുഭഗങ്ങളും അർത്ഥപുഷ്ടങ്ങളുമാണ്. അല്പം ചില ന്യൂനതകൾ നാടകാവിഷ്കരണ വ്യഗ്രതയിൽ അങ്ങിങ്ങായി കടന്നുകൂടിയിട്ടുണ്ട്. അവ നിഷ്പ്രയാസം പരിഹരിക്കപ്പെടാവുന്നവയാണുതാനും.

ആകെക്കൂടി ആദർശസംപുഷ്ടവും രസസംപുഷ്ടവുമായ ഈ ദൃശ്യകാവ്യത്തിനു കലാസ്വാദകരായ എല്ലാ നല്ല മനുഷ്യരുടേയും പ്രത്യേകിച്ച് ക്രൈസ്തവസംഘടനകളുടേയും സ്വാഗതങ്ങളുടെയും പ്രോത്സാഹനം ലഭിക്കുമെന്നാണ് എന്റെ വിശ്വാസം. ഈ നാടകം കാണുന്നതിനുവേണ്ടി ചെലവാക്കുന്ന ഏതാനും മണിക്കൂറുകൾ ഒരു നഷ്ടമായി ആരും കരുതുകയില്ല.

മഹത്തായ ഈ നാടകം സംഭാവനചെയ്ത ശ്രീ മുട്ടത്തുവക്കിക്കും ചങ്ങനാശേരി ബ്രദേഴ്സ് ആർട്ട്സ് ക്ലബിനും എന്റെ ഹൃദയപൂർവ്വമായ അഭിനന്ദനങ്ങൾ.

വീണ്ടുവിചാരങ്ങൾ

പ്രിയ എഡിറ്റർ,

സെപ്റ്റംബർ ലക്കത്തിൽ എന്റെ കത്തു് പ്രസിദ്ധീകരിച്ചതിനു വളരെ നന്ദിപറയുന്നു (പക്ഷെ എന്റെ പേരിനു് അനർഹമായ പ്രാധാന്യം കൊടുത്തതുവേണ്ടായിരുന്നു.) എ. കെ. സി. സിക്കു ഞാൻ കരിച്ചു മരുന്നു പറ്റിയതല്ലെന്നു ശ്രീ ജോസഫു് കവലക്കാട്ടു സൂചിപ്പിച്ചതിനോടു ഞാനും യോജിക്കുന്നു. പക്ഷെ രോഗനിർണ്ണയം ശരിയെന്നു തന്നെയാണു് എന്റെ വിശ്വാസം. എ.കെ.സി.സി ഒരു പ്രത്യേക സംഘടനയാകാതെ കത്തോലിക്കാസംഘടനകളുടെ കേന്ദ്രസംഘടനയാവണമെന്നും, എ.കെ.സി.സി ശാഖകൾ എല്ലായിടത്തും സ്ഥാപിക്കുവാൻ ബദ്ധപ്പെടുന്നതിനുപകരം Catholic Action ഗ്രൂപ്പുകൾക്കു രൂപം നൽകുകയാണു് കൂടുതൽ അഭികാമ്യമെന്നും ഞാൻ അഭിപ്രായപ്പെടുകയുണ്ടായി. പക്ഷെ മുന്നാമതൊരു മാർഗ്ഗം കൂടുതൽ പ്രായോഗികമായിട്ടു ഇപ്പോൾ തോന്നുന്നു; Catholic Action തന്നെ എ.കെ.സി.സിയെന്നപേരിൽ അറിയപ്പെടുന്നതിൽ പിശകൊന്നുമില്ലല്ലൊ. പക്ഷെ അൽമായ പ്രേഷിതത്വത്തിന്റെ പരിപാടി നിർവഹിക്കുന്ന ക്രിയാത്മകമായ ഒരു ഉംഗ്രൂപ്പെങ്കിലും ഓരോ ശാഖയിലും ഉണ്ടായിരിക്കണമെന്നമാത്രം. കത്തോലിക്കാസമുദായികതാല്പര്യങ്ങളെ പരിരക്ഷിക്കുകയെന്ന എ.കെ,സി.സിയുടെ പ്രഖ്യാപിത ഉദ്ദേശ്യം ഒരു ക്രിയാത്മകമായ കത്തോലിക്കാസംഘടനക്കു രൂപം കൊടുക്കുവാൻ മതിയാവില്ല. അതുകൊണ്ടു ഇക്കാര്യം വീണ്ടും പരിചിന്തിക്കേണ്ടതാണു് എന്നു തോന്നുന്നു.

"ചാകാത്തവരെ കുഴിച്ചിടരുതു്!"

ഈ തലക്കെട്ടിൽ മത്തായിച്ചേട്ടന്റെയും തൊമ്മിക്കുഞ്ഞിന്റെയും സാഭാഷണം ഒക്ടോബർ ലക്കത്തിൽ പ്രസിദ്ധികരിച്ചിരുന്നല്ലോ. മത്തായിച്ചേട്ടന്റെ വാദം സ്വീകാര്യമല്ല. മരിക്കുന്നതിനുമുമ്പു എ.കെ.സി.സിയുടെ ശവസംസ്കാരം നടത്തരുതെന്നു വാദിക്കുന്നതുതന്നെ എ.കെ.സി.സി അർഹിക്കാത്ത ഒരു ആക്ഷേപമാണു്. തൊണ്ണൂറ് എത്തി വാർദ്ധക്യരോഗങ്ങളും ബാധിച്ചിരിക്കുകയാണെന്നു സമ്മതിച്ചാൽപിന്നെ എ.കെ.സി.സിയുടെ നിലയെന്താണു്? വാസ്തവത്തിൽ യൗവനപ്രായമെങ്കിലും ക്ഷീണഗാത്രനെന്നു മാത്രമേ പറയേണ്ടതുള്ളൂ. തക്കപോഷണവും, കുത്തിവെയ്പും, ധാരാളം വ്യായാമവും നൽകിയാൽ മിടുക്കനായിക്കൊള്ളും. എന്നാൽ തൊമ്മിക്കുഞ്ഞിന്റെ വേദാന്തവും വിസ്മരിത്തമാണു്. ക്ഷീണഗാത്രനായ 25—കാരനെ സുഖപ്പെടുത്തിയെടുക്കുന്നതാണൊ, അതോ ഒരു പുതിയ ശിശുവിനു ജന്മംകൊടുത്തു് ജീവിതത്തിന്റെ അപായങ്ങളിൽകൂടി 25 വയസ്സുവരെ വളർത്തിയെടുക്കുന്നതാണൊ കൂടുതൽ ശ്രമകരം?

ഏതായാലും ഒന്നു തീർച്ച. എ.കെ.സി.സിയിൽ ഇന്നു കാണുന്ന സ്വയം പരിശോധനകളും പരിചിന്തനങ്ങളും ശോഭനമായ ഒരു ഭാവിയെ വിരൽ ചൂണ്ടുന്നുണ്ടു്. ഇങ്ങനെയൊക്കെയാണെങ്കിലും തൊമ്മിക്കുഞ്ഞിന്റെ റിമാർക്കുകൾ എ.കെ.സി.സിയുടെ പരിപാടികളെപ്പറ്റി ഒരു പുനഃപരിശോധനയുടെ ആവശ്യകത വ്യക്തമാക്കുന്നുണ്ടു്. ആദർശവാന്മാരായ യുവാക്കൾക്കും ആവേശം കൊള്ളാവുന്നതായിരിക്കണം എ.കെ.സി.സിയുടെ പ്രേഷിതപരിപാടി, പക്ഷെ ഇവയെല്ലാം പ്രായോഗികമാകണമെങ്കിൽ എ.കെ.സി.സിയുടെ കേന്ദ്രപ്രവർത്തനംകൂടുതൽ കാര്യക്ഷമവും വിപുലവുമാകാതെ നിവൃത്തിയില്ല. Catholic Action ഗ്രൂപ്പുകൾ സംഘടിപ്പിക്കാൻവേണ്ട പ്രചോദനവും മാർഗ്ഗദർശ്ശനവും നൽകുന്നതിനു മുഴുവൻ സമയവും പ്രവർത്തിക്കുന്ന വൈദികരും അൽമായരും ഈ കേന്ദ്രസമിതിയിൽ ഉണ്ടായിരിക്കണം. വൈദികമേലദ്ധ്യക്ഷന്മാരുടെ കർമ്മപരമായ സഹകരണവും പ്രോത്സാഹനവും ആവശ്യമാണു്. അന്ധഭാവപൂർവ്വമായ വീക്ഷണം മാത്രം മതിയാവില്ല.

കത്തോലിക്കർമാത്രം സംഘടിതരല്ലെന്നോ?

പലപ്പോഴും കേൾക്കാറുള്ള ഒരാവലാതിയുണ്ടു്. എൻ. എസ്സ്. എസ്സ്, എസ്സ്. എൻ. ഡി.പി. മുതലായവ ശക്തമായ സംഘടനകളാണെന്നും, കത്തോലിക്കർക്കുമാത്രം ഉറച്ച സംഘടനയില്ലെന്നും. എന്നാൽ യഥാർത്ഥ്യമെന്താണു്? വേറെ ഏതൊരു സമുദായത്തിനാണു് നമ്മെപ്പോലെ സംഘടനാബലമുള്ളതു്? നാം എല്ലാ ഞായറാഴ്ചയും പള്ളിയിൽ ഒന്നിച്ചുകൂടുന്നതുപോലെ ആഴ്ചതോറും സമ്മേളിക്കാറുള്ള സമുദായമേതുണ്ടു്? ഒരു മെത്രാന്റെ വാക്കുകൾ അടുത്ത ഞായറാഴ്ച എല്ലാ കത്തോലിക്കരും അറിഞ്ഞു കഴിഞ്ഞു. അതുകൊണ്ടുതന്നെയല്ലേ കത്തോലിക്കാ സമുദായത്തിനു്, ഇതിൽനിന്നും വ്യക്തമാണു് സംഘടനയില്ലായ്കയല്ല പ്രധാന കുഴപ്പമെന്നു്. സഭയുടെ കാര്യങ്ങളിൽ സമുദായം മുഴുവൽ കാര്യക്ഷമമായി പങ്കെടുക്കുവാൻ പോരുന്ന പ്രവർത്തനയന്ത്രമില്ലെന്നുള്ളതാണു് പ്രശ്നം. ഒരുമെത്രാനല്ലാതെ വേറെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ എല്ലാവരും കേൾക്കുവാൻ വേണ്ട ഉപാധികളില്ല.

അൽമായനേതൃത്വം

പക്ഷെ നമ്മുടെ സമുദായസംഘടനയെ എസ്സ്.എൻ. ഡി.പി.യോടോ എൻ. എസ് എസ്നോടോ ഒരേനിലയിൽ താരതമ്യം ചെയ്യേണ്ടതല്ല. ആസംഘടനകളെ സംബന്ധിച്ചിടത്തോളം നേതൃത്വം അടിസ്ഥാനപരമായിതന്നെ സാമുദായികമാണു്, അവൈദികമാണു്, മതപരവും ധാർമ്മികവുമായ ഒരു നേതൃത്വത്തിനു അവിടെ വലിയ പ്രസക്തിയില്ല. ഹൈന്ദവർക്കും മതംതന്നെ സമുദായത്തിന്റെ അടിസ്ഥാനത്തിലാണു്, ക്രൈസ്തവർക്കു മറിച്ചാണു്. സമുദായം മതത്തിന്റെ അടിസ്ഥാനത്തിൽ നിലകൊള്ളുന്നു. അതുകൊണ്ടു് കത്തോലിക്കാസഭക്കു് ദൈവീകസ്ഥാപനത്തിൽ തന്നെ അഭിഷിക്തമായ ഒരു നേതൃത്വമുണ്ടു്. അതാണു് ഹൈരാർക്കി. തന്മൂലം കത്തോലിക്കാസഭയിൽ സമുദായികമായ അത്മായ നേതൃത്വത്തിനു അതിന്റേതായ മണ്ഡലമുണ്ടെങ്കിലും അതു ഹൈരാർക്കിയുടെ നേതൃത്വത്തിനു സമാന്തരമായ ഒന്നല്ല, മറിച്ചു അതിനോടു സംഘടിതവും പല രംഗങ്ങളിൽ വിധേയവും ആയിരിക്കേണ്ട ഒന്നാണു്, ഹൈരാർക്കിയോടു ഉറ്റ ബന്ധമില്ലാത്ത നേതൃത്വത്തെ കത്തോലിക്കാ ജനത പ്രായേണ അനുകൂലിക്കയോ അംഗീകരിക്കയോ ചെയ്യില്ല. ഈ വസ്തുത മറന്നുകൊണ്ടുള്ള ചിലഉപരിപ്ലവമായ ചിന്താഗതികൾ കേട്ടതുടങ്ങിയിട്ടുണ്ടു്. അതുകൊണ്ടു് ഇതുമാ പറഞ്ഞതാണു്.

കത്തോലിക്കാസമുദായം ഇന്നു നിവർത്തിക്കേണ്ട കർത്തവ്യങ്ങൾ അതു യഥാർഹം നിർവഹിക്കുന്നില്ലെങ്കിൽ, ഹൈരാർക്കിയെയും വൈദികരെയുംപോലെതന്നെ അൽമായരും അതിനു് ഉത്തരവാദികളാണെന്നാണു് എനിക്കു തോന്നുന്നതു്. പലരെയും സംബന്ധിച്ചു ഇതിനൊരു കാരണവും എനിക്കുണ്ടു് നേതാക്കന്മാരാവുന്നവർക്കു നമ്മുടെ നാട്ടിൽ വേണ്ടതിൽകൂടുതൽ പദവിയും പ്രോത്സാഹനവും അന്ധമായി നൽകപ്പെടുന്നുണ്ടെന്നു് എനിക്കു തോന്നിപ്പോകുന്നു. നേരറിയിൽ കരിശ്ശുവരക്കാത്തവരാണു് വികാരിയച്ചന്റെ പ്രസംഗങ്ങളും കുഴമ്പില്ലാത്തവയാണെന്നു കൂടുതൽ പറഞ്ഞു നടക്കുന്നതു. ഒരു പൈസാ ധർമ്മം കൊടുക്കാത്തവർക്കാണു് പള്ളിയിലെ വെള്ളിക്കുരിശിനെക്കുറിച്ചു കൂടുതൽ ഉത്കണ്ഠാവുന്നതു്. വലിയ ബഹളമുണ്ടാക്കാതെ തന്നെ നിശ്ശബ്ദമായും ക്രിയാത്മകമായും വല്ലതും ചെയ്യുന്നവരോടു സഹകരിക്കാൻ മാത്രം ആളുകളില്ല. സ്വന്തം പ്ലാനനുസരിച്ചു മറെല്ലാവരും ചാടിയിറങ്ങണമെന്നാണു് മിക്കവർക്കും നിർബന്ധം. വസ്തുനിഷ്ഠമായി ചിന്തിച്ചെങ്കിലേ നേതൃത്വം അധികാരഭ്രമമാകാതിരിക്കൂ; നേതൃത്വമായുള്ള സഹകരണം അഭിമാനകരമാവൂ. വൈകാരികമായ മുൻവിധികളില്ലാത്ത ശാസ്ത്രീയമായ ഒരു വീക്ഷണവും മനോഭാവവുമാണു് ഇവിടെയും ആവശ്യം.

കുറെ വെളിച്ചത്തിന്റെ ആവശ്യമുണ്ട്

(തലയോലപ്പറമ്പു സേവ്യർ)

തികച്ചും വിസ്മയകരമായ ഒരു മാനസ്സികാന്തരീക്ഷം. അധ:പ്പതിക്കുന്നതു് ആനന്ദകരമായി തോന്നുകയെന്നു വന്നാൽ, അധ:പ്പതനം ഒരു നേട്ടമായി കണക്കാക്കുകയെന്നുവന്നാൽ, അത്തരമൊരന്തരീക്ഷം സംജാതമാകത്തക്കവിധം ഒരു സമുദായത്തിന്റെ മാനസ്സികഘടനയ്ക്കു മാറ്റംവരുകയെന്നുവന്നാൽ, അതൊരു വലിയ അത്ഭുതംതന്നെയാണു്. ഈ അത്ഭുതമാണു് ഇന്നു കേരളകത്തോലിക്കാസമുദായത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതു്. അനുഭവിച്ചറിഞ്ഞിട്ടും, തങ്ങളം അധ:പ്പതിയ്ക്കുകയാണുചെയ്യുന്നതെന്ന ബോധംപോലും ഉണ്ടാകാത്ത ഒരു സമുദായത്തിനു് ഈ ഇരുപതാം നൂറ്റാണ്ടിൽ ജീവിക്കാൻ അർഹതയുണ്ടോയെന്നുപോലും സംശയമാണു്. തൊഴിലാളിയാകട്ടെ, കർഷകനാകട്ടെ, മുതലാളിയാകട്ടെ, ബുദ്ധിയുള്ള ജീവിയോ ബുദ്ധിയില്ലാത്ത ജീവിയോ ആരുമായിക്കൊള്ളട്ടെ, അധ:പ്പതനത്തിന്റെ വിഷബീജങ്ങളംനിറഞ്ഞ വായുശ്വസിച്ചു് അവന്റെ ആത്മാവും ശരീരവും തളരുമ്പോഴം അതു് മനസ്സിലാക്കുവാൻ അവനു കഴിയുന്നില്ലെങ്കിൽ, അതിനു പ്രതിവിധി കാണുവാൻ അവനു സാധിക്കുന്നില്ലെങ്കിൽ, ഒരു മഹാ വിപത്തിന്റെ മായാ വലയത്തിൽ അവർ കുടുങ്ങിയിരിക്കുന്നു എന്നുവേണം മനസ്സിലാക്കുവാൻ. കാരണം, അവരുടെ തളർച്ച അവർക്കുതന്നെ ബോധ്യപ്പെടുന്നില്ല.

ഈ വാദഗതിയ്ക്കു വിരുദ്ധമായ അഭിപ്രായവും ഉണ്ടായേക്കാം. സമുദായത്തിന്റെ തളർച്ചയെക്കുറിച്ചു് തികച്ചും ബോധവാന്മാരാണെല്ലാവരുമെന്നും, എല്ലാവരും ഉത്കണ്ഠാഭരിതരാണെന്നും മറും വിശദീകരണങ്ങളുണ്ടായേക്കാം. എന്നാൽ ഈ വാദത്തിനു ശക്തിലഭിക്കത്തക്കവിധത്തിലുള്ള യാതൊരുവിധ ചലനവും സമുദായത്തിലിന്നില്ലെന്നു സമ്മതിച്ചേ മതിയാകൂ. തൊഴിലാളിയാണെങ്കിൽ അവന്റെ അദ്ധ്വാനിയ്ക്കുന്നതല്ലാതെ അതിൽനിന്നു മുക്തിനേടുവാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോയെന്നുപോലും ചിന്തിക്കുന്നില്ല. വിശക്കുന്ന കുഞ്ഞുങ്ങളുടെ കണ്ണീർ കാണുമ്പോഴം അവൻ ചിലപ്പോഴം നിരപരാധിയായ ദൈവത്തെ ശപിക്കുവാൻ തയാറായേക്കാം. ഇതെന്റെ വിധിയാണെന്നോർത്തു് സ്വയം നിരാശനായേക്കാം ഭ്രമിയിൽ ഈവിധമുള്ള ക്ലേശങ്ങളം സഹിച്ചുകൊള്ളണമെന്നു് താൻ ജനിച്ചപ്പോഴം ദയയില്ലാത്ത ദൈവം ''എഴുത്തുകോൽ''കൊണ്ടു് ക്രൂരമായി തന്റെ തലയിൽ എഴുതിയിട്ടുണ്ടെന്നു് അവൻ കരുതിയേക്കാം. ആ വിശ്വാസം അവനെ നിരാശനാക്കുന്നു. ആ നിരാശ അവന്റെ മനസ്സിന്റെപ്രസന്നത മുഴുവനും നശിപ്പിക്കുകയും അങ്ങിനെ ചൈതന്യരഹിതവും അസ്വസ്ഥതനിറഞ്ഞതുമായ ഒരു അനിശ്ചിതത്വബോധം അവന്റെ മനസ്സിൽ താവളമടിക്കുകയും ചെയ്യുന്നു. മനസ്സിന്റെ ഈ അസ്വസ്ഥത ശരീരത്തിന്റെ ചൈതന്യത്തെപ്പോലും ബാധിക്കും. മാതാപിതാക്കന്മാരുടെ മനസ്സിലും രക്തത്തിലും ലീനമായിരിക്കുന്ന ഈ പരാജയബോധം അവരുടെ സന്തതികളിലേക്കും ബാധിക്കും. തൊഴിലാളികളിൽ മാത്രമല്ല, തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന കഷ്കജീവിതത്തിന്റെനടുവിൽ വീർപ്പുമുട്ടി ജീവിക്കുന്ന സാധാരണക്കാരായ കൃഷിക്കാരിലും, വേദനിപ്പിക്കുന്ന വിഷമപ്രശ്നങ്ങൾക്കു പരിഹാരം കാണുവാൻ നിവൃത്തിയില്ലാതെ ജീവിതം സ്തംഭിച്ചുനിൽക്കുന്നതായനുഭവപ്പെടുന്ന ഇടത്തരക്കാർക്കുമെല്ലാം അനുഭവപ്പെടുന്നതായിക്കാണുന്ന അപൽക്കരമായ ഒരു മാനസ്സികാവസ്ഥയാണിതു്..

മൈതാനപ്രാസംഗികന്മാർക്കും, ജനനേതാക്കന്മാർക്കും, ദന്തഗോപുരങ്ങളിലിരിക്കുന്ന ബുദ്ധിജീവികൾക്കും, പിതാക്കന്മാരുടെ സമ്പത്തുകൊണ്ടു് സുഖിച്ചുവാഴുന്ന ഭ്രമിയിലെ ഭാഗ്യവാന്മാർക്കും മറും ഇന്നു കത്തോലിക്കാസമുദായത്തിൽമാത്രം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന ഈ പരാജയബോധവും നിരാശയും മനസ്സിലാക്കുവാൻ സാധിക്കുകയില്ലായിരിക്കാം. എന്നാൽ സാധാരണജനങ്ങളുടെ ഹൃദയത്തുടിപ്പുകളം മനസ്സിലാക്കുവാൻ ശ്രമിക്കുന്നവർക്കു് ഈ വസ്തുത വ്യക്തമായി മനസ്സിലാകും. അധ:പതിക്കുന്നതു് ആനന്ദകരമായിത്തോന്നുക, അതും വിജയമായാഘോഷിക്കുക—ഈ പോക്കു് ആപത്താണെന്നു പറഞ്ഞാൽ, അങ്ങനെ പറയുന്നവർ ''തലതിരിഞ്ഞ''വരാണെന്നു വാദിക്കുക, അല്ലെങ്കിൽ ''നീയാരാ ഞങ്ങളെ പഠിപ്പിക്കാൻ?'' എന്നു ധിക്കാരവും അജ്ഞതയും നിറഞ്ഞ മനോഭാവം പ്രകടമാക്കുക, അതുമല്ലെങ്കിൽ ''പിന്നെ ഇനി ഇവനൊക്കെയാ സമുദായത്തെ നന്നാക്കാൻ പോകുന്നെ'' എന്നു വിളിച്ചുപറഞ്ഞു് സ്വയം നശിക്കുകയും മറുള്ളവരെ നശിപ്പിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യുക, ഇതെല്ലാം ലോകചരിത്രത്തിൽ അപൂർവ്വമായി മാത്രം കണ്ടിട്ടുള്ള അത്ഭുതകരമായ അധ:പ്പതനങ്ങളുടെ ലക്ഷണങ്ങളാണു്. വളരെ വിരളമായേ സമുദായങ്ങളെ ഇത്തരമൊരു മനോഭാവം പിടികൂടാറുള്ളു. കേരളത്തിലെ കത്തോലിക്കാസമുദായത്തിലാകെ അധ:പ്പതനത്തിന്റെ ഈ മുന്നറിയിപ്പുകളം സ്പഷ്ടമായി ഇന്നു കാണുകയും കേൾക്കുകയും ചെയ്യാം.

വെറും മൃഗങ്ങളെപ്പോലെ അടിമത്വത്തിനു വിധേയമായിരുന്ന സമൂഹങ്ങളുണ്ടു്. പല തലമുറകളം അടിമത്വത്തെ മാറുവാനാകാത്ത ഒരു സദാചാരമായി കരുതിയിട്ടുമുണ്ടു്. എങ്കിലും കാലത്തിന്റെ തികവിൽ, ചരിത്രത്തിന്റെ ഗതിയിൽ, അടിമത്വം സദാചാരമല്ലെന്നും, ഈശ്വരവിധിയല്ലെന്നും മനസ്സിലാക്കി മനുഷ്യന്റെമേൽ നടത്തുന്ന ആ മൃഗീയവാഴ്ചയെ മനുഷ്യൻതന്നെ അവസാനിപ്പിച്ചതായാണു ചരിത്രം. അ

കത്തോലിക്കാ സോഷ്യൽ കൗൺസിൽ

നാം ഉന്നംവെച്ച പ്രവർത്തിക്കേണ്ട ചില വസ്തുതകളെയും ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഏതു രംഗത്തിലായാലും യഥാർത്ഥമായ സ്വാധീനം ആർക്കെല്ലാമുണ്ടോ അവരെല്ലാവരെയും ഉൾക്കൊള്ളുന്നതു. പ്രതിനിധാനംചെയ്യുന്നതുമായ ഒരു Catholic Social Council നമ്മുടെ ഒരാവശ്യമാണു്. എ.കെ.സി.സിയുടെ പ്രതിനിധികളും, രൂപതാദ്ധ്യക്ഷന്മാരുടെയും സന്യാസ സമൂഹങ്ങളുടെയും പ്രതിനിധികളും, തെരഞ്ഞെടുക്കപ്പെട്ട പ്രഗത്ഭരായ വൈദികരും അൽമായരും ഈ കൌൺസിലിൽ ഉണ്ടായിരിക്കണം. ഇത്തരത്തിലുള്ള ഒരു സമിതിക്കുമാത്രമേ കത്തോലിക്കാ സമുദായത്തിന്റെ തനികരുത്തു പ്രയോഗത്തിൽ വരുത്തുവാൻ സാധിക്കുകയുള്ളു. അതു സമുദായത്തിന്റെ സംരക്ഷണത്തിനും പ്രേഷിതപ്രവർത്തനങ്ങൾക്കും ഉറച്ച അടിസ്ഥാനമായിരിക്കും.

ബുള്ളറിനെക്കുറിച്ചും ഒരുവാക്കു

എ.കെ.സി.സി ബുള്ളറിന്റെ നിലവാരമുയർത്തേണ്ടതിനെക്കുറിച്ചു ഞാൻ ചെയ്ത പ്രസ്ഥാവന ഒരു പക്ഷെ അപൂർണ്ണമായിരിക്കും. മാതൃഭ്രമിയെപോലെ ഈടുള്ള ഒരു വാരികയാക്കി ബുള്ളറിനെ ഉടനെ മാറിയെടുക്കാമെന്നല്ല എന്റെ വീക്ഷണം. അതിന്റെ നിലവാരം ക്രമാനുഗതമായി ഉയർത്തിയെടുക്കുകയും അതിന്റെ സ്വാധീനതാമണ്ഡലം വ്യാപിപ്പിക്കുകയും പ്രചരണം വർദ്ധിപ്പിക്കുകയും ചെയ്യാൻ സാധിക്കുമെന്നാണെന്റെ പക്ഷം. സജീവവും സംഘടിതവുമായ എ.കെ.സി.സി ശാഖകളം നാട്ടു നീളെ രൂപം കൊള്ളുമ്പോഴം ബുള്ളറിനു പുതിയൊരു പേരിൽ പ്രപൂരപ്രചാരം സുസാദ്ധ്യമായി തീരുമെന്നുപ്രതീക്ഷിച്ചുകൂടെ?

ഫാ. വെർണർ, സി, എം. ഐ.

ഉദ്ദേശ്യനൈർമ്മല്യമവശ്യമാർക്കും

(ജോസഫ് സി. റെറി.)

1

ഒരിക്കലുംസ്ഥൂലകൃശതവേണ്ടപോലെ
സക്കാരിനാൽസ്ഥാപിതമാകയില്ല;
അതിനുത്തരവാദികെട്ടിടമെത്രവേണം!
അദ്ധ്യാപകപ്രശ്നവുമഗ്രമല്ലോ?

2

മാസം പ്രതിശ്ശമ്പളമേകിടേണ്ട—
തോത്താൽകുറച്ചല്ലയുപോലെവേറെ
ഓരോതരത്തിൽച്ചെലവെത്തുമാത്രം
സ്ഥൂലിൻനടത്തിപ്പിനുവേണ്ടിയുണ്ടാം!

3

സക്കാർ, പണത്തിൻകുറവൊന്നിനാലേ;
വെടിഞ്ഞിടുന്നുപലനിശ്ചയങ്ങളും;
തുടങ്ങിയിട്ടുംപണിപൂർത്തിയാക്കാ,
സ്വശക്തിനോക്കാത്തജളൻകണക്കെ!

4

മുമ്പോട്ടുനോക്കാതെയെടുത്തുചാടി—
ല്ലൊരിക്കലുംതന്നെവിവേകമുള്ളോർ;
പതിച്ചിടുംനാംകുഴിയിൽച്ചിലപ്പോഴും
സുബോധമോടായതുനോക്കിടാഞ്ഞാൽ.

5

പണംകിടച്ചാൽപലതുണ്ടുചെയ്യാൻ,
സക്കാരിനെന്നുംപണമാണാവശ്യം;
വ്യയംകുറയ്ക്കാതെപണംവരില്ല;
വ്യയംകുറയ്ക്കാൻസുഖമാർഗ്ഗമില്ലേ?

6

തുറന്നുകാര്യംപറയുന്നപക്ഷ—
മാക്ഷേപിടിക്കി, ല്ലുരിവ്വന്ദമേറും;
എന്നാലെനിക്കില്ലിഹഭീതിതെല്ലും,
സത്യംജയിക്കുന്നതൊടുക്കമാകാം.

7

അസൂയയുംഗർവ്വുമാക്കുമയ്യോ!
വരുത്തുമാന്ധ്യം, വഴിദൃശ്യമാകാ;
മദ്യംകഴിച്ചാൽബുധനുംസുബോധം
നശിച്ചുസത്യചിന്തയസാദ്ധ്യമല്ലോ?

8

വിദ്യാലയംപണ്ടുനടന്നപോലെ
നടന്നിടാൻവ്യക്തികളേറെയിട്ടെ.
പ്രൈവറ്റുമാനേജരെമാറി, സക്കാർ
നടത്തിയിട്ടുംഗ്രണമെന്തുകിട്ടി?

9

വിദ്യാലയംപൂർണ്ണമാർഗ്ഗമായി—
ത്തീന്നാലുടൻശിക്ഷകൊടുക്കുവേണം;
കുറഞ്ഞുംചെയ്യുന്നവനാണുശിക്ഷ—
യർഹിപ്പു, തന്യക്തുനീതിയല്ല.

10

അവശ്യമാംസ്ഥൂലകൃശതക്കപോലെ
നടത്തുവാൻവേണ്ടൊരുസംഖ്യസക്കാർ
മേലാൽവ്യയംചെയ്യരുതെന്നുവച്ചാൽ
ധാരാളമാം, 'പദ്ധതികൃശ'ക്കുവിത്തം.

11

യഥോചിതംഫീസ്സുപിരിച്ചുപള്ളി—
ക്കൂടംനടത്താൻജനകീയസക്കാർ
സദ്വ്യക്തികൃശക്കായനുദിനമേകാൻ
സന്നദ്ധമായാലുതുതാൻവിവേകം.

12

അധഃപതിച്ചോരെയുയർത്തിടാനായ്
തടഞ്ഞിടേണ്ടെന്യരുയർന്നിടുമ്പോഴും;
കുവർച്ചചെയ്യുന്യരെയുദ്ധരിക്കാൻ
ധനംകൊടുത്താലുതു 'ദാന'മാകാ.

13

പ്രൈവറ്റുവിദ്യാലയ'മാനദണ്ഡം'
മുമ്പേതിനെക്കാളുമയന്നതില്ലേ?
ഹാ! പൊന്നുസക്കാർ, ഇനിയീഷ്യവിട്ടു
വിശാലബുദ്ധ്യാപെരുമാറുകില്ലേ?

14

വിദ്യാവിഹീനക്തുനൽകിടാനായ്
പുരാശ്രമിച്ചോക്ധുനാലഭിക്കും
കൃതഘ്നതയ്ക്കില്ലതിരെന്തുചെയ്യാം!
പരോപകാരത്തിനുശിക്ഷയുണ്ടോ?

15

പൈശാചികം, നാശമസൂയയാക്കും
വരുത്തുമോത്താലുതുവജ്രനീയം;
അസൂയതൻപാത്രമൊരിക്കലുംതാൻ
നശിക്കയില്ലീശനുശക്തിയില്ലേ?

തുപോലെതന്നെ സുഖലോലുപതയിലും. അന്ധവിശ്വാസങ്ങളിലും മനുഷ്യത്വരഹിതമായ ജീവിതരീതികളിലും മുഴുകി, ചരിത്രത്തിന്റെ ഗതിയെന്തെന്നറിയാതെ കാലത്തിന്റെ ആവശ്യമെന്തെന്ന മനസ്സിലാക്കാതെയും കാലം കഴിച്ചിരുന്ന സമ്പന്നവർഗ്ഗങ്ങളും തകർച്ചയുടെ സകലവിധ ഭയാനകതകളും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. സ്വതന്ത്രസമുദായങ്ങളും അസ്വതന്ത്രമായിട്ടുണ്ട്. അന്തരീക്ഷത്തിന്റെമാറ്റം, സമൂഹത്തിന്റെ ദാഹം, മനുഷ്യഹൃദയങ്ങളുടെ ചലനങ്ങളും ഇവയെല്ലാം കാലേകൂട്ടി മനസ്സിലാക്കി വിളിച്ചുപറയുന്നവരുടെ ശബ്ദങ്ങളേയും താക്കീതുകളേയും വിവേകരഹിതമായി വ്യാഖ്യാനിക്കുകയും കുറച്ചുകാണുകയും ചെയ്തുകൊണ്ട്, പിതാമഹന്മാരുടെ പ്രതാപങ്ങളിൽ മാത്രം മഹത്വം കണ്ടെത്തി, പിതാക്കന്മാർ സമ്പാദിച്ച ധനം കൊണ്ടുമത്രം ജീവിതസുഖമനുഭവിച്ചു, അല്ലെങ്കിൽ എങ്ങിനേയും സമ്പാദിച്ച ധനത്തിന്റെ കരുത്തിൽ മനുഷ്യത്വം മരവിച്ചു, കേവലം അന്ധമായ ജീവിതംനയിക്കുന്നവർക്ക് ഒരിക്കലും ചരിത്രത്തിന്റെ പരിവർത്തനങ്ങൾക്കുവിധേയരായി നമ്മുടെ മണ്ഡലത്തിലേയ്ക്കുയരുവാൻ സാധിക്കുകയില്ല. മനുഷ്യവർഗ്ഗപുരോഗതിയുടെ പ്രയാണത്തിൽ, കാലത്തിന്റെ പരീക്ഷണങ്ങളെ അതിജീവിക്കുവാൻ കെല്പില്ലാതെ തകർന്നുവീഴുന്ന സമുദായങ്ങളും ഉണ്ടായിട്ടുണ്ട്. എന്നാൽ ബുദ്ധിജീവികളുടെ മുന്നറിയിപ്പുകൾക്കു ചെവികൊടുത്തു് നാശത്തിന്റെ കന്തത്ത പ്രവാഹത്തിൽനിന്നുരക്ഷപ്പെട്ടുവാൻ ഭാഗ്യമുണ്ടായിട്ടുള്ള സമുദായങ്ങളുമുണ്ട്.

കേരളത്തിലെ കത്തോലിക്കാസമുദായം ഒരു നാശത്തിന്റെ പ്രവാഹത്തിൽ ഇന്നകപ്പെട്ടിരിക്കുകയാണു്. എന്നാൽ ഈ സത്യം സമുദായത്തിനുതന്നെ ബോധ്യമായിട്ടില്ലെന്നുള്ളതാണു് ഒരു വൈരുദ്ധ്യം. തകർച്ചകളെല്ലാം ദൈവത്തിന്റെ വിധിമാത്രമാണെന്നാണു് അധികം പേരുടെയും വിശ്വാസം. ആപത്തിന്റെ നടുവിൽ അകപ്പെട്ടിട്ടുപോലും അതു മനസ്സിലാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ അത്തരമൊരു മനോഭാവത്തെക്കുറിച്ചു് എന്തു പറയണമെന്നു് എനിയ്ക്കു് നിശ്ചയമില്ല. എന്താണീയാപത്തു്? അതു് പ്രധാനമായും സാമ്പത്തികവും സാ

മുദായികവുമായ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. കഴിഞ്ഞ ഒരു ദശകത്തിനുള്ളിലെ ചരിത്രം മാത്രമെടുക്കാം. കേരളത്തിൽ മറ്റു സമുദായങ്ങൾക്കു് ഈ കാലയളവിൽ ഉണ്ടായിട്ടുള്ള പുരോഗകിയും, കത്തോലിക്കാസമുദായത്തിനു സാമുദായികാടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതിയുംതമ്മിൽ തുലനംചെയ്തു നോക്കുമ്പോൾ കാണാം കത്തോലിക്കാസമുദായത്തിന്റെ പുരോഗതി മറ്റുള്ളവയെ അപേക്ഷിച്ചു് വളരെയേറെ മന്ദഗതിയിലാണെന്നു്. മാത്രമല്ല, ഒരുവിധത്തിൽ, സാമ്പത്തികവും സാമൂഹ്യവുമായ രംഗങ്ങളിൽ ഒരുതരം അധോഗതിയാണു് അനുഭവപ്പെടുന്നതും. കാലാനുസൃതമായി ഉണ്ടാകേണ്ട പുരോഗതി ഉണ്ടായിട്ടില്ലെന്നു സാരം.

ഒരുതരം സ്തംഭനാവസ്ഥയുടേയും, പരാജയബോധത്തിന്റെയും, നൈരാശ്യത്തിന്റെയും അപകടചലനങ്ങളാണു് സമുദായത്തിലാകെ ഇന്നു ദൃശ്യമാകുന്നതു്. കത്തോലിക്കർ അഭിമാനത്തോടുകൂടി ചൂണ്ടിക്കാണിക്കാറുള്ള വിദ്യാഭ്യാസരംഗത്തു പോലും ഈ സ്തംഭനാവസ്ഥ പ്രകടമായി കാണാം. സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥാപനക്കാര്യത്തിൽ മാത്രമല്ല സമുദായത്തിലെ കുട്ടികളുടെ വിദ്യാഭ്യാസക്കാര്യത്തിൽപ്പോലും ഈ അലസത ഇന്നു കാണുവാനുണ്ടു്. ഇതു മനസ്സിലാക്കണമെങ്കിൽ തൊഴിലാളികളുടെയും കൃഷകരുടെയും ഭവനങ്ങളിലേക്കു ശ്രദ്ധതിരിക്കണം. നമ്മുടെ സമുദായത്തിലെ നിരവധി കുട്ടികൾ പലവിധ കാരണങ്ങളാൽ പ്രാഥമിക വിദ്യാഭ്യാസംപോലും പൂർത്തിയാക്കാതെ ജീവിതരംഗത്തേയ്ക്കിറങ്ങുന്നതായിക്കാണാം. മറ്റു സമുദായങ്ങളിൽ ഇതേഅനുഭവംതന്നെ ഉണ്ടാകുന്നുണ്ടെങ്കിലും, ആ അനുഭവത്തിന്റെ ശക്തി മറ്റു സമുദായങ്ങളെ അപേക്ഷിച്ചു് ഇന്നു കത്തോലിക്കാസമുദായത്തിൽ കാലാനുസൃതമായ പ്രതീക്ഷയ്ക്കു വിപരീതമായി വളരെയേറെ ശക്തിയോടുകൂടി ഉണ്ടാകുന്നുണ്ടെന്നു് കാണാവുന്നതാണു്. കാലാനുസൃതമായ വേഗതയ്ക്കു വിധേയമാകാതെ വിദ്യാഭ്യാസരംഗത്തുപോലുമുള്ള ഈ മന്ദഗതിയെപ്പറ്റിപ്പോലും ഒരു ബോധം സമുദായത്തിലുണ്ടാകുന്നില്ലെന്നുള്ളതാണു് മറ്റൊരു വിചിത്രത. ഈ രീതിയിലുള്ള അനുഭവങ്ങളുടെ അനന്തരഫലം വിപൽക്കരമായിരിക്കുമെന്നും, ഈ രീതിയിലുള്ള മന്ദഗതി ഭയാനകമായ ഭാവിയെ സൂചിപ്പിക്കുന്ന അടയാളങ്ങളാണെന്നും മനസ്സിലാക്കാനുള്ള കാര്യവിവരം എന്തുകൊണ്ടോ സമുദായത്തിൽ കാണുന്നില്ലെന്നുള്ളതു് ഒരു ദുഃഖസത്യമാണു്.

ഈ അധഃപ്പതനം ആരുകാണുന്നു? ആരെങ്കിലുംകണ്ടാൽത്തന്നെ ഒട്ടുവളരെ ക്രൈസ്തവസ്കൂളുകളും കോളേജുകളും ചൂണ്ടിക്കാണിച്ചുകൊണ്ടു് ''ഇതാണോ അധഃപതനത്തിന്റെലക്ഷണങ്ങൾ?'' എന്നു വീമ്പടിക്കുവാനല്ലാതെ പ്രശ്നങ്ങളുടെ സത്യസ്ഥിതി മനസ്സിലാക്കിവരുവാനിരിക്കുന്നആപത്തിൽനിന്നു രക്ഷപെടുവാൻ മനഃപൂർവ്വം ശ്രമിക്കുവാനുള്ള ദീർഘവീക്ഷണമോ സമുദായസ്നേഹമോ ആർക്കുമാർക്കും ഇല്ലതാനും, എല്ലാവരും സുഷുപ്തിയിൽ ലയിച്ചിരിക്കുമ്പോൾ ആരെങ്കിലും ''അധികപ്രസംഗം'' ഇത്തരം കാര്യങ്ങളും പറഞ്ഞാൽ ആരു കേൾക്കുവാനാണു്? പക്ഷെ ഒരു സത്യമുണ്ടു്, ഈ രീതി നിലനില്ക്കുകയാണെങ്കിൽ, കേരളത്തെ വിദ്യാസമ്പന്നമാക്കിയ കത്തോലിസ്സാസമുദായം, കേരളത്തിൽ വിദ്യാഭ്യാസരംഗത്തു് ഏറ്റവുമധികം പുറകിൽനിൽക്കുന്ന ഒരു സമുദായമായി പരിഗണിക്കുവാൻ അധികകാലം വേണ്ടിവരുകയില്ല. ''അടുത്ത തലമുറയിലല്ലേ, പിന്നെ നമുക്കെന്തു?'' എന്ന സമാധാനപ്പെട്ടു് ഇതിലും ആനന്ദം കണ്ടെത്തുന്നവർ കണ്ടേക്കാം. ഈ അവസരത്തിൽ ഒരു സുപ്രധാനകാര്യം വ്യക്തമാക്കേണ്ടിയിരിക്കുന്നു. കേരളത്തിലെ സാധാരണക്കാരുടെ ഈ പരിതസ്ഥിതികൾക്കുള്ള കാരണങ്ങളിൽ പ്രധാനമായതു് തികച്ചും സാമ്പത്തികമാണു്. സാധാരണക്കാരുടെ സാമ്പത്തികമായ നിലപാടു് കാലാനുസൃതമായി അഭിവൃദ്ധിപ്പെടാതെ അനുദിനം വഷളായിവരുന്നുവെന്നു സാരം. മറ്റു സമുദായങ്ങളിൽ നേരേ മറിച്ചും.

കത്തോലിക്കരുടെ ജീവിതത്തിനു് കേരളത്തിൽ ഉണ്ടായ്വും ഉന്മേഷവും പ്രദാനംചെയ്തുകൊണ്ടിരിക്കുന്നതു് പ്രധാനമായും കാർഷികരംഗമാണു്. ആധുനികങ്ങളായ നിരവധി പ്രശ്നങ്ങൾനിമിത്തം കേരളത്തിൽ കൃഷകവൃത്തിയെമാത്രം ആശ്രയിച്ചുകൊണ്ടുള്ള ജീവിതം തീർത്തും പ്രയോജനരഹിതമായിരിക്കുമെന്നു് വ്യക്തമായിരിക്കുന്നു. പ്രത്യേകിച്ചു് സാധാരണ കൃഷിക്കാർക്കു് എന്തുകൊണ്ടെന്നാൽ സാമൂഹ്യഘടനയിലുണ്ടായ ഈ മാറ്റത്തിനു കൂടുതൽ വിധേയരാകുന്നതും, അന്തിന്റെ ദുരന്തഫലങ്ങൾ അനുഭവിക്കുന്നതും കൂടുതലായി സാധാരണക്കാരായ കൃഷിക്കാരായിരിക്കും. കത്തോലിക്കരിൽ അധികവും വെറും സാധാരണക്കാരായ കൃഷിക്കാരായതിനാൽ അവരുടെ സാമ്പത്തിക സ്ഥിതിയായിരിക്കും കൂടുതൽ തകരാറിലാകുക. അതിനു സംഭവിച്ചുകൊണ്ടിരിക്കുകയുമാണു്. എന്നാൽ ഇതിൽനിന്നു രക്ഷപ്പെടുവാനുള്ള മാർഗ്ഗമെന്താണെന്നു് ആരെങ്കിലും ചിന്തിക്കുന്നതായോ, ആ ചിന്തയുടെ ഫലങ്ങളനുസരിച്ചു് സംഘടിതമായി നീങ്ങുവാൻ ശ്രമിക്കുന്നതായോ യാതൊരു സൂചനയും ഇതുവരെ ലഭിച്ചിട്ടില്ല. ത്യാഗനിർഭരമായ സേവനം ആവശ്യമുള്ള ഇത്തരം രംഗങ്ങളിൽ ഇടപെട്ട ക്ലേശം സഹിക്കുന്നതിൽ ഭേദം മരിക്കുന്നതുവരെ എവിടെയെങ്കിലും സൈര്യമായി കഴിയുന്നതാണു നല്ലതെന്നു കരുതിനീങ്ങുന്നവരാണു് സമുദായത്തിലെ പ്രമാണിമാരിലധികവും. സമുദായഹൃദയത്തിൽ ഇത്തരമൊരു ചിന്താഗതിക്കു് കാര്യമായ സ്ഥാനമൊന്നുമില്ലെന്നുള്ളതാണു് മറ്റൊരു പ്രധാനകാര്യം.

ഇന്നത്തെ അന്തരീക്ഷത്തിൽ സംഘടിതമായ വ്യവസായപരിശ്രമങ്ങൾകൊണ്ടുമാത്രമേ സമുദായത്തിന്റെ സാമ്പത്തിക സുരക്ഷിതത്വം നിലനിൽക്കുകയുള്ളു. പക്ഷെ, എന്തുകൊണ്ടോ കത്തോലിക്കാസമുദായത്തിനുമാത്രം ഈ കാര്യം ഇനിയും ബോദ്ധ്യമായിട്ടില്ലെന്നു വേണം കരുതുവാൻ. നമ്മുടെ പിടിപ്പുകേടുകൊണ്ടും, ത്യാഗമില്ലായ്മകൊണ്ടും, അറിവില്ലായ്മകൊണ്ടും, സ്വാർത്ഥതകൊണ്ടും വരുത്തിവെയ്ക്കുന്ന ഈ തകരാറുകൾക്കെല്ലാം കാരണം ദൈവത്തിന്റെ തലയിൽ കെട്ടിവെച്ചതിനുശേഷം ''ദൈവത്തിനു [സൗകര്യമുണ്ടെങ്കിൽ രക്ഷിക്കട്ടെ!'' എന്ന മനോഭാവവുമായി കഴിഞ്ഞുകൂടുന്നതു് എത്രയോ ഭോഷത്വമാണു്! നൈരാശ്യവും, അലസതയും നിറഞ്ഞ ഈ മനോഭാവം സാധാരണക്കാരിലാണു് അധികമായിക്കാണുന്നതും. മനുഷ്യൻ ചെയ്യേണ്ടതു ചെയ്യാതെ ദൈവത്തെ ''വിരട്ടി'' കാര്യം നേടാൻ നടക്കുന്ന പടുവിഡ്ഢികളായി നാം അധഃപ്പതിച്ചിരിക്കുന്നു. ഈ അധഃപ്പതനത്തിലും ഒരാഘോഷത്തിന്റെ ആനന്ദം അനുഭവിക്കുന്നുമുണ്ടു്. എന്തൊരു വിചിത്രമായ മനോഗതിയാണിതു്?

ഉപദേശിക്കുവാൻ ഞാനഗ്രഹിക്കുന്നില്ല. തത്വങ്ങളും നിരത്തുവാൻ ഞാനിഷ്ടപ്പെടുന്നുമില്ല. ഉപദേശങ്ങളുടേയോ, തത്വങ്ങളുടെയോ കുറവുകൊണ്ടല്ലല്ലോ സമുദായത്തിനു് വൈഷമ്യങ്ങൾ വന്നുപെടുന്നതു്. സമുദായത്തിന്റെ വിവിധങ്ങളായ പ്രശ്നങ്ങളെക്കുറിച്ചു് വാചാലതയോടെ പ്രസംഗിക്കുന്നവരുണ്ടു്. വികാര തീവ്രതയോടെ എഴുതുന്നവരുണ്ടു്. ഇതെല്ലാം നല്ലതുതന്നെ. എന്നാൽ പ്രസംഗിക്കുക, എഴുതുക എന്നതിൽക്കവിഞ്ഞു യാതൊരു താല്പര്യവും ഇത്തരം പ്രസംഗകരിലും എഴുത്തുകാരിലും ഉള്ള അധികംപേർക്കും ഉള്ളതായിക്കാണുന്നുമില്ല. പൊതുജനങ്ങളുടെ ഇടയിൽ പ്രമാണിയാകുവാൻ വേണ്ടി, പത്രങ്ങളിലൂടെ പ്രസിദ്ധിനേടുവാൻ വേണ്ടിമാത്രം സമുദായത്തിനുവേണ്ടി മുതലക്കണ്ണുനീരൊഴുക്കുന്ന ഒരു തരം കപടക്കേന്മാരെക്കൊണ്ടു് ഇന്നു സമുദായം വീർപ്പുമുട്ടുകയാണെന്നതോന്നുന്നു. അവസരവാദികളുടേയും, സ്വാർത്ഥതാല്പര്യക്കാരുടേയും വിഹാരരംഗമാണു് ഇന്നു കത്തോലിസ്സാസമുദായം. പാവപ്പെട്ട കത്തോലിക്കർ എല്ലാം മൂകമായി സഹിക്കുകയും. ഈ പ്രശ്നത്തിൽ വൈദികാധികാരികളെ ഞാൻ ഉദ്ദേശിക്കുന്നില്ലെന്നുള്ള കാര്യം പ്രത്യേകം പ്രസ്താവിച്ചുകൊള്ളട്ടെ.

വിചിത്രമായ മറ്റൊരു വസ്തുതയും കൂടിയുണ്ടു്. മതരംഗത്തു് ഏറ്റവും മേറെ കരുത്തേറിയതും അത്ഭുതകരവുമായ ഐക്യം നിലനിറുത്തിപ്പോരുന്ന കത്തോലിസ്സാസമുദായം, സാമൂഹ്യവും സാമ്പത്തികവുമായ പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ആ ഐക്യത്തിന്റെ ഒരംശമെങ്കിലും നിലനിറുത്തുവാൻ സാധിക്കാത്ത വ്യക്തികളാൽ വികലമാക്കപ്പെട്ടുകയാണിന്നു കേരളത്തിൽ. ഇതിന്റെ കാരണം ചരിത്രപരമായിരിക്കാം. എങ്കിലും മറ്റൊരു സമുദായത്തിലും കാണാത്ത വിപുലമായ ഒരന്തരം—ഒരു അനൈക്യം— കത്തോലിസ്സാസമുദായത്തിന്റെ വീക്ഷണത്തിൽ കാണുന്നുണ്ടെന്നുള്ളതാണുവാസ്തു

ചെറുകഥ

ഓർമ്മകൾ അവശേഷിക്കുന്നു.....

(ജോസഫ് മേലിട്ട് അങ്കമാലി)

സമയം പാതിരായോടടുത്തു. മത്തുപിടിപ്പിക്കുന്ന ഇരുട്ട്. എങ്ങും നിറഞ്ഞ നിശ്ശബ്ദത. ലോകം മുഴുവൻ സുഖനിദ്രയിൽ ആണ്ടുകിടക്കുകയാണ്. പ്രകൃതിപോലും അല്പം വിശ്രമത്തിലാണെന്നു തോന്നുന്നു: കാറ്റുപോലും അടിക്കുന്നില്ല. എങ്ങും ഭയങ്കരമായ മൂകനിശ്ചലത പോലെയുള്ള ഭാവം. അങ്ങകലെ ആ നീലാകാശത്തിൽ നക്ഷത്രകുമാരികൾ, തങ്ങളുടെ കടാക്ഷം ഭൂമിയിലേക്കയയ്ക്കുന്നുണ്ട്. ഒരു പ്രണയ പല്ലവിപോലെ, അവ ഇടയ്ക്കു കണ്ണടയ്ക്കുകയും, തുറക്കുകയും ചെയ്യുന്നു. തങ്ങളുടെ കാമുകന്മാരെ കണ്ടെത്തിപ്പിടിക്കുവാൻ അവ തിടുക്കം കാട്ടുന്നതുപോലെ തോന്നുന്നു.

തങ്കച്ചൻ പായയിൽ നിന്നെഴുന്നേറ്റിരുന്നു ക്ഷയരോഗാണുക്കൾക്കുവേണ്ടി തന്റെ ജീവിതം വിട്ടുകൊടുത്ത ആ നാല്പത്താണ്ടുകാരൻ അന്തംവിട്ടങ്ങനെ ചുമക്കുകയാണ്. ഒരു നശിച്ച ചുമ! ചുമച്ചു ചുമച്ചു് തങ്കച്ചൻ വശംകെട്ട. അവസാനം കുറച്ചു് കഫം കിട്ടി. അതു് തനിചോരയായിരുന്നു— ജീവിതസഞ്ചാരം നടത്തിക്കൊണ്ടു പോരുന്ന ശരീരത്തിലെ സത്തു്—. മാത്തപ്പൻ അത്ഭുതപ്പെട്ടില്ല. ആ ചോരയിലേക്കങ്ങനെ നോക്കിനിന്നു— എന്തോ ഓർത്തുകൊണ്ടു്....

അങ്ങകലെ ഒന്നുരണ്ടു മൂങ്ങകൾ ഒന്നിരുത്തി മൂളി. താളത്തിനൊത്തു്: 'ഒന്നമർത്തിമൂളുമ്പോൾ മറ്റതു് സ്വരംതാഴ്ത്തിയും. ഒരു പാതിരാപ്പക്ഷി രാത്രിയുടെ ഭയാനകതയെ ഇരട്ടിപ്പിച്ചുകൊണ്ടു് ചിറകടിച്ചു പറന്നുപോയി. എങ്ങുനിന്നോ ഒരു ഇളം തെന്നൽ അതിലെ കിന്നാരം പാടിക്കൊണ്ടു് കടന്നുപോയി. ഒരു പക്ഷേ....തങ്കച്ചന്റെ ഈ സ്ഥിതിയിൽ അനുകമ്പ തോന്നിയിട്ടാവാം... അതുവരെ അടങ്ങിയൊതുങ്ങിയിരുന്ന പ്രകൃതി, തന്റെ മന്ദമാരുതനെ അയച്ചതു്. ഒന്നോ രണ്ടോ മിനിട്ടിനുശേഷം വീണ്ടും പ്രകൃതി നിശ്ചലത പൂണ്ടു!,...നിശ്ശബ്ദം!!

മാത്തപ്പൻ ചിന്തിക്കുകയാണ്... തന്റെ ഇന്നുവരെയുള്ള ജീവിതത്തെപ്പറ്റി. ആ ചോരയിലേക്കു് ഉറ്റുനോക്കിക്കൊണ്ടു്, അദ്ദേഹം അറിഞ്ഞോ അറിയാതെയോ, തന്റെ ആത്മകഥയുടെ ചുരുൾ നിവർത്തി—— ഒരു ചലച്ചിത്രത്തിലെന്നപോലെ എല്ലാമെല്ലാം, അപ്പോഴപ്പോൾ വ്യക്തമായി കണ്ടു— തന്റെ ഇന്നുവരെയുള്ള ജീവിതം.....

സാമാന്യം ഭേദപ്പെട്ട ഒരു കുടുംബത്തിലാണു് തങ്കച്ചൻ ജനിച്ചതു്. ചെറുപ്പത്തിലെ അപ്പൻ മരിച്ചു. ശേഷിച്ചതു് അമ്മയും, ജേഷ്ഠനും, ഒരനുജത്തിയും മാത്രമാണു്. അല്പലില്ലാതെ കുടുംബജീവിതം തള്ളിനീക്കി. ജേഷ്ഠൻ പഠിച്ചു് ഒരുദ്യോഗം കിട്ടി...അനുജത്തിയെ നല്ല നിലയിൽ വിവാഹം കഴിച്ചുകൊടുത്തു....

തങ്കച്ചൻ പഠിപ്പിൽ ശ്രദ്ധകാണിച്ചില്ല. കച്ചവടം അവനിഷ്ടപ്പെട്ടു. അവന്റെ ഹിതത്തിനൊത്തു് അമ്മയും മൂളി. ചെറിയ തോതിൽ ആരംഭിച്ച കച്ചവടം അല്പകാലത്തിനുള്ളിൽ ഒരു നല്ല നിലയിലെത്തിച്ചേർന്നു. നല്ല വരുമാനംകിട്ടുകയല്ലേ— ജീവിതം തങ്കച്ചനൊരു 'ജോളി'യായി തോന്നി—— 'ബഹുരസ'യി തീർന്നു; ആ ജീവിതം——

ഇതിനിടയിൽ ജേഷ്ഠൻ വിവാഹിതനായി—കൂടെ നാലഞ്ചു കുട്ടികളുടെ പിതാവും. സമാധാനമായിത്തന്നെ ആ കുടുംബാന്തരീക്ഷം നീങ്ങിക്കൊണ്ടിരുന്നു....

പക്ഷേ... അധികകാലം നീണ്ടുനിന്നില്ല.

തങ്കച്ചൻ വിവാഹിതനായി—അവന്റെ ഇഷ്ടത്തിനൊത്തു്. 'തന്റെ ബന്ധുത്വവീട്ടിൽ, ഭാര്യയും അമ്മായമ്മയുമൊഴിച്ചു് മറ്റാരുമില്ല— അപ്പോഴും അവിടത്തെ മൊത്തലിനെല്ലാം—— അവകാശി——'' 'കോളാ'യിരുന്ന തങ്കച്ചൻ കണ്ടതു്.

തന്റെ മകന്റെ ഭാര്യവീട്ടുകാരേപ്പറ്റി അറിഞ്ഞ തങ്കച്ചന്റെ അമ്മ ആ കല്യാണത്തിനെ എതിർത്തു——'എടാ മോനെ ഈ കല്യാണം അത്ര നല്ലതല്ലെടാ—മൊതലുണ്ടെങ്കിലും, അവരൊക്കെ 'ഒരുവക'ക്കാരാണെടാ——''

പാവം! അതിനെയുണ്ടോ അവൻ വിലവെക്കുന്നു. പണത്തള്ളലിലല്ലേ അമ്മയുടെ വേദാന്തം—— പണമുണ്ടെങ്കിൽ—— പിന്നെ 'ഒരു വക'ക്കാരാണോ, 'ഈ വക''ക്കാരെന്നോയുള്ള ചോദ്യമുണ്ടോ..? അമ്മ ഉപദേശിക്കാൻ കണ്ട സംഗതി—— ഇത്ര നല്ല 'കോള്' വന്നപ്പോ അതു തട്ടിക്കളയാനാ ഭാവം—

അമ്മയുടെ അഭിപ്രായം അവനത്ര പിടിച്ചില്ല—അവൻ തിരിച്ചടിച്ചു— 'അമ്മക്കെന്നാ, ചുമ്മാ ഇരുന്നാപ്പോരെ? എന്റെ ആഭ്യന്തരമായ കാര്യങ്ങളിൽ അമ്മ ഇടപെടേണ്ടതില്ല—''

തള്ളയുടെ ഉപദ്രവം പിന്നീടവനു് ഉണ്ടായില്ല. എല്ലാം കണ്ടുകൊണ്ടിരുന്ന, ആ പാവം അവനെ ഉപദേശിച്ചു, പക്ഷേ അവനതു ചെവിക്കൊണ്ടില്ല— വേണ്ട——! അവർ അവന്റെ ആഭ്യന്തരമായ കാര്യങ്ങളിൽ നിന്നും പിൻമാറി— അവൻ വിവാഹിതനായി——

ക്ഷമയുടെ പര്യായമായ പൊറുതള്ളയുടെ പ്രവചനം ഓരോന്നായി നിറവേറിത്തുടങ്ങി—— അന്നവരെ ശാന്തി വിളയാടിയിരുന്ന, ആ കുടുംബാന്തരീക്ഷത്തിൽ എന്തെന്നില്ലാത്ത ഒരു വല്ലായ്മ—'തൊഴുത്തിക്കുത്തു്'' ആരംഭിച്ചു.——

മധുവിധുരാവുകളും കടന്നുപോയി. വസന്തം വരികയും പോവുകയും ചെയ്തു...തങ്കച്ചനും ഒരു കുട്ടി ജനിച്ചു!

ആ ജനനം ഒരൈക്യത്തിന്റെ അന്ത്യം കുറിച്ചു. അന്തരീക്ഷം കൂടുതൽ കറുത്തിരുണ്ടു.... എപ്പോഴോ പൊട്ടിപ്പോകാനുള്ള ഭാവം.....:കാർമേഘപടലങ്ങളെല്ലാം അടിഞ്ഞുകൂടിയിരിക്കുന്നു.....അമ്മായമ്മ തങ്കച്ചനെ ഉപദേശിച്ചു. 'നീ വല്ലതും കാണുന്നുണ്ടോ---- ചേട്ടനു് നാലഞ്ചു കുട്ടികളാ... അവർക്കു് ചെലവിനു് കൊടുക്കണമെന്നു് വല്ല കാരാറും നിങ്ങളുതമ്മിലുണ്ടോ?——''

ഇല്ല! ഒരിക്കലുമില്ല!! തങ്കച്ചൻ ചിന്തിച്ചു. എന്തിനാണീ വയ്യാവേലി?..പോരെങ്കിൽ ചേട്ടന്റെ മുത്തകുടികളെല്ലാം പെൺകുട്ടികളാ——

അമ്മായമ്മയുടെ ഉപദേശം ശരിക്കും ഫലിച്ചു. അവന്റെ ചിന്ത ഒരവസാനം കണ്ടെത്തി—ഉള്ള മുതൽ ഉടൻ ഭോഗിക്കുക!

വം. സമുദായത്തിന്റെ വിഷമപ്രശ്നങ്ങൾക്കുള്ള ഉത്തരവാദിത്വമെല്ലാം ആരുടെയൊക്കെയെങ്കിലും തലയിൽ ചുമത്തി സ്വന്തം ഉത്തരവാദിത്വത്തിൽ നിന്നു് ഒഴിഞ്ഞുമാറുവാനുള്ള ഒരു വാസനയാണു് ഇന്നു് എല്ലാവരും കാണിക്കുന്നതു്. വിമർശിക്കുക മാത്രമാണ സമുദായസേവനമെന്നു് കരുതുന്നവരും ചുരുക്കമല്ല. വെറും വിമർശനങ്ങൾകൊണ്ടുമാത്രം എങ്ങിനെയാണ സമുദായം നന്നാകുന്നതു്? അതിനുള്ള ഒരേ ഒരു മാർഗ്ഗം ത്യാഗനിർഭരമായ സേവനമത്രെ.

ഇന്നു സമുദായത്തിനു് എല്ലാ രംഗങ്ങളിലും കൂടുതൽ വെളിച്ചം ആവശ്യമുണ്ടു്. സാധാരണക്കാരുടേയും അസാധാരണക്കാരുടെയും ബുദ്ധിയെ ചൈതന്യ നിർഭരമാക്കുവാൻ പര്യാപ്തമായ ഒരു വെളിച്ചം. തകർച്ച ഒരുതരം അനന്ദമായനുഭവപ്പെടുന്ന ഈ മാനസ്സികാന്തരീക്ഷത്തിൽനിന്നു് പുരോഗതിയിലേയ്ക്കു നീങ്ങുവാൻ ആത്മാവിനേയും ശരീരത്തേയും നയിക്കുന്ന ഒരു വെളിച്ചം നമ്മെ നയിക്കുവാൻ ഇടവന്നിരുന്നെങ്കിൽ!

അവന്റെ ജീവിതത്തിലേക്കെയ്തുവിട്ട ആ വിഷ അമ്പ്—വിവാഹം—അവന്റെ എല്ലാ വശങ്ങളിലേക്കും ഇതിനകം പടർന്നുപിടിച്ചു കഴിഞ്ഞിരുന്നു. ഭാര്യയുടെയും, അമ്മായഅമ്മയുടെയും ഹിതത്തിനൊത്തു് മൂളാൻ അവൻ തയ്യാറായി.

അമ്മ എതിർ പറഞ്ഞില്ല. എതിർ പറഞ്ഞാലും ഗുണമൊന്നുമില്ലെന്നു്, അവർക്കറിയാമായിരുന്നു.

ജേഷ്ഠനും, അയൽവാസികളും ഉപദേശിച്ചു——പക്ഷെ ഫലം ഉണ്ടായില്ല.

അവൻ ആ വാദത്തിൽ ഉറച്ചു നിന്നു— ‘‘ഉള്ള മുതൽ ഉടൻ ഭാഗിക്കുക—’’

വല്ലവരും ഭാഗത്തെപ്പറ്റി ചോദിച്ചാൽ, അതിനെ എതിർത്തുസംസാരിച്ചാൽ അവൻ ചോദിക്കും— ‘‘എന്താ അപ്പന്റെ മുതൽ എനിക്കു ബാധകമല്ലെന്നുണ്ടോ? ഞാനും അപ്പന്റെ മോനല്ലേ—— ഞാൻ അനുജനായതുകൊണ്ടു്, മൊതലിനവകാശിയാകുകയില്ലന്നില്ലെല്ലോ—അല്ലാ, അങ്ങിനെ ഹൃദ്യമൊന്നില്ലല്ലോ?’’

ഭാഗം നടന്നു.....!

ഒന്നായി കഴിഞ്ഞിരുന്ന ജീവിതം രണ്ടായി വേർതിരിക്കപ്പെട്ടു!!

അമ്മായഅമ്മയുടെ ഉപദേശപ്രകാരം ‘അന്തിതൊണസ്സായി’ തങ്കച്ചൻ ഭാര്യവീട്ടിൽ സ്ഥിരതാമസക്കാരനായി. കച്ചവടം നിറുത്തി— അതും അമ്മായഅമ്മയുടെ ഉപദേശപ്രകാരം തന്നെ.

അവരുടെ മരുമകൻ ഒരു ‘വെറും കച്ചവടക്കാരൻ’നാണെന്നു് പറയുന്നതിൽ അവർക്കു് കുറവുണ്ടു്! ഭാഗിച്ച മുതൽ വിറ്റു കയ്യിലുണ്ടായിരുന്ന കാശും കൂട്ടി; ഭാര്യവീടൊന്നു നന്നാക്കി. സുഖമായി ‘മരോനായി’ട്ടങ്ങനെ ജീവിച്ചു—കുറേ മാസങ്ങളോളം....

ജീവിതത്തിന്റെ നല്ല വശമായിരുന്ന തങ്കച്ചനിതുവരെ അനുഭവിച്ചതു്—— ഇനിയുള്ളതോ, കൈപ്പുനിറഞ്ഞതും...

കുട്ടികൾ രണ്ടായി, മൂന്നായി. കൈയ്യിലുണ്ടായിരുന്ന പണം തീർന്നു തീർന്നില്ല എന്ന മട്ടിലായി....

അമ്മയുടേയും, ഭാര്യയുടേയും മുഖം ഒരുപോലെ കറുത്തു.. ‘ചക്കരവാക്കുകൾ’ പറയാൻ അറിയാമായിരുന്ന അവർക്കു് ‘മറിച്ചും’ പറയാനറിയാം എന്നു് തങ്കച്ചനു് ബോധ്യമായിത്തുടങ്ങി. ഭാര്യയും, അമ്മായഅമ്മയും ഒരുപോലെ പിറുപിറുത്തു തുടങ്ങി——‘‘എന്നാ കണ്ടിട്ടാണാവോ ഇങ്ങനെ ചമഞ്ഞിരുന്നു് തിന്നുന്നതു... കുട്ടികളെ നോക്കാനായിട്ടെങ്കിലും വല്ലതും തരണുണ്ടോ——?’’

ഒളിച്ചും. മറിച്ചും, തിരിച്ചും ഒടുവിൽ പരസ്യമായും തന്നെപ്പറ്റിയുള്ള ഈ പ്രസ്താവനകളും കേട്ടു് തങ്കച്ചൻ പകച്ചുനിന്നുപോയി....തനിക്കു പറ്റിയ തെറ്റു് ആദ്യമായി തങ്കച്ചനു് ബോധ്യമായി....തെറ്റുകാരൻ താൻതന്നെ എന്നദ്ദേഹം സമ്മതിച്ചു— മനസ്സിലായി.....

‘‘കച്ചവടമുണ്ടായിരുന്നെങ്കിൽ!’,തങ്കച്ചൻ തന്നെത്താനെ പറഞ്ഞുപോകാറുണ്ടു്— ‘ന്നാ എന്റെ ജീവിതത്തിനു ഇന്നവരെയും, ആരെയും ആശ്രയിക്കേണ്ടായിരുന്നു—’’ ‘‘പക്ഷേ—... അവർ പറഞ്ഞിട്ടാണല്ലോ കച്ചവടം നിർത്തിയതു——?!

‘‘പക്ഷേ ഇപ്പോഴും പറഞ്ഞിട്ടെന്തു ഫലം?.. താനിപ്പോ ഔരാശ്രിതനായി തീർന്നു——’’

ചേട്ടന്റെയും അമ്മയുടെയും വാക്കുകളും— പ്രവചനങ്ങളും അവനിപ്പോഴും ഓർത്തു....അപ്പോഴെല്ലാം ‘‘അതൊക്കെ നിങ്ങക്കു് പറയാനുള്ളതാ’ എന്നു പറഞ്ഞു തള്ളി... എന്നാൽ ഇപ്പോഴും ‘ഇതെല്ലാം നിനക്കനുഭവിക്കാനുള്ളതാ’ എന്ന മട്ടിലായി——അനുഭവം തങ്കച്ചനെ പഠിപ്പിച്ചു...

എന്തെങ്കിലും തൊഴിലെടുക്കാൻ തങ്കച്ചൻ നിർബന്ധിതനായിത്തീർന്നു...:ബീഡിതെറുപ്പായിരുന്ന അവനപ്പോഴും അവശേഷിച്ചിരുന്ന കടിൽവ്യവസായം...

ബീഡിതെറുപ്പു് അവനെ ഒരു തീരാരോഗിയാക്കി മാറ്റി...ശരീരം അനുദിനം ശോഷിച്ചുവന്നു...

എന്നാലും, അവനതു ഉപേക്ഷിച്ചില്ല... പരമാവധി പണിയെടുത്തു്, ഭാര്യയുടേയും, അമ്മായഅമ്മയുടേയും മുഖം കറുക്കാതിരിക്കാൻ ശ്രമിക്കും...

ജീവിതം പണയപ്പെട്ട കഴിഞ്ഞു. ഇനിയും അതു അധികരിപ്പിക്കാതിരിക്കാൻ തങ്കച്ചൻ ആവുന്നതും ശ്രദ്ധിച്ചു... ‘‘അഭിമാനം മുറിപ്പെട്ടുകഴിഞ്ഞു— പിന്നെയാണോ ജീവൻ?—— ആവുന്നതും ഇനി അഭിമാനത്തെ രക്ഷിക്കുക....’’ തങ്കച്ചൻ തീരുമാനിച്ചു.

പക്ഷെ... തങ്കച്ചൻ പരാജയപ്പെടുകയായിരുന്നു. രോഗത്തിനു് അഭിമാനമെന്നോ പണമെന്നോ മറ്റോ വല്ല ചിന്തയുമുണ്ടോ...? അതിനു കിട്ടിയതു്, എന്താണെന്നുവച്ചാൽ അതു്... പൂർത്തീകരിക്കുക....

രോഗം മൂർച്ചിച്ചു...ഡോക്ടർ ഉപദേശിച്ചു— ‘‘നിങ്ങളീ ജോലി ഉപേക്ഷിക്കുക——’’

തങ്കച്ചനൊന്നു ചിരിച്ചു. ഒരു പരിഹാസച്ചിരി... ‘‘ഈ ജോലി ഉപേക്ഷിച്ചാൽ അതിലും, ഭേദം തെണ്ടുന്നതായിരിക്കും....’’ തങ്കച്ചൻ മറുപടി പറഞ്ഞു.

മരിച്ചാലും, ഇനി അഭിമാനം വില്ലാതിരിക്കാൻ തങ്കച്ചൻ തീരുമാനിച്ചു...ആ തീരുമാനം ഉറച്ചതായിരുന്നു! അതിന്റെ രചയിതാവും ഉടമസ്ഥനും—— തങ്കച്ചൻ തന്നെ... ആദ്യവും, അന്ത്യവുമായ തീരുമാനാ——!!! ഒരു ജീവിതം ശരിയായി തുടിച്ചുറിഞ്ഞു്, അതിൽനിന്നെടുത്ത തീരുമാനം! അതിനെ ഇളക്കുവാൻ ആർക്കും സാധ്യമല്ലതന്നെ.

ഭാര്യ പറയും കുട്ടികളോടെന്നമട്ടിൽ ‘‘നല്ല കാലത്തു് സുഖമായിട്ടങ്ങനെ കഴിഞ്ഞില്ലേ? ത്രേ, ദൈവം വിധിച്ചിട്ടൊള്ളൊന്നുവച്ചു് സമാധാനിക്കണ്ണെ....’’

വല്ലവരും തങ്കച്ചന്റെ സുഖക്കേടിനെ സംബന്ധിച്ചു് അവന്റെ അമ്മായഅമ്മയോടു പറഞ്ഞാൽ പറയും—— ‘‘ഇതെന്റെ കെട്ട്യോൻ നല്ലോണം പണിടിത്തിട്ടുണ്ടാക്യ മൊതലാ——തു് തൊണ്ടകേളിച്ചാലു് എന്റെ മോളു് തെണ്ടും....’’

ജോലിക്കുപോകാൻ വയ്യാതായി. എന്നാലും വീട്ടിലിരിക്കില്ല. പറമ്പിന്റെ ഒരറ്റത്തു ചെന്നിരുന്നു്, ജീവിതം ആദ്യംമുതൽ അവസാനംവരെ നനഞ്ഞിറങ്ങും... പലപ്പോഴും കണ്ണുനീർ പൊഴിക്കാറുണ്ടു്...;ആത്മകഥയുടെ കഥനത്തിൽ—— എന്തോ പിറുപിറുത്തുകൊണ്ടു് വീട്ടിലേക്കു മടങ്ങും. മനസ്സിനുള്ളിലാമനസ്സോടെ ആ പഴയ കട്ടിലിനെ ശരണം പ്രാപിക്കും——

ഒരിതിഹാസപൂർത്തിയായി—— തങ്കച്ചൻ ചിന്തയിൽനിന്നുണർന്നു് അറിഞ്ഞോ, അറിയാതെയോ ആയ, ആത്മകഥയുടെ അവസാനം അവൻ കണ്ടെത്തി——.

തങ്കച്ചൻ ദീർഘമായൊന്നു നിശ്വസിച്ചു. ജീവിതം ഒരു ഭാരമായി തോന്നി... ഇതിലും ഭേദം മരണമല്ലേ?

തങ്കച്ചന്റെ ആകെയുള്ള ശരണം— ആ കട്ടിലിൽ— അതൊന്നവൻ തുറിച്ചുനോക്കി... അവസാനയാത്രപറഞ്ഞു.

മരണത്തെ തങ്കച്ചനിഷ്ടപ്പെട്ടു. അവിടെ അവൻ ആശ്വാസം കണ്ടെത്തി—— എല്ലാമെല്ലാം അവസാനിപ്പിച്ചാൽ——

ഒരു കഷണം കയറുമായി, അവനാ ക്രൂരാക്രൂരിരുട്ടിൽ നീങ്ങി——ഒരു പ്രേതത്തെപ്പോലെ.

ഒരു ജീവിതത്തിന്റെ അവസാനയാത്രയായിരുന്നു അതു്. സ്വന്ത ഇഷ്ടപ്രകാരം ജീവിതം ചവിട്ടിപ്പിച്ചു്——അതിൽനിന്നും, ലഭിച്ചതും, പഠിച്ചതുമായ ഒരു മനുഷ്യന്റെ അവസാനയാത്രയായിരുന്നു അതു്.

ഒരു പറങ്കിമാവിന്റെ കൊമ്പത്തു് അവനാ കയറു കെട്ടി——

ആ കൊമ്പത്തു ഞാനും——

രണ്ടിലകളും വീണു.

ഇവിടെശ്രദ്ധിക്കുക

എ. കെ. സി. സി ബുള്ളറ്റിൻ വാർഷിക വരിസംഖ്യ 3 രൂപാ

കോപ്പി ഒന്നിനു് 25 ന.സ

ശാഖകൾക്കു് കമ്മീഷൻ ബുള്ളറ്റിൻ ഒന്നിനു് 1 രൂപാ

ഏജൻറിനു് 75 ന.സ

ബുള്ളറ്റിൻ സംബന്ധിച്ച M-O യും എഴുത്തുകുത്തുകളും Editer A K C C, Kottayam എന്ന വിലാസത്തിൽ അയക്കണം എന്നഭ്യർത്ഥിക്കുന്നു

Editer

സിനിമയെക്കുറിച്ചൊരു ചിന്ത

(സിപ്രിയാനോസ് പരീക്കണ്ണി)

ആധുനികയുഗത്തിൽ, നിഷ്പ്രയാസകമായ സ്ഥാനം കരസ്ഥമാക്കിയിട്ടുള്ള ഒന്നാണ് സിനിമാ എന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. ഒരു വ്യവസായം എന്നതിലുപരി, സമൂഹത്തിന്റെ മുഖച്ഛായയ്ക്കു മാറ്റംവരുത്താൻ കെല്പുള്ള ഒരു ശക്തിയായി അതു വളർന്നുകഴിഞ്ഞിരിക്കുന്നു. ഇന്നത്തെ മനുഷ്യനു് സിനിമ ഒരു ദൈനംദിനാവശ്യമാണ് എന്നൊരവസ്ഥ വന്നുകഴിഞ്ഞിട്ടുണ്ട്. ഒരിക്കൽപോലും സിനിമ കണ്ടിട്ടില്ലാത്തവർ ഇന്നു ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ അതൊരു അത്ഭുതമായിട്ടുവേണം വിചാരിയ്ക്കാൻ. ഒരു തീയേറ്ററിൽ ഓടുന്ന പടങ്ങളം ഒന്നുപോലും വിടാതെ കാണണമെന്ന ശല്യമനസ്ഥിതിക്കാരെ എത്രവേണമെങ്കിലും കാണാൻകഴിയും. 'കാണം വിറ്റും ഓണം ഉണ്ണണം' എന്നു പറഞ്ഞതുപോലെ ഉണ്ടില്ലെങ്കിലും സിനിമ കാണണം എന്നമനസ്ഥിതിക്കാരായിത്തീർന്നിട്ടുണ്ട പലരും. ഇവിടെ പ്രായത്തിന്റെ പ്രശ്നമില്ല, കുട്ടികളും യുവാക്കളും വൃദ്ധന്മാരും ഒരുപോലെ തീയേറ്ററിലേക്കു പോകുന്നു. എന്താണു കാണുന്നതു് എന്നതിനേക്കുറിച്ചു ചിന്തിക്കേണ്ട കാര്യമില്ല! കുടുംബസമേതം കാണാൻ കൊള്ളാവുന്നതല്ലെന്നു് ആരെങ്കിലും ഒരുപടത്തേക്കുറിച്ചഭിപ്രായം പറഞ്ഞാൽ, പിന്നെ അതു കാണാൻ പോകുന്നവരൊക്കെ കുടുംബസമേതമേ പോകൂ എന്നൊരു മട്ടാണു്! പ്രായപൂർത്തിയായവർക്കു മാത്രം എന്നുകേട്ടാൽ കുട്ടികളം അവിടെ തടിച്ചുകൂടുകയായി!

മനുഷ്യന്റെ ദൈനംദിന ജീവിതത്തിൽ സിനിമ ചെലുത്തുന്ന സ്വാധീനത ഒട്ടും നിസ്സാരമല്ല. ജീവിതംതന്നെ ഒരു സിനിമാമോഡലിൽ സംവിധാനംചെയ്യാനുള്ള സാഹസബുദ്ധി പലരിലും കുറവല്ല. സ്ത്രീകളാണു് ഇതിൽ മുന്നിട്ടുനില്ക്കുന്നതു്. ജീവിതത്തെക്കുറിച്ചുള്ള ധാരണയും, ലോകത്തെക്കുറിച്ചുള്ള അറിവും, പുരുഷന്മാരെ അപേക്ഷിച്ചു് സ്ത്രീകൾക്കു തുലോം കുറവാണെന്നുള്ള കാര്യത്തിൽ തർക്കമില്ലതന്നെ! സുഖവും സംതൃപ്തിയും സന്തോഷവുംനിറഞ്ഞ സൗന്ദര്യത്തിൽ മുങ്ങിക്കുളിച്ചുനില്ക്കുന്ന നിറപ്പകിട്ടേറിയ ഒരു സമാന്തരലോകം ഇവിടെത്തന്നെയുണ്ടെന്നുള്ള ഒരു മിഥ്യാധാരണയാണു്, സിനിമയിലെ വേലത്തരങ്ങൾ കാണുന്ന പലർക്കും ഉണ്ടാകാറുള്ളതു്. അതനുസരിച്ചുള്ള പുതിയ സങ്കല്പങ്ങളോടെ സ്വകാര്യജീവിതത്തിന്റെയും സമൂഹത്തിന്റെയും എല്ലാ മണ്ഡലങ്ങളിലും ശുപഭാവഭേദങ്ങളം വരുത്താനുള്ള ശ്രമമാണു്. ഇതിന്റെ പ്രകടനങ്ങളം വേണ്ടുവോളം ഇന്നു കാണാൻ കഴിയും. വസ്ത്രധാരണത്തിലുള്ള പുതിയ പുതിയ ഫാഷനുകളം, തലമുടിക്കെട്ടിന്റെ കാര്യത്തിലുള്ള പുതിയ പുതിയ സ്റ്റൈലുകളം എല്ലാം ഇതിനുദാഹരണങ്ങളാണു്. ആപാതരമണീയമായ സൗന്ദര്യമാണു് കൂടുതൽ ആസ്വാദ്യകരമെന്നു് ഏതോ ഒരു സൗന്ദര്യോപാസകൻ പറഞ്ഞിട്ടുണ്ട്. പക്ഷെ ഇന്നു് കഴിയുന്നതും ദിഗംബരരായി കൂത്താടിനടക്കണമെന്നുള്ളതാണു് പലരുടേയും മോഹമെന്നു തോന്നുന്നു. എല്ലാവർക്കും അതു് ഇഷ്ടകരമാവില്ലെന്നു കണ്ടിട്ടാകണം അകത്തുള്ളതൊക്കെ പുറത്തുകാണിക്കുന്ന 'മാജിക്കുവസ്ത്രങ്ങൾകൊണ്ടു തൃപ്തിപ്പെടാമെന്നു വയ്ക്കുന്നതു്. എങ്കിൽത്തന്നെയും ശരീരത്തിന്റെ പകുതിമുക്കാലും നഗ്നമായിത്തന്നെ പുറത്തുകാണിക്കണമെന്ന നിർബന്ധത്തിൽനിന്നു വിട്ടുമാറുകയില്ല. വിവാഹം കഴിഞ്ഞതോ കഴിയാത്തതോ എന്ന പ്രശ്നവുമിവിടെയില്ല. (ഇത്തരം സ്ത്രീകളെ കൂടെ കൊണ്ടുനടന്നു പ്രദർശിപ്പിക്കുന്ന ഭർത്താക്കന്മാരെ സൃഷ്ടിക്കണം.)

വസ്ത്രധാരണത്തിന്റെ കാര്യം ഒരുദാഹരണത്തിനു് പറഞ്ഞുവെന്നേയുള്ളൂ, മറ്റു കാര്യങ്ങളിലും ഈ സിനിമ മനോഭാവം പ്രകടമാണു്. മദ്യപിച്ചു മദോന്മത്തയായി ഭർത്താവിന്റെ മുമ്പിൽക്കിടന്നു കൂത്താടുകയും, തന്റെ പ്രാണപ്രേയസിയുടെ ചേഷ്ടകളിൽ ആ ഭർത്താവു് ലയിച്ചുചേരുകയുംചെയ്യുന്ന ഒരുഭാഗം സ്ക്രീനിൽ കണ്ടിട്ടു്, സ്വന്തം ഭാര്യയെക്കൊണ്ടു് അങ്ങനെയൊന്നു ചെയ്യിയ്ക്കാൻ ശ്രമംനടത്തി പരാജയപ്പെട്ട ഒരു ഭർത്താവിനെ ഈ ലേഖകനറിയാം. സിനിമാനടികളുടെയും നടന്മാരുടെയും വേഷഭാവങ്ങളം അതേപടി സ്വജീവിതത്തിലും പുലർത്താനുള്ള വാസന യുവതലമുറയിലാണു് ഏറ്റവും ശ്രദ്ധേയമായി കണ്ടുവരുന്നതു്. ചിലർ തങ്ങളുടെ മീശയുടേയും മുടിയുടേയും ആകൃതിക്കു മാറ്റംവരുത്താൻ ശ്രമിക്കുമ്പോൾ ,ചിലർ നടപ്പു് ഒന്നു പരിഷ്കരിക്കാനായിരിക്കും ഭാവം. പ്രേമംപോലും തനി സിനിമാമോഡലിൽ ,കലാപരമായി ആരംഭിക്കുവാനും അവസാനിപ്പിക്കുവാനും ചിലർ ശ്രമിക്കുന്നു. ചിലർക്കു് ഏതെങ്കിലും പടത്തിലെ ഒരു ധീരനായ വില്ലനായി ജീവിക്കാനാണു മോഹം. ഡിറ്റക്ടീവു് സിനിമകളും കണ്ടു് ചില മോഷ്ടാക്കൾക്കളവിനു് പുതിയ ടെക്നിക്കുകളം പ്രയോഗിച്ചുവരുന്നതായി കേൾക്കുന്നുണ്ടു്. സിനിമയിൽ ഒരാളം തുങ്ങിമരിക്കുന്നതായി അഭിനയിച്ചതുകണ്ടിട്ടു് അതു് അതേപടി ചെയ്തുകാണിച്ച ഒരു കുട്ടിയുടെ ജീവൻ നഷ്ടപ്പെട്ട കഥ ഏതാനും മാസങ്ങൾക്കുമുൻപു് പത്രത്തിൽ വായിച്ചതു് ഇവിടെ ഓർക്കുന്നു. ഇങ്ങനെ മനുഷ്യന്റെ അനുദിനജീവിതത്തിൽ സിനിമ ചെലുത്തുന്ന സ്വാധീനതയെക്കുറിച്ചു് എത്രവേണമെങ്കിലും വിശദീകരിക്കാൻ കഴിയും.

വിശ്രമവും വിനോദവും ആഗ്രഹിക്കാത്തവരായി ഒരുത്തരും കാണുകയില്ല. ഏറ്റവും ഉത്തമമായ വിശ്രമം ഉറക്കമാണെന്നാണു് വയ്പു്. അദ്ധ്വാനംകൊണ്ടുണ്ടാകുന്ന ആയാസം ശരീരത്തിൽനിന്നു വിട്ടുമാറുന്നതിനും, പേശികൾക്കും മറ്റും വീണ്ടും ഉന്മേഷം ലഭിക്കുന്നതിനുംവേണ്ടിയാണല്ലൊ വിശ്രമമെടുക്കുന്നതു്. ഉറക്കം ഒരു ജീവിതാവശ്യമാണെങ്കിലും വിശ്രമം ആവശ്യമുള്ളപ്പോഴൊക്കെ ഉറങ്ങണമെന്നതത്ഥമില്ല. മറ്റുപലതരത്തിലുള്ള പ്രയോജനങ്ങളം ഉദ്ദേശിച്ചുകൊണ്ടു് വിശ്രമമെടുക്കാൻ കഴിയും.. വിനോദത്തിന്റെ കാര്യവും അതുപോലെതന്നെ. അതിനും വേണ്ടുവോളം മാർഗ്ഗങ്ങളുണ്ടു്. എല്ലാത്തിന്റെയും കാതലായ ഉദ്ദേശം രസിക്കുക എന്നുള്ളതാണല്ലൊ. യാതൊരു ആയാസവുംകൂടാതെ രസം അനുഭവിക്കാവുന്ന ഏറ്റവും നല്ല രംഗം സിനിമാ മാത്രമാണു്. ഒരു നോവൽ വായിച്ചു രസിക്കണമെങ്കിൽ അതിന്റെ ഓരോ അക്ഷരവും വായിക്കാതെ നിവൃത്തിയില്ല. എന്നാൽ അതു ചലച്ചിത്രത്തിലായിക്കഴിയുമ്പോൾ വെറുതേ സ്ക്രീനിൽനോക്കി ഇരിയ്ക്കുകയേ വേണ്ടൂ! നോവൽ വായിക്കുമ്പോൾ കഥാപാത്രങ്ങളേയും സംഭവങ്ങളേയും ഭാവനയിലാണു കാണേണ്ടതു്. എല്ലാവർക്കും വ്യക്തമായി മിഴിവോടെ ഇതു കാണാനും ആസ്വദിക്കാനും കഴിയുകയില്ല. വെള്ളിത്തിരയിലാവുമ്പോൾ ഇങ്ങനെയൊരു പ്രശ്നം ഉത്ഭവിക്കുന്നുമില്ല. നിറപ്പകിട്ടേറിയ വിധത്തിൽ, എത്ര ചെറിയഭാഗംപോലും,കൺകുളിർക്കെ കാണുവാൻ ആർക്കും കഴിയും. വിശ്രമത്തിന്റെ പ്രധാന ബിന്ദു സ്വസ്ഥതയാണു്. ഉറക്കംകൊണ്ടു് ശരീരം സ്വസ്ഥമായാലും മനസ്സു് അസ്വസ്ഥമായിത്തന്നെ ഇരിയ്ക്കുന്ന മനുഷ്യരുണ്ടു്. എത്ര മികച്ച സുഖസൗകര്യങ്ങളോടെ ജീവിക്കുന്ന വ്യക്തിയാണെങ്കിലും അതിനനുസരിച്ചു് അവന്റെ ഹൃദയം സ്വസ്ഥമായിരിക്കണമെന്നില്ല. ഹൃദയം അസ്വസ്ഥമായിരിക്കുമ്പോൾ ജീവിതത്തിന്റെ എല്ലാ മേഖലയിലും വീർപ്പുമുട്ടലുകളം അനുഭവപ്പെടുകയും ചെയ്യും.

ജീവിതമെന്നതു് തികച്ചും സമരാത്മകമായ ഒന്നായിട്ടാണു്. ഇന്നത്തെ മനുഷ്യനു് അനുഭവപ്പെടുന്നതു്. ജനിച്ചുപോയാൽപിന്നെ മരിയ്ക്കുന്നതുവരെ ജീവിക്കാതെ നിവൃത്തിയില്ല! അതിനുവേണ്ടി ഓരോരുത്തരും നിരവധി പ്രശ്നങ്ങളുമായി ഏറ്റുമുട്ടേണ്ടിവരുന്നു. ഈ ഏറ്റുമുട്ടൽ ജീവിതാന്ത്യംവരെ അവിരാമമായി തുടരുകയും ചെയ്യുന്നു. ജീവിക്കാനുള്ള ബുദ്ധിമുട്ടു് എന്നത്തേക്കാളുമധികം ഇന്നു് കഠിനതരമായി കഴിഞ്ഞിട്ടു

ണ്ട്. അതിനുപാതികമായി മനുഷ്യന്റെ ഹൃദയം അസ്വാസ്ഥ്യം അനുഭവിക്കുകയും ചെയ്യുന്നു. ഇതിൽനിന്നു മോചനം നേടാൻ പലരും മദ്യശാലകളെയാണ് അഭയം പ്രാപിക്കുന്നതു്. അത്തരക്കാരുടെ ഹൃദയം പിന്നീടു് ഒരിക്കലെങ്കിലും സ്വസ്ഥമാകുമെന്നു വിചാരിക്കാൻ ന്യായമില്ല. മദ്യപാനി ക്രമേണ മദ്യത്തിന്റെ അടിമയായിത്തീരുമെന്നുള്ളതിനു് അനുഭവസാക്ഷ്യങ്ങളും വേണ്ടുവോളമുണ്ടു്. ''കുരുംതോറും മുടിയും, മുടിയുംതോറും കുരും'' എന്നൊരവസ്ഥയാണല്ലൊ ഇവിടെയുമുള്ളതു്. എന്നാൽ സിനിമയെസംബന്ധിച്ചു് അങ്ങനെയൊരാക്ഷേപം പറയാൻ ആർക്കും കഴിയുമെന്നു തോന്നുന്നില്ല. മനസ്സിനു വിശ്രമം നൽകുവാനും, വിനോദിക്കുവാനും ആധുനിക ശാസ്ത്രം മനുഷ്യനു നൽകിയിരിക്കുന്ന ഏറ്റവും കനപ്പെട്ട സംഭാവനയാണു് സിനിമ എന്നു് തീർത്തു പറയാവുന്നതാണു്. കലയും, ശാസ്ത്രവും വിജ്ഞാനവും വിനോദവും ഒന്നുപോലെ സമജസമായി സമ്മേളിച്ചിരിക്കുന്ന ഒരു രംഗമാണു സിനിമ. പണക്കാരനും പാവപ്പെട്ടവനും, അദ്ധ്യാപകനും വിദ്യാർത്ഥിക്കും, കുറക്കാരനും, ന്യായാധിപനും, അറസ്റ്റർക്കും ആപ്പീസർക്കും ഒരുപോലെ രസിക്കുന്ന ഒന്നാണു സിനിമ. ഇവിടെ യാതൊരു മുക്കുവ്യത്യാസവുമില്ല. എല്ലാവരും കാണുന്നതൊന്നാണു്. അതിൽനിന്നുണ്ടാകുന്ന രസാനുഭൂതിയും ഒന്നുതന്നെയാണു്. ഇരിപ്പു് തറയിലോ തട്ടിൻപുറത്തോ ആകാമെന്നു മാത്രം! ഇങ്ങനെ എല്ലാ നിലവാരത്തിലുമുള്ളവരേയും ഒരുപോലെ രസിപ്പിക്കുന്ന, ഏതു തട്ടിലുള്ളവരേയും ഒരുപോലെ ആകർഷിക്കുന്ന സിനിമയെക്കുറിച്ചു് ആർക്കാണു് ആക്ഷേപം പറയുവാൻ കഴിയുക?

എന്നാൽ ഇന്നത്തെ സിനിമയുടെ യഥാർത്ഥസ്ഥിതി എന്താണു് എന്നു ചിന്തിക്കുമ്പോഴോ? ഉൽക്കണ്ഠാകുലരായിത്തീരുകതന്നെ ചെയ്യും. ആധുനിക മനുഷ്യനു് വിനോദിക്കുവാൻ വേണ്ടി ശാസ്ത്രം നൽകിയ ഈ മഹത്തായ സംഭാവന ഒരു തീരാവ്യാധിയായി സമൂഹത്തെ ഗ്രസിച്ചുകഴിഞ്ഞിരിക്കുകയാണു്. ലാഭക്കൊതിയന്മാരും വെറിയന്മാരുമായ ഒരുപറ്റം സംസ്കാരവൈരികളുടെ കറവപ്പശു മാത്രമായി ഇന്നത്തെ സിനിമ അധഃപതിച്ചിരിക്കുന്നു. മാനുഷ്യരാശിയെ മുഴുവൻ നശിപ്പിക്കുമെന്ന മട്ടിലാണു് അവരുടെ നീക്കം. തലമുറകൾ തലമുറകളായി, അരക്കിട്ടുറപ്പിച്ചു സംരക്ഷിച്ചുപോരുന്ന സാംസ്കാരിക–സാന്മാർഗ്ഗിക മൂല്യങ്ങളും, ധാർമ്മിക മനോഭാവങ്ങളും സിനിമയുടെ മറപറ്റി നിന്നുകൊണ്ടു് അവർ കാൽകാശിനുകയാണു്. കമ്പോളസംകുത്സ പകരം അലസവീക്ഷണം സ്വീകരിക്കാൻ സിനിമ ഇന്നു മനുഷ്യനെ ആഹ്വാനംചെയ്യുന്നു. യുവതലമുറയുടെ ദുർബലവികാരങ്ങളെ ചൂഷണംചെയ്തു്, ദുഷിച്ച പ്രവണതകൾ ഇളക്കിവിടുന്ന ചുമതല സിനിമ സ്വയം ഏറെറടുത്തിരിക്കുന്നു. ജീവിതയാഥാർത്ഥ്യങ്ങളുടെ പേരു പറഞ്ഞു് നഗ്നമായ സത്യങ്ങളെ മൂടിവയ്ക്കുകയും ജനതയെ മുഴുവൻ ''യൂട്ടോപ്പിയാ'' മനസ്ഥിതിക്കാരാക്കുകയുമാണു് ഇന്നു സിനിമ ചെയ്യുന്നതു്. ആദർശങ്ങൾ ക്രൂശിക്കപ്പെടുകയും, അപ്രായോഗികവും സാങ്കല്പികവുമായ വസ്തുതകൾ നിറംപിടിപ്പിച്ചുകാട്ടുകയായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടു്. ചുരുക്കത്തിൽ ബോക്സോപ്പീസ് കളക്ഷനെമാത്രം ഉന്നമാക്കിക്കൊണ്ടുള്ള ചലച്ചിത്രങ്ങളാണു് ഇന്നു നിർമ്മിക്കപ്പെടുന്നതു്. ഇതിനുവേണ്ടി എത്ര മ്ലേച്ഛവും ജുഗുപ്സാവഹവുമായ വൃത്തികേടുകളും സിനിമയുടെപേരിൽ പ്രദർശിപ്പിക്കുവാൻ നിർമ്മാതാക്കൾ മടിക്കുന്നില്ല. സിനിമയുടെ കേന്ദ്രബിന്ദു സെക്സ് അപ്പീൽ മാത്രമാണെന്നു തോന്നിപ്പോകും. സമൂഹത്തിൽ വിഷം വ്യാപിക്കുന്ന ഓടകളാണീ ചലച്ചിത്ര പ്രദർശനശാലകളെന്നു് ആരെങ്കിലും പറഞ്ഞാൽ അതിൽ അതിശയോക്തിയുടെ അംശംപോലും ആർക്കും കാണാൻ കഴിയുകയില്ല. തീർത്തും ഗൗരവാവഹമായ ഒരു പ്രശ്നമാണിതു്. എല്ലാ നല്ലയാളുകളുടേയും ഏകോപിച്ച ശ്രദ്ധ ഇവിടെ ആവശ്യമാണതാനും.

പക്ഷെ, എന്താണു കരണീയമെന്നതിനേക്കുറിച്ചു് അധികമാരും ബോധവാന്മാരല്ലാതെയാണിരിക്കുന്നതു്. വ്യക്തിയേയും സമൂഹത്തേയും ഒന്നുപോലെ ദുഷിപ്പിച്ചുകൊണ്ടു് വൃത്തികേടുകളുടെ ഓവുചാലിൽകൂടി ഒഴുകുന്ന ഇന്നത്തെ സിനിമയുടെ നേർക്കു് അനുവർത്തിക്കേണ്ട രീതി എന്താണു്? മാനവരാശിയെ മുഴുവൻ അധഃപതിപ്പിക്കുവാനുള്ള ദുഷ്പ്രവണതയിൽ നിന്നും സിനിമയെ എങ്ങനെ തടഞ്ഞു നിർത്താൻ കഴിയും? വിവേചന ബുദ്ധിയെ വ്യഭിചരിപ്പിച്ചു്, വിനോദത്തിന്റെ പേരിൽ സിനിമയുടെ പിന്നാലെ പായുന്ന ആധുനികമനുഷ്യനെ എങ്ങനെ നിയന്ത്രിയ്ക്കാൻ സാധിയ്ക്കും? ചലച്ചിത്രം സമൂഹത്തിനൊരാവശ്യവും അനുഗ്രഹവുമാക്കിത്തീർക്കാനുള്ള പോംവഴിയെന്താണു്? വിഷം വമിപ്പിയ്ക്കുന്ന ഇന്നത്തെ അവസ്ഥയിൽ നിന്നു് സിനിമാപ്രദർശനശാലകളെ മോചിപ്പിയ്ക്കുവാനുള്ള സാധ്യതയെന്തെങ്കിലുമുണ്ടോ? ഉറക്കെ ചിന്തിയ്ക്കുകയും ഗാഢമായി പഠിയ്ക്കുയും ചെയ്യേണ്ട വിഷയങ്ങളാണിതൊക്കെ.

പക്ഷെ ഇത്തരത്തിലുള്ള യാതൊരു ശ്രമവും ഇന്നു നടക്കുന്നില്ലെന്നുള്ള വസ്തുത ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. സിനിമയുടെ വഴിപിഴച്ച പോക്കിനെതിരേ, അതിന്റെ പിന്നാലെയുള്ള സമൂഹത്തിന്റെ ഒഴുക്കിനെതിരേ താക്കീതായ്ക്കുവാൻ ആർക്കും കഴിഞ്ഞിട്ടില്ല. എന്നാൽ മതാധികാരികളും ''സിനിമാ കാണരുതു്'' എന്നു് നിരന്തരമായി ഉൽഘോഷിപ്പിച്ചുകൊണ്ടാണിരിയ്ക്കുന്നതു്. പക്ഷെ ഇതു വെറും വനരോദനമായി കലാശിക്കുക മാത്രമേ ഇന്നോളം ചെയ്തിട്ടുള്ളു. ചിത്രങ്ങളുടെ എണ്ണവും പ്രേക്ഷകരുടെ സംഖ്യയും നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ളതു് ഇതിനുവേണ്ടുവോളം തെളിവാണു്. നല്ല ചിത്രങ്ങളേ കാണാവു, ചീത്തചിത്രങ്ങളുടെ വർജ്ജിയ്ക്കണം എന്നാരെങ്കിലും പറഞ്ഞാൽ അതിൽപരം ഒരു വിഡ്ഢിത്തമുണ്ടെന്നു് തോന്നുന്നില്ല. സിനിമയെസംബന്ധിച്ചിടത്തോളം, നിർമ്മാണകർക്കു് എന്തെങ്കിലും തത്പരീക്ഷയുള്ളതായികേട്ടു കേൾവിപോലുമില്ലാതിരിയ്ക്കെ, നല്ല ചിത്രങ്ങളെയും ചീത്തചിത്രങ്ങളെയും എങ്ങനെ വേർതിരിച്ചുകാണിയ്ക്കാൻ കഴിയും? വിശ്വപ്രസിദ്ധഗ്രന്ഥത്തിലെ ചില സുപ്രധാനഭാഗങ്ങൾപോലും അടർത്തിയെടുത്തു്, യാതൊരു സാമാന്യ മര്യാദയുമില്ലാതെ, ''ഭാവന''യുടെ നിറപ്പകിട്ടുള്ള തൊങ്ങലുകളും തുന്നിച്ചേർത്തു്, അസാന്മാർഗ്ഗികത കൂട്ടിക്കുഴച്ചു്, അലങ്കോലപ്പെടുത്തി പ്രദർശിപ്പിച്ചു മുതലെടുപ്പു നടത്തുന്നതിനു് എത്രവേണമെങ്കിലും ധൃഷ്ടാന്തങ്ങൾ എടുത്തു കാണിയ്ക്കാൻ വിഷമമില്ല. ഇതെല്ലാം കണ്ടുകൊണ്ടു് കൈയും കെട്ടിയിരിയ്ക്കാൻ കഴിയുകയില്ലെന്നുള്ളതു ശരിതന്നെ. പക്ഷെ അതിന്റെ പേരിൽ സിനിമാ കാണരുതെന്നു് വാദിയ്ക്കുന്നതു് അർത്ഥശൂന്യമാണു്. എത്രശ്രമിച്ചാലും സിനിമയിൽ നിന്നു് മനുഷ്യനെ അകറ്റാൻ കഴിയുകയില്ല. അതിനുവേണ്ടിയുള്ള ശ്രമം അപഹാസ്യവുമാണു്; അല്പത്തവുമാണു്.

എന്നാൽ സാമൂഹ്യത്തെ ദുഷിപ്പിച്ചുകൊണ്ടു്, വൃത്തികേടുകളിലൂടെ കുത്തിപ്പാഞ്ഞൊഴുകുന്ന സിനിമയുടെ കുത്തൊഴുക്കിനു മുമ്പിൽ അമ്പരന്നുനിൽക്കുന്ന ആദർശപ്രേമികൾക്കു് ചെയ്യാവുന്ന മറ്റൊരു കാര്യമുണ്ടു്— സിനിമയെ പിടിച്ചുനിർത്തി നേരായ മാർഗ്ഗത്തിലൂടെ തിരിച്ചുവിടുക! ഇതത്ര നിസ്സാരമായ കാര്യമാണെന്നു പറയുകയല്ല. പക്ഷെ ശ്രമസാദ്ധ്യമാണെന്നുള്ളതിനു് ദൃഷ്ടാന്തങ്ങളുമുണ്ടെയുണ്ടു്. സാന്മാർഗ്ഗബോധത്തിന്റെയും, സദാചാരചിന്തയുടേയും നേർക്കു വെളിവാരിയെറിയുന്ന മനോഭാവത്തിൽ സിനിമയെ വിമുക്തമാക്കണം. ആദർശങ്ങളെ ക്രൂശിയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിയ്ക്കണം. നിലവിലുള്ളതിനെ മുഴുവൻ വെല്ലുവിളിയ്ക്കുന്നതാണു് യഥാർത്ഥപുരോഗമനം എന്ന വരുത്താനുള്ള സിനിമയുടെ ശ്രമത്തെ തടയണം. അയഥാർത്ഥമായ വസ്തുതകളെ നിറം പൂശിക്കാണിച്ചു് മനുഷ്യനെ ലഹരിപിടിപ്പിയ്ക്കുകയും, നഗ്നസത്യങ്ങളുടെ നേർക്കു കണ്ണടയ്ക്കാൻ പ്രേരിപ്പിക്കുകയുംചെയ്യുന്ന രീതിയെ എതിർക്കണം. ദുർബലവികാരങ്ങളെ ചൂഷണം ചെയ്തുകൊണ്ടുള്ള ബോക്സാപ്പീസ് കളക്ഷൻ പ്രസ്ഥാനത്തെ നിരുത്സാഹപ്പെടുത്തണം. യുവതലമുറയെ മുഴുവൻ സ്വപ്നാടനക്കാരാക്കുന്ന ഈ ക്രൂരതയെന്നുള്ളിലുള്ളയണം. ചുരുക്കത്തിൽ, സിനിമയെ അപ്പാടെ മാനസാന്തരപ്പെടുത്തിയെടുക്കാനുള്ള ഒരു തീവ്രയത്നമാണു് ഇന്നാവശ്യമായിരിയ്ക്കുന്നതു്.

നാടകമായ യൗവനത്തെ മറ നീക്കിക്കാണിച്ചാൽ മാത്രമേ ഒരു ചിത്രം വിജയിക്കുകയുള്ളു എന്നാരും അവകാശപ്പെടുമെന്നു തോന്നുന്നില്ല. റോക്ക്–എൻ–റോൾ, നൃത്തങ്ങളും

പൊള്ളമനുഷ്യർ

(ജോസഫ് അഞ്ചനാട്ട് എം. എ.)

തുടലിൽക്കരുക്കിയ വാരണംപോലേ നിന—
ക്കടിമപ്പണിചെയ്വൂ ഭീമരൂപിയാം ശാസ്ത്രം
,എങ്കിലും നിൻ ചിത്തത്തിൻ വാനരം വിവേകത്തിൻ
ശൃംഖലതകർത്തെന്തിച്ചാപലം കാണിക്കുന്നു?
കീഴടക്കിയോർ നമ്മ,ളെവറെസ്റ്റി'നെപ്പക്ഷേ
കീഴടങ്ങുന്നു സ്വയം ക്ഷുദ്രമിപ്പുറവിൻമുമ്പിൽ?
മൃത്യുയുദ്ധത്തിൽ മുറിവേറ്റപ്പിച്ച,മേറും സ്വയം
രിക്തശോണിതമമ്പേ ദുർബലം നിൻ പാണിയിൽ
നീ സ്വയം നിർമ്മിച്ചിട്ട ചങ്ങല തിളങ്ങുന്നു:
നീയൊരു തടവിലിലാണ നിന്നുള്ളിൽത്തന്നെ.
ഒട്ടകപ്പക്ഷിയ്ക്കൊപ്പം മണലിൽ ശീഘ്രംപൂഴ്ത്തീ—
ട്ടൊടിട ഭ്രമിപ്പു നാം ശത്രുവേ വഞ്ചിപ്പതായ്.
മണലിൽ—കൃത്യാന്തരവ്യഗ്രമീജന്മത്തിന്റെ—
തണലിൽ—നമ്മിൽനിന്നും നമ്മെ നാം മറയ്ക്കുന്നു.
എന്തിനിപ്പാലായന?—മോടവതെങ്ങോട്ടേയ്ക്കും—
ണ്ണന്തരാത്മാവിൽനിന്നും മോചനം പ്രാപിക്കുവാൻ.
പൊള്ളയാം മനുഷ്യരാണിന്നുനാ—മാർഭോടത്തി—
നുള്ളിലുദ്ഭ്രാന്തം ശൂന്യശൂന്യതയൊളിക്കുന്നോർ!

നൈറ്റ് ക്ലബുകളിലെ മദ്യപാനവും കൊള്ളരുതായ്മകളും ചിത്രീകരിച്ചാൽ മാത്രമേ പടത്തിനു മാർക്കറ്റ് കിട്ടുകയുള്ളു എന്നു പറഞ്ഞാൽ എങ്ങനെ വിശ്വസിയ്ക്കാനാണ്? പ്രേക്ഷകരെ രസിപ്പിയ്ക്കുവാൻ, വെറും ഏഴാന്തരം കോമാളിത്തരങ്ങളും, സ്ഥിരമായ ഗാനങ്ങളും ആവശ്യമാണെന്നു പറഞ്ഞതാൽ ആക്ഷേപഹാസ്യമെന്നു സ്വീകരിയ്ക്കാൻ കഴിയും? വെറും കച്ചവടമനസ്ഥിതിയിൽ മാത്രം നിയന്ത്രിയ്ക്കപ്പെടുന്ന അവസ്ഥയിൽനിന്നു സിനിമയെ മോചിപ്പിയ്ക്കാനുള്ള ഒരു ശ്രമമാണ് ഇന്നു നടത്തേണ്ടതു്. സദാചാരത്തിന്റെയും സാമ്പാർഗ്രത്തിന്റേയും മാറ്റു വർദ്ധിപ്പിയ്ക്കാനതുകൂടി ചിത്രങ്ങൾ ഒന്നൊന്നായി പുറത്തു വരണം. സത്യങ്ങൾ സത്യങ്ങളായും, സങ്കല്പങ്ങൾ സങ്കല്പങ്ങളായും ചിത്രീകരിക്കപ്പെടണം. കലർപ്പില്ലാത്ത വിനോദവും കലർപ്പില്ലാത്ത വിജ്ഞാനവും സിനിമയിൽ നിന്നു ലഭിയ്ക്കണം, സംസ്കാരത്തിന്റെ തേജസ്സ് ഇതുകൊണ്ടു വർദ്ധിയ്ക്കണം. അങ്ങനെ തിന്മയെ തിന്മയായും നന്മയെ നന്മയായും വേർതിരിച്ചുകാണിയ്ക്കണം. അങ്ങനെ സിനിമ മനുഷ്യനു് ഒരു അനുഗ്രഹമായിത്തീരുകയും, സമൂഹത്തിന്റെ അനുക്രമമായവികാസത്തിനും വളർച്ചയ്ക്കും ഒരു സഹായമായി ഭവിയ്ക്കുകയും ചെയ്യണം. എന്തുകൊണ്ടിതു കഴിയുകയില്ല?

അൽബേരിയോൻ എന്ന പ്രസിദ്ധനായ ഒരു കത്തോലിയ്ക്കാ പുരോഹിതൻ ചലച്ചിത്ര രംഗത്തും ചെയ്തുകൊണ്ടിരിയ്ക്കുന്ന സേവനങ്ങളുടെ വൈപുല്യത്തെക്കുറിച്ച് ഈയിടെ വായിക്കാൻ കഴിഞ്ഞ ചില വിവരങ്ങളാണ് ഇതുമായും ഉറക്കെ ചിന്തിയ്ക്കാൻ പ്രേരിപ്പിച്ചതു്. ആശയപ്രചരണത്തിനു്. ആധുനികലോകം കണ്ടെത്തിയിരിയ്ക്കുന്ന നൂതനമാർഗ്ഗങ്ങളെ ആധാരമാക്കി പ്രേഷിതവൃത്തി സ്തുത്യർഹമായി നിർവഹിയ്ക്കുന്ന, ''സൊസൈറ്റി ഓഫ് സെൻറ് പോൾ'' എന്ന സഭയിലെ ഒരു സജീവാംഗമാണദ്ദേഹം. ശാസ്ത്രത്തിന്റെ പുതിയ നേട്ടങ്ങളും ദൈവം മനുഷ്യനു നൽകിയിരിക്കുന്ന മഹത്തായ ദാനങ്ങളാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. എന്നാൽ ഈപുതിയ നേട്ടങ്ങളും, ദൂർവിനിയോഗം ചെയ്യപ്പെടുകയും തെറ്റിദ്ധരിപ്പിയ്ക്കപ്പെടുകയും മതത്തോടുള്ള വെല്ലുവിളിയായി ചിത്രീകരിക്കപ്പെടുകയും ചെയ്യുന്നതുകണ്ടു്, മറ്റെല്ലാവരേയുംപോലെ അമ്പരപ്പോടെയും ആശങ്കയോടെയും അറച്ചുനില്ക്കാൻ അദ്ദേഹം തയ്യാറില്ല. ദൈവത്തിന്റെ ദാനമായ ശാസ്ത്രീയനേട്ടങ്ങൾകൊണ്ടു് ദൈവത്തിനുതന്നെ സേവനം നടത്തുവാൻ അദ്ദേഹം തീവ്രമായി അഭിലഷിയ്ക്കുന്നു.അതിനുവേണ്ടി, ആശയപ്രചരണത്തിനുള്ളഏറ്റവും നല്ല മാർഗ്ഗവും, സമൂഹത്തിലാകെ വിപത്തിന്റെ വിത്തുകൾ വിതറിക്കൊണ്ടിരിയ്ക്കുകയും ചെയ്യുന്ന സിനിമയെത്തന്നെയാണു് ഫാ: അൽബേരിയോൻ കടന്നുപിടിച്ചതു്!

സാമ്പത്തിക നേട്ടത്തിനുവേണ്ടി, സിനിമയെ ക്കൊണ്ടു്, സമൂഹത്തിലെ സ്ഥായിയായ മേന്മകളെ ദ്രവിപ്പിച്ച കളയുന്ന ദുഷ്പ്രവണത തടയാൻ അദ്ദേഹം ഉറച്ചു. 1930—ലാണു് ഇതിനുവേണ്ടിയുള്ള ശ്രമമാരംഭിച്ചതു്. 1938—ൽ ''അബൺറമെസ്യാസ്'' എന്ന തന്റെ ആദ്യത്തെ ചിത്രം അദ്ദേഹം പുറത്തിറക്കി. വേദപ്രചാര സ്വഭാവമുള്ള ഒരു ചരിത്രസംഭവമാണു് അദ്ദേഹം ഇങ്ങനെ വിജയകരമായ രീതിയിൽ വെള്ളിത്തിരയിലേയ്ക്കു പകർത്തിക്കാണിച്ചതു്. വെനീസ്സിൽ ആയിടയ്ക്കു നടന്ന സിനിമാപ്രദർശനമത്സരത്തിൽ ഈ ചിത്രം ,മുസ്സോളിനിക്കപ്പീ'നു് അർഹമായി എന്നു പറയുമ്പോൾ ഇതെത്രമാത്രം വിജയകരമായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണു്. 1947—ൽ പ്രധാനമായും കുട്ടികളെ ഉദ്ദേശിച്ചുള്ള രണ്ടുചിത്രങ്ങൾകൂടി ഫാ; അൽബേരിയൻ തയ്യാറാക്കി. പിന്നീടു് വേദോപദേശം ചലച്ചിത്രത്തിലാക്കാനുള്ള ശ്രമമാണു് അദ്ദേഹം നടത്തിയതു്. 1957—ൽ ഇതു വിജയകരമായി പൂർത്തിയാകതന്നെ ചെയ്തു. എന്നാൽ ഇപ്പോഴും അത്യന്തം ശ്രമകരമായ ഒരു കാര്യത്തിൽ അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞിരിയ്ക്കുന്നു. വിശ്രുത ഗ്രന്ഥത്തെ അപ്പാടെ വെള്ളിത്തിരയിൽ പകർത്തിക്കാണിയ്ക്കാനുള്ള ഒരു സാഹസികയത്നം! 18 മണിക്കൂർ നീണ്ടു നില്ക്കുമെന്നു കരുതപ്പെടുന്ന ഈ ചിത്രം എന്നത്തേയ്ക്കു പൂർത്തിയാകുമെന്ന തീർച്ചയില്ല. പരിശ്രമശാലയായ അദ്ദേഹം അതിനുവേണ്ടി ദ്രുതഗതിയിൽ പ്രവർത്തിച്ചുവരികയാണു്.

സൊസൈറ്റി ഓഫ് സെൻറ് പോൾ ചലച്ചിത്ര രംഗത്തു് ഇപ്പോഴും പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചാണു വരുന്നതു്. ചിത്രങ്ങൾ സ്വന്തമായി നിർമ്മിയ്ക്കുക മാത്രമല്ല, പുറത്തുനിന്നു് ചിത്രങ്ങൾ വാങ്ങിച്ചു് അനാവശ്യമായ ഭാഗങ്ങൾ കട്ടു ചെയ്തുമാറ്റി പ്രദർശനത്തിനു നൽകുന്ന ഒരു ഏർപ്പാടും അവർ തുടങ്ങിയിട്ടുണ്ടു്. പ്രവർത്തനം അത്ഭുതകരമായ രീതിയിൽ പ്രയോജനകരമാണെന്നു് ഇതിനകംതന്നെ തെളിഞ്ഞുകഴിഞ്ഞിരിയ്ക്കുന്നു. ഈ വിഷയത്തിൽ താല്പര്യമുള്ളവർ ഫാ: അൽബേരിയനേയും ''സൊസൈറ്റി ഓഫ് സെൻറ് പോൾ''— നേറേയും പ്രവർത്തനങ്ങളെക്കുറിച്ചു് അന്വേഷിച്ചു മനസിലാക്കുന്നതു് നന്നായിരിയ്ക്കും. എന്നാൽ ശ്രദ്ധിയ്ക്കേണ്ട മറ്റു ചില കാര്യങ്ങളുണ്ടു്. ഇത്തരം ചിത്രങ്ങൾ എല്ലായിടത്തും പ്രദർശിപ്പിയ്ക്കാൻ കഴിഞ്ഞെന്നു വരില്ല. അശ്ലീലവും ആഭാസത്തരങ്ങളും മാത്രം നിറഞ്ഞ ചിത്രങ്ങൾക്കേ കളക്ഷൻ ഉണ്ടാവുകയുള്ളുവെന്നും, അവമാത്രമേ പ്രദർശിപ്പിയ്ക്കുകയുള്ളുവെന്നും നിർബന്ധം പിടിയ്ക്കുന്ന തീയ്യേറ്റർ ഉടമകളുണ്ടു്. ഈ വൈഷമ്യം തരണംചെയ്യാൻ വേണ്ടി ഇറാലിയിലും മറ്റും ഇടവകകൾതോറും സിനിമാപ്രദർശനത്തിനുള്ള പ്രത്യേക ഏർപ്പാടുകളും സ്വീകരിച്ചുവരുന്നുണ്ടത്രെ. ഏതായാലും. സിനിമയുടെ വഴിപിഴച്ചപോക്കിനെ തടയുവാനും, ആഗ്രഹിയ്ക്കുന്ന,എവിടെയുമുള്ള ക്രൈസ്തവർ, ഫാ; അൽബേരിയന്റെ മാതൃക സ്വീകരിച്ചുകൊണ്ടു്. അതിനുവേണ്ടി സത്വര നടപടികളും ആരംഭിയ്ക്കേണ്ടതു് ഈ കാലഘട്ടത്തിന്റെ തന്നെ ഒരാവശ്യമായികഴിഞ്ഞിരിയ്ക്കുന്നു. സഹകരണബോധവും ത്യാഗമനോഭാവവും ഇക്കാര്യത്തിൽ ഒഴിച്ചുകൂടാനാവാത്തതാണു്. ഓരോരാഷ്ട്രത്തിന്റേയും പ്രത്യേകസംസ്കാരവും, ഓരോ ജനതയുടെയും, സ്വന്തമായ സ്വഭാവ—ആചാരമര്യാദകളും മാനിയ്ക്കപ്പെടുന്ന, സത്യത്തിന്റെ വെളിച്ചവും നന്മയുടെ മാർഗ്ഗവും ദ്യോതിപ്പിയ്ക്കുന്ന ചിത്രങ്ങൾ ധാരാളമുണ്ടാകണം. ഓരോ സ്ഥലത്തും അവ പ്രദർശിപ്പിയ്ക്കാനുള്ള പ്രത്യേക സൗകര്യങ്ങളും ഏർപ്പാടു ചെയ്യണം. സമൂഹത്തിന്റെ സഹകരണം ഇക്കാര്യത്തിൽ നേടാനും കഴിയണം. എങ്കിൽ സിനിമ ഒരപകടമല്ല, ഒരാവശ്യവും അനുഗ്രഹവുമാണു്. വെറുതെ കുറേ പറഞ്ഞുകൊണ്ടിരിയ്ക്കാൻ ആക്ഷേപം കഴിയും. സിനിമാ കാണരുതു് എന്നു് ഇക്കാലത്തു് ഉപദേശിയ്ക്കുന്നതു് എന്തൊരു വിഡ്ഢിത്തമാണെന്നു് ആലോചിച്ചുനോക്കൂ. ഇരുട്ടിനെ പഴിച്ചുകൊണ്ടിരിയ്ക്കുന്നവർ ഒരു ചെറിയ കൈത്തിരിയെങ്കിലും കൊളുത്താൻ ശ്രമിയ്ക്കുട്ടെ.—!

അടിമയായിത്തീർന്ന രാജാവ്

(സാധു ഇട്ടിയവിര, പെരുമ്പടിക്കുന്നേൽ)

രാജാക്കന്മാരുടെയും രാജ്ഞിമാരുടെയും കാലം ഇങ്ങിനി വരാതെവണ്ണംപോയിരിക്കുന്ന ഇക്കാലത്തു് രാജത്വത്തിരിനാം ആഘോഷിക്കുന്നതിന്റെ ഔചിത്യത്തെ ചോദ്യം ചെയ്യുന്ന ആളുകളെ എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ടു്.

രാജാക്കന്മാരെന്നുവച്ചാൽ മറ്റുള്ളവരെ ചൂഷണം ചെയ്തു സുഖലോലുപന്മാരായികഴിയുന്ന ഒരു കൂട്ടം ആളുകളെന്നാണു് അനേകം ആളുകളുടെയും വിചാരം. അങ്ങനെയുള്ള രാജാക്കന്മാരുടെ വാഴ്ചയ്ക്കു് അറുതിവന്നിരിക്കുന്ന കാലത്തു്; ക്രിസ്തുവിനെ രാജാവായിക്കരുതി ആരാധിക്കുന്നതു് ഒരു വിഡ്ഢിത്തമായി പരിഗണിക്കുന്നവരും ഇല്ലാതില്ല. ക്രിസ്തുവിന്റെ രാജത്വത്തിരിനാം, രാജ്യത്വത്തെ എന്നേയ്ക്കുമായി കഴിച്ചുമൂടിക്കൊണ്ടിരിക്കുന്ന ഈ 20–ാം നൂറാണ്ടിൽ ആഘോഷിക്കാൻ തീരുമാനിച്ചതു് കത്തോലിക്കാസഭയുടെ പിന്തിരിപ്പൻ നയത്തിനു് ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്ന പുരോഗമനക്കാരുടെ സംഖ്യകുറവല്ല. ക്രിസ്തുവിന്റെ രാജത്വം ആഘോഷിക്കുന്ന നമുക്കു് ആ രാജത്വം ഏതു തരത്തിലുള്ളതാണു് എന്ന ശരിയായ ബോധം ഉണ്ടാകേണ്ടിയിരിക്കുന്നു.

ഒരു പിതാവു് തന്റെ കുട്ടികളെ കുറ്റപ്പെടുത്തിയെന്നും അടിച്ചെന്നും വരും. പക്ഷെ, പിതാവിനെ അടിക്കുന്ന ആളായിമാത്രം കുട്ടികളം പരിഗണിക്കുന്നുവെങ്കിൽ അതു തെറ്റായിരിക്കും. ഒരു ഡ്രൈവർ, ബസ്സു് ഓടിക്കുമ്പോഴും ചെളിതെറിപ്പിച്ചെന്നും, തവളയെകൊന്നെന്നും വരും. പക്ഷെ ഡ്രൈവർ ബസ്സു് ഓടിക്കുന്നതു് തവളയെ കൊല്ലാനും ചെളിതെറിപ്പിക്കാനും ആണെന്നു് ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അതു് അബദ്ധമല്ലെ? ഒരു വിദ്യാർത്ഥി സ്കൂളിൽ പോകുന്നതു്, പുസ്തകം ചുമക്കാനോ നോട്ടെഴുതാനോ, അല്ല. പിന്നെയൊ, പുസ്തകം ചുമക്കുന്നതും, നോട്ടെഴുതുന്നതും പഠിക്കാനാണു്. ഇതുപോലെ, ഒരു രാജാവിനു്, മറ്റുള്ളവരെ ശിക്ഷിപ്പിക്കാതെയും, മറ്റുള്ളവരെക്കാൾ സുഖമായി ജീവിക്കാതെയും ഇരിക്കാൻ നിവൃത്തിയില്ല. നമ്മുടെ തല ശരീരത്തിന്റെ മറ്റു് എല്ലാഭാഗങ്ങളിലും ഉയർന്നു സ്ഥിതിചെയ്യുന്നു. കാലുകൊണ്ടു തലയെ ചുമന്നുകൊണ്ടു നടക്കണം. തലയെ കൈയ്യു് സംരക്ഷിക്കണം. എന്നിരുന്നാലും, തല, കാലുകൊണ്ടു നടക്കേണ്ടതും കൈകൊണ്ടു സംരക്ഷിക്കേണ്ടതുമായ ഒരു അവയവമാണെന്നു്, നാം പറയുന്നെങ്കിൽ ശരിയാണോ? തലയുടെ ജോലി, ശരീരത്തിന്റെ പൊതുവായ നന്മയെ ലാക്കാക്കി, മറ്റു് എല്ലാ അവയവങ്ങളെയും നിയന്ത്രിക്കുകയും ചെയ്യുക എന്നതാണു്. ഇതേ രീതിയിലുള്ളതാണു് ഒരു രാജാവിന്റെയും പ്രധാനകർത്തവ്യം. തന്റെ ജനങ്ങളെ നേരായ മാർഗ്ഗത്തിലൂടെ നയിക്കുക എന്നതാണു് രാജാവിന്റെ ചുമതല. ഈ വിധത്തിലുള്ള രാജത്വം— അതിനു് മറ്റു പേരുകൾ പറഞ്ഞെന്നുവരാം— ഇല്ലാത്ത ഒരു കാലവും ലോകത്തിൽ ഉണ്ടാകാൻ പോകുന്നില്ല. തലയില്ലാത്ത ശരീരം ജീവനില്ലാത്തതായിത്തീരുന്നു. അതുപോലെ രാജാവോ നേതാവോ ഇല്ലാത്ത ജനപദം നിർജ്ജീവമായിരിക്കും.

നേരായ പാതയിൽകൂടെ നമ്മെ നയിക്കുന്ന നമ്മുടെ നേതാവു് എന്ന നിലയിലാണു് ക്രിസ്തു നമ്മുടെ രാജാവായിരിക്കുന്നതു്. അവിടുന്നു് മനുഷ്യവർഗ്ഗത്തിന്റെ തലയാണു്. ആ വിധത്തിൽ അവിടുന്നു് നമ്മുടെയെല്ലാം രാജാവാണു്. ക്രിസ്തു തന്നെ പറഞ്ഞിട്ടുണ്ടു്. ''ഞാൻ വഴിയും, സത്യവും ജീവനും ആകുന്നു.'' എന്നു്. നാം ജീവിക്കേണ്ട ജീവനും, നാം അറിയേണ്ട സത്യവും, നാം പോകേണ്ട വഴിയും ക്രിസ്തുവാണു്. ഒരു കോഴിയുടെ ജീവനിലും ശ്രേഷ്ഠമാണു് ഒരു മനുഷ്യന്റെ ജീവൻ. ദൈവീക ജീവിതം. ദൈവീക ജീവിതത്തിലേയ്ക്കു് നമ്മെ നയിക്കുന്ന നമ്മുടെ നേതാവാണു് ക്രിസ്തു. അടിമകളുടെ ജീവിതത്തിൽനിന്നു് എത്രയോ ശ്രേഷ്ഠമാണു് സ്വതന്ത്രരായ പൗരന്മാരുടെ ജീവിതം! പാരതന്ത്ര്യത്തിൽനിന്നു് സ്വാതന്ത്ര്യത്തിലേയ്ക്കു് നമ്മെ നയിക്കുന്ന നമ്മുടെ രാഷ്ട്രപിതാവാണു് ക്രിസ്തു.

തലയിൽ പൊൻകിരീടവും വച്ചു്, വയറും വീർപ്പിച്ചു്, സ്തുതിപാഠകന്മാരുടെ പാട്ടും കേട്ടിരിക്കുന്ന രാജാക്കന്മാരുടെ രീതിയിൽ അവിടുന്നു രാജാവല്ല. തന്റെ ആടുകൾക്കുവേണ്ടി സ്വജീവനെതന്നെയും ബലികഴിക്കുന്ന നല്ല ഇടയന്റെ മാതിരിയിൽ തന്റെ ശിഷ്യന്മാരുടെ കാലുകഴുകാൻ മടിയില്ലാത്ത ഗുരുഭ്രതന്റെ രീതിയിൽ, തന്റെ പ്രജകൾക്കുവേണ്ടി സ്ഥാനമാനങ്ങളും ജീവൻപോലും പരിത്യജിക്കാൻ സന്നദ്ധനായ രാജാവാണു് അവിടുന്നു്. അധികാരസ്ഥാനങ്ങളിൽ പററിയിരുന്നു്, പാവങ്ങളെ ചൂഷണംചെയ്തുകൊണ്ടു് സ്വന്തം പള്ള വീർപ്പിക്കാൻ ഉറ്റുശ്രമിക്കുന്ന നേതാക്കന്മാരുടെ രീതിയിലുള്ള ഒരു നേതാവല്ല ക്രിസ്തു. തന്റെ അനുയായികൾക്കുവേണ്ടി, തന്റെ പ്രതാപമെല്ലാം മാറ്റിവച്ചിട്ടു് ഒരു അടിമയായിതീർന്ന നേതാവാണു് ക്രിസ്തു. മറ്റുള്ളവരുടെ അധസ്ഥിതിയിലാണു് തന്റെ ഉന്നതി എന്നു പരിഗണിച്ചു് താനും മറ്റുള്ളവരുമായുള്ള വിടവു് വർദ്ധിപ്പിക്കാൻ കിണഞ്ഞു പണിയുന്ന നമ്മുടെ ചില പ്രമാണികളുടെ തരത്തിലുള്ള ഒരു പ്രമാണിയല്ല ക്രിസ്തു. അവിടുന്നു് വചനത്തെ മാംസത്തോടും നിത്യത്വത്തെ കാലത്തോടും, ദൈവത്വത്തെ മനുഷ്യത്വത്തോടും, രാജത്വത്തെ പ്രജായത്വത്തോടും കൂട്ടിയിണക്കിയ വലിയ വിപ്ലവകാരിയാണു്

രാജാക്കന്മാരിൽ ആരും വിപ്ലവകാരികളായി തീർന്നുകൊണ്ടു്, സ്വന്തം അധികാരാവകാശങ്ങളും സ്ഥാനമാനങ്ങളും മറ്റുള്ളവർക്കുകൊടുക്കാൻ സമരം ചെയ്തതായിട്ടോ, ത്യാഗമനുഭവിച്ചതായിട്ടോ, കേട്ടുകേൾവിപോലുമില്ല. എന്നാൽ അപ്രകാരം ചെയ്തിട്ടുള്ള രാജാധിരാജനാണു് ക്രിസ്തു. തന്റെ അടിമകളെ തന്റെ സഹോദരങ്ങളെന്ന നിലയിലേയ്ക്കുയർത്താൻ വേണ്ടി തന്റെ പ്രതാപമെല്ലാം ഉപേക്ഷിച്ചിട്ടു്, ഒരു അടിമയെപ്പോലെ മരിച്ച വേറെ ഏതു രാജകുമാരനാണുള്ളതു്? രാജാക്കന്മാരുടെ ഗണത്തിൽ അതുല്യനായി അവിടുന്നു നിലകൊള്ളുന്നു.

മറ്റു നേതാക്കന്മാരെ ഉന്നതസ്ഥാനങ്ങളിലും മനുഷ്യർ സ്വസ്തിചൊല്ലി ബഹുമാനിക്കുന്നവരായിട്ടു് ആദരണീയങ്ങളായ പദവികളിലും നമുക്കു കാണാൻ സാധിക്കുമെങ്കിൽ ഈ രാജാവിനെ നമുക്കു കാണാൻ കഴിയുന്നതു് എളിയ പുൽക്കൂട്ടിലും, മനുഷ്യർ വെറുക്കുന്ന കുരിശിലും, മറ്റുള്ളവരുടെ അവഹേളനപാത്രമായിട്ടാണു്. മറ്റു രാജാക്കന്മാർക്കു് പൊൻകിരീടമാണെങ്കിൽ, ഈ രാജാവിനു് മുൾക്കിരീടമാണു്. ഈ രാജാവിനെ അന്വേഷിച്ചു് കൊട്ടാരങ്ങളിലും രമ്യഹർമ്മ്യങ്ങളിലും ചെന്നാൽ പറ്റുകയില്ല. കാലിത്തൊഴുത്തിലും കഴുമരത്തിലുമാണു് ഈ രാജാവിനെ നമുക്കു കണ്ടെത്താവുന്നതു്. കാലിത്തൊഴുത്തിൽ പിറക്കുന്ന ഏഴകളിൽ ഏഴയായവനും, കഴുമരത്തിൽ മരിക്കുന്ന പാപികളിൽ പാപിയായവനും രാജത്വം നേടിക്കൊടുത്ത രാജാധിരാജനാണു് ക്രിസ്തു.

ഇതു് ജനായത്തയുഗമാണെന്നും, ജനങ്ങൾക്കു് സ്വയംഭരണാവകാശമുണ്ടെന്നും നാം അവകാശപ്പെടുന്നു. പക്ഷെ, നമുക്കു് ഇങ്ങനെയുള്ള അവകാശാധികാരങ്ങൾ നേടിത്തന്ന, അതിനുവേണ്ടി ജീവാപ്പണം ചെയ്ത രാജാധിരാജനായ ഒരു വലയ വിപ്ലവകാരിയുണ്ടു്. ആ രാജാവിന്റെ മരണത്തിൽ കൂടെയാണു് അടിമകളായ നമുക്കു് രാജത്വം ലഭിച്ചതു്.

ഉത്തമരായ ചില മാതാപിതാക്കന്മാർ തങ്ങളുടെ മക്കൾ പ്രായമാകുന്നതോടുകൂടി തങ്ങളുടെ വസ്തുവകകളെല്ലാം അവർക്കു ഭോഗം ചെയ്തുകൊടുക്കുന്നു. അവർ ഒന്നും കൈയ്യടക്കിവയ്ക്കുന്നില്ല. പിന്നീടു് മക്കൾ എന്തെങ്കിലും കൊടുത്തെങ്കിൽ മാത്രമെ അവർക്കുള്ളു. സ്വന്തമായി ഒന്നും ഇല്ലാത്തവരെപോലെ

കത്തോലിക്കാകോൺഗ്രസിന്റെ നല്ല കാൽവയ്പ്

(ഫാ. ജെ. കുന്നേൽ തലശേരിരൂപത)

ഒരു തരം മുരടിച്ച പാരമ്പര്യങ്ങളിൽ ഒട്ടിപ്പിടിച്ചുനിന്നുകൊണ്ട് സമുദായത്തിന്റെ യാഥാർത്ഥത്തിൽ പ്രധാന്യമർഹിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് മനസ്സില്ലാഞ്ഞിട്ടോ കഴിവുകേടുകൊണ്ടോ സൗകര്യപ്രദമായി ഒഴിഞ്ഞുമാറി. ഫലപ്രദമായ സ്വാധീനം സമുദായത്തിൽ ചെലുത്തുവാൻ കഴിയാതെ കഴിഞ്ഞുകൂടിയിരുന്ന കത്തോലിക്കാകോൺഗ്രസ് കാലത്തിന്റെ ചുമരെഴുത്തു മനസ്സിലാക്കി വൈകിയവേളയിലാണെങ്കിലും മാറിയതും വിപ്ലവാത്മകവുമായ നയങ്ങളും ആവിഷ്കരിച്ചുകൊണ്ട്. ഏ. കെ. സി.സിയുടെ പുതിയ നീക്കങ്ങളും ആശ്വസ്യം വക നൽകുന്നുണ്ട്. ഏറ്റവും ബുദ്ധിപരമായിപ്പോയതു് ഏ. കെ. സി. സി. ബുള്ളറിന്റെ പരിഷ്കരിച്ച അവതരണമാണു്.

വസ്തുനിഷ്ഠമായും നിഷ്പക്ഷമായും ചൊടിയോടുകൂടിയും സമുദായത്തിന്റെ കാര്യം പറയുവാൻ ഇതുവരെ ഒരു പത്രമാകട്ടെ മാസികയാകട്ടെ നമുക്കുണ്ടായിരുന്നില്ല. ദീപിക മലബാർ മെയിൽ, സത്യദീപം കർമ്മലകുസുമം തുടങ്ങിയ പത്രമാസികകളെ വിസ്മരിച്ചുകൊണ്ടല്ല ഇതു പറയുന്നതു്. പക്ഷേ ആ പത്രങ്ങൾക്കും ആ മാസികകൾക്കും അവയുടേതായ പ്രത്യേക താല്പര്യങ്ങൾ ഉണ്ടായിരുന്നു. കാര്യങ്ങൾ തുറന്നു പറയുന്നതിൽ അവയുടെതായ പ്രത്യേക മറകൾ ഉണ്ടായിരുന്നു. ഏ. കെ. സി. സി. ബുള്ളറിനാകട്ടെ പ്രത്യേക താല്പര്യങ്ങളും ഒന്നുമില്ല. കാര്യങ്ങൾ തുറന്നു പറയുവാൻ ആരേയും ഭയപ്പെടേണ്ട Sunday Visitor Christian Herald Tablets Messenger of Christ തുടങ്ങിയ കത്തോലിക്കാപത്രമാസികകളെപോലെ വിലയും നിലയുമുള്ള, പറഞ്ഞു ഫലിപ്പിക്കാൻ കെല്പുള്ള പ്രവചനസ്വഭാവമുള്ള ഒരു പത്രം കേരളത്തിലെ കത്തോലിക്കാ സമുദായത്തിനു് എത്രയോ മുമ്പു് ഉണ്ടാകേണ്ടതായിരുന്നു. ഏകസ്വരത്തിൽ ശബ്ദിക്കുന്ന ഒരു നേതാവു് കേരളകത്തോലിക്കസമുദായമാകുന്ന ഊട്ടുശാലയിൽ എന്നേ പ്രത്യക്ഷപ്പെടേണ്ടതായിരുന്നു. ഏതായാലും ഇപ്പോഴത്തെ ബുള്ളറിൻ കോപ്പികൾ കണ്ടാൽ എല്ലാ പ്രതീക്ഷകളെയും സാധിക്കുന്നതിന്റെ സൂചനകൾ കാണുന്നുണ്ടു്.

നല്ലനിലയിലാണു് മാസികയുടേയും പുറപ്പാടു്. ആവശ്യത്തിനുള്ള മുഴപ്പു്, നല്ലഅച്ചടി. അറിവുകൾ നൽകുന്ന ലേഖനങ്ങൾ ആത്മാർത്ഥതനിറഞ്ഞ ആഹ്വാനങ്ങൾ. ചുരുക്കത്തിൽ ബുള്ളറിന്റെ ഒരു മൂന്നുകോപ്പികൾ അടുപ്പിച്ചു വായിച്ചപ്പോൾ മലബാർ കത്തോലിക്കാ വിഭാഗത്തിന്റെ വികാരങ്ങളുമായി യോജിച്ചുപോകുന്ന എനിക്കു് ഏ. കെ. സി. സിയെ സംബന്ധിച്ചുണ്ടായിരുന്ന പലതെറ്റിദ്ധാരണകളും മാറികിട്ടി. ഉണ്ടായിരുന്ന ആവലാതികളിൽ പലതിനും സമാധാനം ലഭിച്ചു. എന്റെ അനുഭവം തന്നെ മലബാറിലെ ഒട്ടനേകം കത്തോലിക്കർക്കും ഉണ്ടായികാണുമെന്നു് ഞാൻ വിശ്വസിക്കുകയുമാണു്.

കേരള കത്തോലിക്കാകോൺഗ്രസ് പ്രവൃത്തി സന്നദ്ധമായി മുമ്പോട്ടവന്നിരിക്കുന്നതായി ഞാൻ കാണുന്നു. ഇനിയത്തെ ഉത്തരവാദിത്വം സമുദായാംഗങ്ങളായ നമ്മുടേതാണു്. വളരെ ശക്തിയുള്ളതും കെട്ടുറപ്പുള്ളതും വിപുലമായ മൂലധനത്തോടുകൂടിയതുമായ ഒരൊറ്റ സംഘടന കേരളകത്തോലിക്കാസമുദായത്തെ സംബന്ധിച്ചിടത്തോളം അനിവാര്യമായിരിക്കുകയാണു്. ചെല്ലിന്നിടങ്ങളിൽനിന്നൊക്കെ കൊട്ടകിട്ടിയ അവസരങ്ങളിൽനിന്നെല്ലാം തൊഴിച്ചുമാറ്റപ്പെട്ട ഇനി എത്രനാൾകൂടി ഈ സമുദായത്തിനു് ഇങ്ങനെ മുന്നോട്ടു പോകാൻ സാധിക്കും. സംഘടിക്കുകയില്ലായെന്നു് കരുതിയവർ അതിശയകരമാംവണ്ണം സംഘടിപ്പിച്ചുകഴിഞ്ഞു. ഇന്നു് എല്ലാവരിൻറെയും കടിഞ്ഞാൺ അവരുടെ കരങ്ങളിൽ അമർന്നിരിക്കുന്നു. അവർ പിടിക്കുന്നതിലെ കാര്യങ്ങൾ നീങ്ങുകയും ചെയ്യുന്നു. നാമാകട്ടെ വിശാല വീക്ഷണകോണമൈതാനത്തിൽ കുട്ടികളെപ്പോലെ കളിച്ചുനടക്കുന്നു.

ഞാൻ കാണുന്നിടത്തോളം ഈ രാജ്യത്തിലെ കത്തോലിക്കാസമുദായത്തിനു് അഭിമുഖീകരിക്കേണ്ട പരമപ്രധാനമായ പ്രശ്നങ്ങളും സമുദായത്തിലെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ചെറു കൃഷിക്കാരുടെ കുടിപ്പാടങ്ങളിന്മേലുള്ള ഉൽകണ്ഠ പൊതു ആനുകൂല്യങ്ങളിൽ ആനുപാതികമായ ഓഹരി ലഭിക്കായ്ക ഇവയാണു്. ഇവ മൂന്നും വലിയ പ്രശ്നങ്ങളാണു് അർഹിക്കുന്ന ഗൗരവത്തോടെ അവയെ അഭിമുഖീകരിച്ചേ മതിയാവൂ. അവയിൽ നിന്നും മാറി നിന്നിട്ടു് ശവമടക്കിനും പെണ്ണിനെ കെട്ടിക്കാനും പണവും ആൾക്കാരും ഉണ്ടാകുന്നതുകൊണ്ടു് സമുദായത്തിന്റെ ആവശ്യം നിർവ്വഹിക്കപ്പെടുകയില്ല. വേദനകൾ മാറ്റപ്പെടുകയില്ല. സംതൃപ്തികൈവരുകയില്ല. പക്ഷേ ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടണമെങ്കിൽ ആഭ്യന്തരമന്ത്രിയായ പി. റ്റി ചാക്കോ എന്ന കത്തോലിക്കനും മലനാടുകയ്കയുണിയൻ ജനയിതാവായ വടക്കനെച്ചൻ എന്ന കത്തോലിക്കനും ലക്ഷപ്രഭുവായ കൊല്ലംകാരൻ എന്ന കത്തോലിക്കനും അങ്ങനെ കേരളത്തിലുള്ള എല്ലാ കത്തോ

അവർ ആയിത്തീരുന്നു. എങ്കിലും, അവരുടെ ഈദൃശമായ ദാരിദ്ര്യത്തിലും അവർ ധനികരാണു് എന്ന സത്യം മക്കളും അംഗീകരിക്കണം.

ഇന്നുനമുക്കു് അധികാരാവകാശങ്ങളും ഉണ്ടെങ്കിൽ, ഇന്നു നമുക്കു് ദൈവത്തിന്റെ മക്കളും എന്നനിലയിൽ തലനിവർത്തിനടക്കാൻ കഴിയുമെങ്കിൽ, അതിനു കാരണക്കാരൻ, നമ്മുടെ ഇടയിൽ, തന്റെ രാജത്വത്തെ മറച്ചുകൊണ്ടു്, നമ്മെപ്പോലെ നമുക്കായി ജീവിച്ചുമരിച്ച ക്രിസ്തുവാണു്. മാതാപിതാക്കന്മാരിൽനിന്നുസ്വന്തമായിത്തുവാങ്ങിയമക്കളും, തങ്ങളുടെ സ്വന്തു് മാതാപിതാക്കന്മാരിൽനിന്നു ലഭിച്ചതാണു് എന്ന ബോധമില്ലാത്തവരായാൽ, ക്രിസ്തുവിന്റെ കഷ്ടപ്പാടുകളിലും മരണത്തിലുംകൂടെ, ദൈവത്തിന്റെ മക്കളുംകൂടെത്ത അവകാശാധികാരങ്ങളുടെ ഉറവിടം എവിടെയാണു്. എന്നു് മനസ്സിലാക്കാത്തവരായാൽ പോര. ക്രിസ്തുവിന്റെ രാജത്വം പ്രഖ്യാപിക്കുന്നവരാം നമ്മുടെ രാജത്വം തന്നെയാണു് പ്രഖ്യാപിക്കുന്നതു്. എന്റെ തലയുടെ മഹത്വം എന്റെ കാലിന്റെയും മഹത്വമായിരിക്കുന്നതുപോലെ, ക്രിസ്തുവിന്റെ രാജത്വം, നമ്മുടെയും രാജത്വമാണു്.

രാജത്വം ചുരുക്കം ചില വ്യക്തികളിൽ നിന്നു് എല്ലാ ജനങ്ങളിലേയ്ക്കും വ്യാപിച്ചിരിക്കുന്ന ഇക്കാലത്തു് ക്രിസ്തുവിന്റെ രാജത്വത്തിരുനാളാം നാം ആഘോഷിക്കുന്നതു് എല്ലാ വിധത്തിലും സമുചിതമാണു്. ''ഞാൻ ഭക്ഷണമില്ലാത്തവനായിരുന്നു. . . ഞാൻ കിടപ്പാടമില്ലാത്തവനായിരുന്നു— ഞാൻ വസ്ത്രമില്ലാത്തവനായിരുന്നു— ഞാൻ അഗതിയായിരുന്നു—'' എന്നു് തന്നെപ്പറ്റി വിധിദിവസത്തിൽ ക്രിസ്തു പറയും, എന്നു് വേദപുസ്തകത്തിൽ നാം വായിക്കുന്നു. അവിടുന്നു് തന്നെപ്പറ്റി, ''ഞാൻ കിരീടാവകാശിയായിരുന്നു— ഞാൻ മുടിചൂടിയവനായിരുന്നു— ഞാൻ ധനവാനായിരുന്നു—'' എന്നൊന്നും പറയുന്നില്ല.

ക്രിസ്തുവിന്റെ രാജത്വം ആഘോഷിക്കുന്ന നാം ഭക്ഷണമില്ലാത്ത പാവപ്പെട്ടവന്റെയും, അശരണന്റെയും രാജത്വം പ്രഖ്യാപനം ചെയ്യുകയാണു്. ഇതു് എങ്ങനെ പിന്തിരിപ്പൻ പ്രസ്ഥാനമാകും?

ക്രിസ്ത്യാനികൾ മാംസമായ വചനത്തിൽ വിശ്വസിക്കുന്നു; കാലത്തിൽ കാണപ്പെട്ട നിത്യനായ ദൈവത്തെ ആരാധിക്കുന്നു; കുരിശിലേറി മരിച്ച 'പാപിയുടെ' പുണ്യത്തിലാണു് തങ്ങളുടെ രക്ഷ എന്നവർ വിശ്വസിക്കുന്നു. അടിമയായി കാണപ്പെട്ട രാജാവിനെ അവർ പൂജിക്കുന്നു.

ക്രിസ്തുവിന്റെ രാജത്വത്തിരുനാൾ കൊട്ടാരത്തിൽ കഴിയുന്ന ഒരു രാജാവിന്റെ തിരുനാളല്ല; കുരിശിൽ മരിക്കുന്ന പാവപ്പെട്ടവന്റെ തിരുനാളാണതു്.

സമുദായം മുന്നേറുവാൻ ഒറ്റ മാർഗ്ഗമേയുള്ള

കത്തോലിക്കാകോൺഗ്രസിനെ കെട്ടുറപ്പുള്ളതും പ്രയോജനമുള്ളതുമായ ഒരു സംഘടനയാക്കിത്തീർക്കാൻ ചില നിർദ്ദേശങ്ങൾ

(ജിയൊ കപ്പല്യുമാക്കൽ)

കുറെ മാസങ്ങൾക്കുമുമ്പ് ദീപികയിൽ അവതരിപ്പിക്കപ്പെട്ട 'നേതാവും പാർട്ടിയും' എന്ന പ്രമേയവും തുടർന്നുണ്ടായ അഭിപ്രായപ്രകടനവും പൊതുജനങ്ങളെ ബോധവാന്മാരാക്കിത്തീർക്കുന്നതിനു ഉപകരിച്ചു. പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണെന്നുള്ള നിഗമനത്തിലും എത്തിച്ചേർന്നു. പക്ഷേ ശരിയായ ഒരു കർമ്മപരിപാടി ആസൂത്രണം ചെയ്യുന്നതിൽ പരാജയമടയുകതന്നെ ചെയ്തു.

നേതാവിനുവേണ്ടി

നേതാവിന്റെ അഭാവം നമുക്കിന്നു അനുഭവപ്പെടുന്നുണ്ട്. വൈദികനേതൃത്വമുള്ള നമ്മുടെ സമുദായത്തിനു മറ്റു സമുദായക്കാരെപ്പോലെ മതത്തിന്റെ പശ്ചാത്തലത്തിൽ ഒരു അൽമായ നേതൃത്വം കെട്ടിപ്പടുക്കുക അത്ര എളുപ്പമല്ല. അതായിരിക്കാം ആദ്ധ്യാത്മികേതര മണ്ഡലങ്ങളിൽ പ്രതികൂലശക്തികൾക്കെതിരെ പടപൊരുതുവാൻ നമുക്കൊരു നേതൃത്വമില്ലാത്തതിന്റെ മനഃശാസ്ത്രപരമായ കാരണം. (മതാധികാരികൾക്കാകട്ടെ പ്രസ്തുത മണ്ഡലങ്ങളിൽ 'അയിത്തം' കല്പിക്കപ്പെട്ടിരിക്കുകയുമാണ്.) അതുകൊണ്ട് ഒരു സംഘടനയുടെ പശ്ചാത്തലത്തിൽ മാത്രമേ ഒരു നേതൃത്വം കെട്ടിപ്പടുക്കുവാൻ സാധിക്കയുള്ളൂ. എങ്കിൽമാത്രമേ നമുക്കു ഒരു നേതാവും ഉണ്ടാകയുള്ളൂ. വിഭിന്ന സമുദായങ്ങൾ അവയുടേതായ സംഘടനകളിൽ ഉറച്ചുനിന്നു അവകാശങ്ങൾ പിടിച്ചുവാങ്ങുന്ന ഈ നൂറ്റാണ്ടിൽ, മൗലികാവകാശധ്വംസകനിയമങ്ങൾ 'തുല്യം ചാത്തിവിടുക' ഒരു ഫാഷനായി തീർന്നിട്ടുള്ള ഈ കാലഘട്ടത്തിൽ, പ്രക്ഷോഭണസമ്മർദ്ദത്താൽ മാത്രമേ ഏതു നല്ലകാര്യവും നടത്തുകയുള്ളൂ എന്നൊരു സ്ഥിതിവിശേഷം ഭരണകർത്താക്കളിൽ നിലനിൽക്കുന്നുവെന്നു കഴിഞ്ഞകാലസംഭവങ്ങൾ വിളിച്ചറിയിക്കുന്ന ഈ സന്ദർഭത്തിൽ അവകാശങ്ങളുടെ കാവൽക്കാരും പരിരക്ഷകരുമായി ഒരു സംഘടനയും നേതൃത്വവും അവശ്യം ഉണ്ടായിരിക്കണമെന്നുള്ള കാര്യത്തിൽ പക്ഷാന്തരമില്ല. ഒരു ഉറച്ച സംഘടനയാണ് ആവശ്യമായിരിക്കുന്നതു്. പരിപക്വമായ നിയമസംഹിതകളെല്ലാം ലക്ഷ്യങ്ങളാലും പരിവേഷം ചെയ്യപ്പെട്ടതും അംഗസംഖ്യയും സാമ്പത്തിക സ്വാധീനതയും ഉള്ളതുമായ സംഘടനമാത്രമെ സാധാരണഗതിയിൽ കെട്ടുറപ്പുള്ളതായിരിക്കയുള്ളൂ. അങ്ങനെയുള്ള ഒരു സംഘടനയുടെ നേതൃത്വം അഭികാമ്യവും ബഹുമാന്യവുമായിരിക്കും. ആ നേതൃത്വത്തിൽ എത്തിച്ചേരുന്ന വ്യക്തി സാധാരണഗതിയിൽ അതിനാൽത്തന്നെ നേതാവായിരിക്കയും ചെയ്യും. അതുകൊണ്ട് അദ്ധ്യാത്മികേതര മണ്ഡലങ്ങളിൽ സ്വരമുയർത്താൻ നമുക്കൊരു നേതാവുണ്ടാകുന്നതിനുവേണ്ടി ക. കോൺഗ്രസ് സംഘടനയെ ശക്തിപ്പെടുത്തുക.

സംഘടനയെപ്പറ്റി

പ്രഗത്ഭമതികളും സംഘാടകപ്രവീണരുമായ വൈദികരും നമ്മുടെ സമുദായത്തിലുണ്ട്—നൽകപ്പെട്ട ചുമതലകൾ നിർവ്വഹിച്ചുകൊണ്ട് ഇതര മണ്ഡലങ്ങളിൽ കഴിഞ്ഞുകൂടുന്നവർ. ഒരു 'കാമരാജ്' പദ്ധതിതന്നെ സ്വീകരിച്ചു സംഘടനാപ്രവർത്തനങ്ങൾക്കുവേണ്ടി അവരിൽ കുറേപ്പേർ രംഗത്തിറങ്ങുന്നതു ക. കോൺഗ്രസിനെ അജയ്യമായ ഒരു സംഘടനയായി ഉയർത്തുന്നതിനു വളരെ സഹായിച്ചേക്കാം. സംഘടനാപ്രവർത്തനങ്ങൾക്കായി മാത്രം ചുമതലപ്പെട്ടവർ ഉള്ളതു അഭികാമ്യവും ഉത്തേജനാത്മകവുമാണല്ലോ.

സാമ്പത്തികം

സാമ്പത്തികപരാധീനതയുള്ള സംഘടനകൾ സാധാരണമായി ആരോഗ്യപൂർണ്ണമായ നിലനിൽപ്പില്ലാത്തവയാണ്. ക. കോൺഗ്രസ് അംഗത്വഫീസിൽമാത്രം ആശ്രയിച്ചുകഴിയുന്നതു് വളർച്ചയെ പ്രതികൂലമായി ബാധിക്കാതിരിക്കയില്ല. അതുകൊണ്ട് സംഘടനയ്ക്കു ഒരു നിശ്ചിത സ്ഥിരവരുമാനമാർഗ്ഗമുണ്ടായിരിക്കുന്നതു് ഉത്തമമാണ്. എല്ലാ ഇടവകപള്ളികളിൽ നിന്നും ഒരു മാന്യമായ ക്ലിപ്തസംഖ്യ കേന്ദ്രത്തിലേയ്ക്കു നൽകുന്നെങ്കിൽ, നമ്മുടെ സംഘടന സാമ്പത്തിക പരാധീനതയിൽനിന്നു വിമുക്തിനേടും. മാത്രമല്ല എല്ലാ ഇടവകക്കാരേയും അതു പരോക്ഷമായെങ്കിലും ബാധിക്കുന്നതിനും അവരെ സംഘടനാക്കാര്യത്തിൽ തൽപ്പരരാക്കുന്നതിനും സഹായിക്കുകയും ചെയ്യും.

അംഗങ്ങൾ

ക്ലിപ്തസംഖ്യ പ്രവേശനഫീസായി സ്വീകരിച്ചു രാജിയോടുകൂടിയോ മരണത്തോടുകൂടിയോ മാത്രം അവസാനിക്കുന്ന അംഗത്വം എല്ലാ പ്രായപൂർത്തിയായവർക്കും നൽകുക. വാർഷിക വരിസംഖ്യയെന്നുള്ളതു നിർത്തൽചെയ്യണം. ഓരോ വർഷത്തിലും സംഘടനാവാരത്തിൽ പ്രായപൂർത്തിയായവരെ അംഗങ്ങളായി ചേർക്കുക. പ്രായപൂർത്തിയാകുന്നതോടുകൂടി സംഘടനയിൽ അംഗത്വം സ്വീകരിക്കുകയെന്നുള്ളതു അനിവാര്യമാണെന്നുള്ള ചിന്ത ഭാവിതലമുറയ്ക്കെങ്കിലും ഉണ്ടാകത്തക്ക സ്ഥിതിവിശേഷം പ്രചരണമാർഗ്ഗങ്ങൾ മുഖേനയും മറ്റും ബന്ധപ്പെട്ടവർ നടത്തുക.

ലക്ഷ്യങ്ങൾ

ഭരണഘടനയിൽ (ക. കോ.) അംഗീകരിക്കപ്പെട്ട ലക്ഷ്യങ്ങൾ പലതുണ്ട്. എങ്കിലും മി. പി വി ചെറിയാൻ ബി എ ബി റ്റി പൊതുജനസമക്ഷം സമർപ്പിച്ചതുപോലെയുള്ള

ലിക്കണം. എളിമയോടുകൂടി കോൺഗ്രസ് നേതൃത്വത്തിനു കീഴടങ്ങണം. കേരളത്തിലെ അഭിവന്ദ്യപിതാക്കന്മാർ കോൺഗ്രസ് പ്രസിഡന്റിനു പ്രത്യേകമായ അധികാരാവകാശങ്ങൾ കല്പിച്ചുകൊടുത്തുകൊണ്ട് പരസ്യമായി അദ്ദേഹത്തെ ബഹുമാനിക്കണം. കേരളത്തിലെ വൈദികർ അദ്ദേഹത്തിനു മെത്രാനുകൊടുക്കുന്ന ബഹുമതി കൊടുത്തുകൊണ്ട് അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ അതാതിടവകകളിൽ നടപ്പാക്കാൻ സഹായിക്കണം. ഇതുപോലെ ചെയ്യുവാനുള്ള സന്മനസ്സ് തൽക്കാലം ബന്ധപ്പെട്ട എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുമെങ്കിൽ എനിക്കു യാതൊരു സംശയവുമില്ല. കേരള കത്തോലിക്കാ സമുദായം വളരെ വേഗം കുതിച്ചുയർന്ന ഒരു സംഘടനയായി രൂപം കൊള്ളും യഥാർത്ഥത്തിൽ പ്രധാനങ്ങളായ പ്രശ്നങ്ങൾക്ക് അതു പരിഹാരം കണ്ടെത്തുകയും ചെയ്യും



കേരളത്തിലെ ക്രൈസ്തവർ ഒരു പുതിയ വിപത്തിനെ നേരിടുന്നു

മൃതശരീരം പാവനമായ ഒരു നിശ്ചിത സ്ഥലത്തു് സംസ്കരിക്കുകയെന്നുള്ളതു് ക്രൈസ്തവരുടെ മതപരമായ ജീവിതത്തിലെ ഒരനുപേക്ഷണീയ ഘടകമാണു്. ലോകമെങ്ങുമുള്ള ക്രൈസ്തവർക്കു് ഈ പാവനമായ കർത്തവ്യത്തിൽനിന്നു് അകന്നു നില്ക്കുക സാദ്ധ്യമല്ല. മതസ്വാതന്ത്ര്യം അനുവദിക്കാത്ത രാജ്യങ്ങളിൽപ്പോലും, ആചാരമനുസരിച്ചു് ക്രൈസ്തവരുടെ മൃതദേഹം സംസ്കരിക്കുന്നതിനെ ആരും തടസ്സപ്പെടുത്തിയതായി കേട്ടുകേൾവി പോലുമില്ല. എന്നാൽ ആഷ്ടഭാരതത്തിന്റെ അവിഭാജ്യഘടകമായ കേരളത്തിൽ ക്രൈസ്തവർക്കു മൃതദേഹം സംസ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യംവരെ ഇന്നു് അപകടത്തിലായിക്കൊണ്ടിരിക്കുന്നു.

തൈയ്യലിൽ ഉണ്ടായ വേദനാത്മകമായ അനുഭവങ്ങൾ, കത്തോലിക്കരോടുള്ള കുറെ കമ്യൂണിസ്റ്റുകാരുടെ ഒറ്റപ്പെട്ട ഒരു പകപോക്കൽ നടപടിയായിക്കണ്ടു്, ആ സംഭവത്തിനു് അർഹിക്കുന്ന പ്രാധാന്യംകൊടുക്കാതെകൈകാര്യംചെയ്ത അകത്തോലിക്കാ ക്രൈസ്തവവിഭാഗങ്ങളിൽചിലർകേരളത്തിലുണ്ടു്.അന്നു ദീർഘവീക്ഷണമുള്ളവരും നിഷ്പക്ഷമതികളുമായ പലരും, ഇതു കത്തോലിക്കരോടുമാത്രമുള്ള ഒറ്റപ്പെട്ട ഒരു പകപോക്കൽ നടപടിയല്ലെന്നും, തൈക്കലിലെ പട്ടിണിപ്പാവങ്ങളായ കത്തോലിക്കർക്കുണ്ടായ അനുഭവംതന്നെ ഭാവിയിൽ ഇവിടത്തെ മറ്റു ക്രൈസ്തവവിഭാഗങ്ങൾക്കുമുണ്ടാകുമെന്നും, അതുകൊണ്ടു് ഇതു് കത്തോലിക്കരുടെമാത്രം ഒരു പ്രശ്നമായി കണക്കാക്കരുതെന്നും മുന്നറിയിപ്പു നൽകുകയുണ്ടായി. പക്ഷേ ആ മുന്നറിയിപ്പുകൾ അധികമാരും ചെവിക്കൊണ്ടില്ല.

എന്നാൽ ഇതാ ഇന്നതു സംഭവിച്ചിരിക്കുന്നു. അകത്തോലിക്കരായ ചില ക്രിസ്ത്യാനികൾമരിച്ചിട്ടും മൃതദേഹം സംസ്കരിക്കുന്നതിനെ ഒരു വിഭാഗം ആളുകൾ ചില സ്ഥലങ്ങളിൽ എതിർത്തുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു. ഒരു സ്ഥലത്തു് ഒരു ക്രിസ്ത്യാനിയുടെ മൃതദേഹം സിമിൻറുപെട്ടിയിൽ, തൈയ്യലിൽ നടന്നതുപോലെതന്നെ സൂക്ഷിച്ചതായും റിപ്പോർട്ടുണ്ടു്. മൃതദേഹം സംസ്കരിക്കുന്നതിനു് എതിർപ്പുണ്ടായ സ്ഥലങ്ങളിലെല്ലാംതന്നെ വളരെക്കാലം മുൻപുമുതൽതന്നെ സിമത്തേരികൾ നിലവിലുള്ളതാണു്. അവിടെ മൃതദേഹങ്ങൾ സംസ്കരിച്ചുപോന്നിരുന്നതുമാണു്. ഇങ്ങനെയുള്ള സിമിത്തേരികളിലാണു്, ഒരു സുപ്രഭാതത്തിൽ മൃതദേഹം സംസ്കരിച്ചുകൂടാ എന്ന കല്പന ചില ഉദ്യോഗസ്ഥന്മാരിൽനിന്നുണ്ടാകുന്നതു്. അല്പങ്കിൽ മൃതദേഹം സംസ്കരിയ്ക്കുന്നതിനു് ഒരു വിഭാഗമാളുകൾ എതിർക്കുന്നതു്.

കേരളത്തിലെന്നല്ല ഇന്ത്യയിൽത്തന്നെ ക്രിസ്ത്യാനികൾ ഒരു ചെറിയ ന്യൂനപക്ഷമാണു്. അങ്ങിനെയുള്ള ഒരു ന്യൂനപക്ഷസമുദായത്തിന്റെമേൽ നടക്കുന്ന ഈ കയ്യേറ്റം കണ്ടു് ചിരിയ്ക്കുകയും അട്ടഹസിക്കുകയും ചെയ്യുന്നവർ, സിമിൻറുപെട്ടികളിൽ ഇരുന്നു് മരിച്ചവരുടെ പോലും ഹൃദയം നീറിപ്പുകയുമ്പോൾ അതിനരികിലൂടെ സ്വീകരണഘോഷയാത്രകളുമായി ആനപ്പുറത്തെഴുന്നള്ളുന്നവർ, ജനാധിപത്യത്തിന്റെ യുഗത്തിലല്ല കാടത്തത്തിന്റെ യുഗത്തിലാണു ജീവിക്കുന്നതെന്നു പറയാതിരിക്കുവാൻ നിവർത്തിയില്ല. വഴിയിലും പുറമ്പോക്കിലും കാണുന്ന പറമ്പിലുമെല്ലാം കഴിച്ചിടാവുന്ന ഒരു ചത്തപട്ടിയുടെ പ്രേതംപോലെയല്ല ക്രിസ്ത്യാനികൾ അവരുടെ മൃതദേഹങ്ങളെക്കാണുന്നതു്. മൃതദേഹം പരിപാവനമായിക്കരുതി, നിശ്ചിത സ്ഥലത്തു സംസ്കരിച്ചു സൂക്ഷിക്കുവാൻ ക്രിസ്ത്യാനികൾ കടമപ്പെട്ടവരാണു്. ആ പരിപാവനമായ സ്വാതന്ത്ര്യം നിഷേധിക്കുന്നതു നാട്ടിൽ ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും പേരുപറയുന്നതിൽ എന്തുണ്ടർത്ഥമുള്ളതു്? ഒരു ന്യൂനപക്ഷത്തെ മരിച്ചാലും വേദനിപ്പിക്കുന്നതാണോ ജനാധിപത്യം? അവരുടെ സിമിത്തേരികൾ കയ്യേറുന്നതാണോ സോഷ്യലിസം. ആരുടെ സിമിത്തേരികളിൽ മൃതദേഹം സംസ്കരിയ്ക്കുന്നതെന്നു് ഒരുപ്രതീക്ഷിതനിമിഷത്തിൽ—അല്ലെങ്കിൽ വെറും പക്ഷപാതപരമായ കാരണങ്ങളാലും മറ്റും—ഒരുദ്യോഗസ്ഥൻ നിരോധനഉത്തരവുമായി പുറപ്പെട്ടുന്നതാണോ നീതിനടത്തൽ?

നിലവിലിരിക്കുന്ന സിമിത്തേരികളിൽ ശവസംസ്കാരം പാടില്ലെന്നു് ഇപ്പോഴും ആരെങ്കിലും വാദിക്കുന്നുവെങ്കിൽ അതു് അടുത്തകാലങ്ങളിലായി ഉണ്ടായിട്ടുള്ള ഏതെങ്കിലും താല്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടിയായിരിക്കണം. അടുത്തകാലത്തുണ്ടായ താല്പര്യങ്ങളും സംരക്ഷിക്കുന്നതിനായി ക്രിസ്ത്യാനികളുടെ സിമിത്തേരികളും ലിക്വിഡേറ്റു ചെയ്യണമെന്നു വാദിക്കുന്നതിലെന്തു നീതിയാണുള്ളതു്? ഒരു ന്യൂനപക്ഷത്തിന്റെമേൽ ക്രൂരപക്ഷം നടത്തുന്ന അന്യായവും ക്രൂരവുമായ ഒരു കയ്യേറ്റമായി മാത്രമേ ഇതു കാണുവാൻ കഴിയുകയുള്ളൂ. സിമിത്തേരികളിൽ മൃതദേഹം സംസ്കരിയ്ക്കുതെന്നു് നിയമത്തിന്റെ വാളുമേന്തി നിന്നു് പ്രഖ്യാപിക്കുന്ന ഉദ്യോഗസ്ഥന്മാർ, ക്രിസ്ത്യാനികളുടെ മൃതദേഹം എവിടെയാണു് മറുചെയ്യേണ്ടതെന്നുകൂടി പ്രഖ്യാപിക്കുവാൻ ബാദ്ധ്യതയുള്ളവരാണു്. എന്തുകൊണ്ടെന്നാൽ നിയമം മനുഷ്യർക്കുവേണ്ടിയാണു്, അല്ലാതെ മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല. അവരവരുടെ പുരയിടങ്ങളിൽത്തന്നെ മൃതദേഹം സംസ്കരിക്കുവാൻ ക്രിസ്ത്യാനികൾക്കു സാദ്ധ്യവുമല്ല. ക്രിസ്ത്യാനികൾക്കു മാത്രമല്ല മുസ്ലീങ്ങളുടേയും മതപരമായ വിശ്വാസമതാണു്. ഇന്നു ക്രൈസ്തവസമുദായത്തിന്റെ മേൽ നടക്കുന്ന നീചമായ ഈ കയ്യേറ്റം നാളെ മുസ്ലീം സമുദായത്തിന്റെമേലും ആരംഭിച്ചെന്നുവരാം.

നാട്ടിൽ സമുദായവിദ്വേഷവും, വർഗ്ഗീയവൈരുദ്ധ്യവും വളർത്തി ഏതോ ഗൂഢോദ്ദേശങ്ങൾ സാധിക്കുവാൻ ശ്രമിക്കുന്ന ഏതോ നിഗൂഢശക്തികളുടെ പ്രവർത്തനമാണു് ക്രൈസ്തവരുടെമേലുള്ള ഈ കയ്യേറ്റമെന്നു് കരുതേണ്ടിയിരിക്കുന്നു. മൃതദേഹത്തോടുള്ള ഈ പകപോക്കൽ ഇന്നു് ഏതാനും ചില സ്ഥലങ്ങളിലേയുള്ളൂ. എന്നാൽ ഇത്തരം സ്ഥലങ്ങളുടെ എണ്ണം കൂടിക്കൂടി വരുകയാണു്. അങ്ങിനെ, ഈ കണക്കിനു മുന്നോട്ടുപോയാൽ കേരളത്തിലെ ക്രൈസ്തവരുടെ സിമിത്തേരികളെല്ലാം

കോളനൈസേഷൻ പദ്ധതിയോ മറ്റോ ആവിഷ്കരിച്ച പ്രാവർത്തികമാക്കുക. അങ്ങനെ പൊതുജനശ്രദ്ധ ക്ഷണിക്കുക.

ഔദ്യോഗിക ജിഹാദ

ഒരു മാസികയും ഒരു ദിനപ്പത്രവും ആവശ്യമാണു്. സംഘടന ശക്തിപ്പെട്ടുമ്പോൾ ദിനപ്പത്രപ്രചാരണം സുസാധമായി വേറിക്കും. പഴക്കവും പാരമ്പര്യവുമുള്ള ഒരു കത്തോലിക്കാപ്പത്രം ഔദ്യോഗിക ജിഹാദായി സ്വീകരിക്കുന്നതും. സമുദായത്തിന്റെ ഉന്നമനത്തിനും ഉൽക്കർഷത്തിനുംവേണ്ടി വിനിയോഗിക്കുന്നതും ഉത്തമമല്ലേ, കരണീയമല്ലേ, മഹനീയമല്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ആവശ്യങ്ങളുടെ സമ്മർദ്ദം അതിനു പ്രേരിപ്പിക്കുന്നില്ലേ? ഒന്നിച്ചുമുന്നേറുക അല്ലെങ്കിൽ ഭിന്നിച്ചുനശിക്കുക.

നിരോധിയ്ക്കേണ്ടതായി വരും. പിന്നെ ക്രിസ്ത്യാനികളെ എവിടെ മൃതദേഹം സംസ്കരിയ്ക്കും?

ഒരുകാര്യം ആരും വിസ്മരിയ്ക്കരുതു്. ഇവിടത്തെ ക്രിസ്ത്യാനികളെ, ഇവിടത്തെ നമ്പൂതിരിയും, നായരും, ഈഴവനും, പറയനും, പുലയനും ക്രിസ്തുമതം സ്വീകരിച്ചു് ക്രിസ്ത്യാനികളെ ആയവരാണു്. ''വരത്ത''കളുടെ സംഖ്യ വിരലിൽ എണ്ണാൻ കാണുകയില്ല. ഈ ചരിത്രസത്യം മറയ്ക്കാതിരിക്കുന്നതു് എല്ലാവർക്കും നല്ലതായിരിക്കും.

ഏതായാലും ക്രിസ്ത്യാനികളെ ഇത്തരം പ്രശ്നങ്ങളിലെങ്കിലും വിഭാഗീയചിന്തകളെ വെടിഞ്ഞു് പ്രശ്നങ്ങളെ അഭിമുഖീകരിയ്ക്കുന്നില്ലെങ്കിൽ—സംഘടിതശക്തിയാജ്ജിച്ചും ഇത്തരം കയ്യേറ്റങ്ങൾക്കു് പ്രതിവിധി കാണുന്നില്ലെങ്കിൽ—ഭാവി ഭയാനകമായിരിക്കുമെന്നകാര്യത്തിൽ സംശയമില്ല. ഓരോ ക്രൈസ്തവസംഘടനകളും ഓരോസമിതിത്തീരുമായി മാറാതിരിയ്ക്കുണമെങ്കിൽ, പൊതുവായ ഈ ആപത്തിനു് നാം ഉടനെ പരിഹാരം കാണണം. ക്രൈസ്തവരെ ഈ ആപത്തിൽനിന്നു രക്ഷിക്കുവാൻ മതവിശ്വാസവും. ഈശ്വരവിശ്വാസവും, സർവ്വോപരി മനുഷ്യസ്നേഹമുള്ള എല്ലാ ഹൈന്ദവരും കൂടി തയ്യാറാകുമെന്നതന്നെവേണം കരുതുവാൻ. എന്തുകൊണ്ടെന്നാൽ, ഈ ആപത്തിന്റെ ഉത്ഭവം, ശിഥിലീകരണപ്രവണതകളും വിതച്ചു് ഏതോ ഗൂഢോദ്ദേശങ്ങളും സംധിക്കുവാൻശ്രമിക്കുന്ന ഏതൊക്കെയോ നിഗൂഢശക്തികളുടെമാത്രം പ്രവർത്തനത്തിൽനിന്നാണു്.

ആ നിർദ്ദേശം ശ്രീ കെ. എം. മുൻഷി ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ഹിന്ദുമതത്തോടും അതുപോലെയുള്ള മറ്റു അക്രൈസ്തവമതങ്ങളോടും കത്തോലിക്കാസഭ തികച്ചും നവീനമായ ഒരു സമീപനം സ്വീകരിക്കണമെന്നു് ഒരഭിപ്രായം ഇന്നു പൊതുവേ കത്തോലിസ്സഭയിൽ പൊന്തിവന്നിട്ടുണ്ടു്. ആധുനികലോകത്തിന്റെ വീക്ഷണഗതികൾക്കനുസൃതമായ ഈ സമീപനരീതിയുടെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അലഹബാദ് ബിഷപ്പു് ലയണാർഡ്സ് റെയ്മൺഡ്സ് തിരുമേനി വത്തിക്കാനിൽവച്ചുചെയ്തതായി റിപ്പോർട്ടുചെയ്യപ്പെട്ട അഭിപ്രായപ്രകടനത്തിലെ നിർദ്ദേശങ്ങളെ ഭാരതീയ വിദ്യാവേന്റെ പ്രസിസന്റും, ഇന്ത്യയിലെ സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിലെ ഒരു പ്രമുഖവ്യക്തിയുമായ ശ്രീ. കെ. എം. മുൻഷി ഹാർദ്ദമായി സ്വാഗതംചെയ്തിരിക്കുന്നു. സി. എൻ. ഐ. സ്സിലുള്ള ഒരു കത്തിൽ ശ്രീ കെ എം മുൻഷി, ബിഷപ്പിന്റെ നിർദ്ദേശത്തിൽ വളരെ സന്തോഷിക്കുന്നുവെന്നു് അഭിപ്രായപ്പെട്ടിരിക്കുന്നു.

എന്നാൽ ഹിന്ദുമതത്തിന്റെ ഒരു പ്രതിനിധിയെ വത്തിസ്സാൻകൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കുകയെന്നുള്ളതു് പ്രായോഗികമല്ലെന്നും ശ്രീ മുൻഷി അഭിപ്രായപ്പെട്ട. കാരണം കത്തോലിസ്സഭയെപ്പോലുള്ള ഒരു സംഘടനയല്ല ഹിന്ദുമതം. കത്തോലിസ്സഭയ്ക്കു് അതിന്റെ ഒരു പ്രതിനിധിയെ നിഷ്പ്രയാസം തെരഞ്ഞെടുക്കുവാൻ സാധിക്കും. ഹിന്ദുമതത്തിനതു സാധ്യമാവുകയില്ല. കാരണം ഹിന്ദുമതം വിവിധ വീക്ഷണഗതികളും വിവിധ നിലപാടുകളുമുള്ള ഒരു മതമാണു്. അതുകൊണ്ടു് കത്തോലിക്കാസഭതന്നെ ഹിന്ദുമതത്തിലെ വിവിധഭാഗങ്ങളിൽനിന്നു് പ്രഗത്ഭമതികളായ പ്രതിനിധികളെ നിർദ്ദേശിക്കുന്നതായിരിക്കും പ്രായോഗികവും ഉത്തമവുമെന്നകൂടി മുൻഷി അഭിപ്രായപ്പെട്ട.

സ്വർണ്ണക്കുരിശും മാലകളും ബഹുമതികളുംവേണ്ടന്നുള്ള വിപ്ലവപരമായനിർദ്ദേശങ്ങൾ

''സ്വർണ്ണമാലകളും, സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും നിർമ്മിച്ച കുരിശുകളും മാർപ്പാപ്പായുടെ മുമ്പാകെ സമർപ്പിച്ചു് നമുക്കു് ഓരോ മരക്കുരിശുകൾ സ്വീകരിക്കാം'' എന്നൊരു നിർദ്ദേശം വിയോഡി ജനേയ്റോ സഹായമെത്രാപ്പോലീത്താ ഹെൽഡൽപെസ്സോ വാകാമാരാ സുനഹദോസ്പിതാക്കന്മാർക്കയച്ച ഒരു കത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നു. സ്വർണ്ണംകൊണ്ടുള്ള കുരിശുകളും, മാലകളും, ''അത്യുന്നത'', ''തിരുമേനി'' എന്നിങ്ങനെയുള്ള ബഹുമതികളും ''ജനങ്ങളിൽനിന്നു നമ്മെ അകറ്റും'' എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. ക്രൈസ്തവചൈതന്യമുൾക്കൊള്ളുന്ന വിനയത്തിന്റെയും, എളിമയുടെയും സ്വരമാണു് ഈ നിർദ്ദേശങ്ങളിൽ മുഴങ്ങുന്നതു്.

ഗ്രീക്കു് ഓർത്തഡോക്സ് സഭ ഐക്യത്തിലേക്കുള്ള പാതയിൽ

വത്തിസ്സാനമായി—കത്തോലിക്കാസഭയുമായി— സൗഹാർദ്ദബന്ധം സ്ഥാപിക്കുന്നതിനും, ഐക്യം സ്ഥാപിക്കുന്നതിനും ഗ്രീക്കു് ഓർത്തഡോക്സ് സഭ അതിയായതാല്പര്യം പ്രകടിപ്പിച്ചുവരുന്നതായി ആഥൻസിൽനിന്നുള്ള ഒരു റിപ്പോർട്ടിൽ പറയുന്നു. ഈ ആശയം വത്തിസ്സാൽ കൗൺസിലിൽ ചർച്ചയ്ക്കു വരുന്നതായും പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്.

കാർഡിനൽ മിൻസേന്തി

ഇപ്പോൾ 71 വയസ്സുപ്രായമുള്ള കാർഡിനൽ മിൻസേന്തി താമസംവിനാ സ്വതന്ത്രനായേക്കാമെന്നു് കമ്യൂണിസ്റ്റു് ഹംഗറിയിൽനിന്നുള്ള റിപ്പോർട്ടുകളും സൂചിപ്പിക്കുന്നു. എന്നാൽ ഈ റിപ്പോർട്ടുകൾക്കു് യാതൊരുസ്ഥിരീകരണവും ഇതുവരെലഭിച്ചിട്ടില്ല. 1949മുതൽ അദ്ദേഹം കമ്യൂണിസ്റ്റുഗവർമ്മെന്റിന്റെ ഒരു ''തടവുപുള്ളി''യാണു്.

കാലത്തിന്റെ ശബ്ദം സുനഹദോസിൽ

ഇരുപതാം നൂറ്റാണ്ടിൽ സഭയെന്താണു ചെയ്യേണ്ടതെന്നും, ആധുനികപ്രവണതകളുടെ വെളിച്ചത്തിൽ സഭയുടെ സ്വഭാവമെന്തായിരിയ്ക്കുണമെന്നും, സുനഹദോസിലെ 2200 മെത്രാന്മാർ ചർച്ചചെയ്തുകൊണ്ടിരിയ്ക്കുന്നു. മാപ്പ്പാപ്പായുടെ അപ്രമാദിത്വത്തെപ്പറ്റി 1870—ൽ ചേന്ന സുനഹദോസിൽ തീർച്ചചെയ്തിട്ടുള്ളതാണു്. പക്ഷേ, പ്രസ്തുത സുനഹദോസ് അവസാനിച്ചപ്പോഴും സഭയുടെ സ്വഭാവത്തെപ്പറ്റി വ്യക്തമായ വിശദീകരണം നൽകിയിരുന്നില്ല. മാർപ്പാപ്പാ വിശുദ്ധപത്രോസിന്റെ പിൻഗാമിയാണു്. ആ നിലയെ ആരും ചോദ്യംചെയ്യുന്നമില്ല. എങ്കിലും സഭയിൽ തങ്ങളുടെ പങ്കു് എത്രമാത്രമുണ്ടെന്നു് മെത്രാന്മാർക്കു് വിശദമായി ഇനിയും അറിയേണ്ടതായിട്ടാണിരിക്കുന്നതു്. ഈ പ്രശ്നത്തിൽ ഇപ്പോഴത്തെ കൗൺസിൽ വ്യക്തമായ തീരുമാനം കൈക്കൊള്ളുകതന്നെ ചെയ്യും. സഭയിൽ വികേന്ദ്രീകരണം— മെത്രാന്മാർക്കും മറ്റും വിപുലമായ അധികാരങ്ങളും—നടപ്പാക്കുന്ന കാര്യത്തിൽ ഇപ്പോഴത്തെ മാപ്പ്പാപ്പായ്ക്കു കൂടുതൽ താല്പര്യവുമുണ്ടു്.

ഇത്തരം പ്രശ്നങ്ങളുടെ തീരുമാനങ്ങളിലെല്ലാം കാലത്തിന്റെ പ്രത്യേകതകളുംകൂടി കണക്കിലെടുക്കുന്നതാണു്. അതുകൊണ്ടു് മെത്രാന്മാർക്കു് കൂടുതൽ അധികാരങ്ങളും നൽകപ്പെടും. മാത്രമല്ല, ലോകത്തെ മുഴുവൻ സുവിശേഷീകരിക്കുന്നതിനുള്ള ബാധ്യത അവരിൽ വർദ്ധിപ്പിക്കുകയും ചെയ്യും. വത്തിസ്സാൻ സുനഹദോസിൽ ചർച്ചയ്ക്കായി അവതരിപ്പിച്ചിട്ടുള്ള ''ദേ എക്ലേസിയാ'' എന്ന സ്കീമിക്രിയനുസരിച്ചു് വിപ്ലവപരവും വിപുലവുമായ നയാവിഷ്കരണങ്ങളും ഉണ്ടാകും. സഭയുടെ സ്വഭാവം, ഭരണഘടന, മേൽപ്പട്ടക്കാർ, മെത്രാന്മാർ, വൈദികർ എന്നിവരുടെ പങ്കു് തുടങ്ങിയവ അടങ്ങിയിരിയ്ക്കുന്നു. അകത്തോലിക്കാക്രിസ്ത്യാനികളും, ക്രിസ്ത്യാനികളല്ലാത്ത മറ്റുള്ളവരുമായുള്ള ബന്ധങ്ങളും എന്നിവയും ഈ ഡിക്രിയിൽ പെടുന്നുണ്ടു്. കത്തോലിക്കാസഭയിൽ അൽമായക്കുള്ള യഥാർത്ഥ പങ്കിനെക്കുറിച്ചും വിശദമായ വിവരങ്ങളും ഇതിൽ ഉൾക്കൊള്ളുന്നുണ്ടു്.

കപ്പലുകളുടെ അടിഭാഗത്തു് കാലപ്പഴക്കംകൊണ്ടു് പായൽ പറ്റിപ്പിടിക്കുന്നതുപോലെ, കത്തോലിസ്സഭയിലും കാലപ്പഴക്കംകൊണ്ടു് അവിശുദ്ധമായ പലതും പറ്റിപ്പിടിച്ചിട്ടുണ്ടെന്നാണു് ഫ്രഞ്ചു മെത്രാപ്പോലീത്തായായ റേനിസ്സ് ട്വവിന്റെ അഭിപ്രായം. തന്റെ ഈ അഭിപ്രായം ഈയിടെ വത്തിസ്സാനിൽ വെച്ചു് ഒരു പത്രസമ്മേളനത്തിൽ അദ്ദേഹം പരസ്യമായി പ്രസ്താവിയ്ക്കുകയും ചെയ്തു. അത്തരം പായലുകളെ നിശ്ശേഷം നീക്കംചെയ്യുവാൻ ''ദേ എക്ലേസിയാ'' പൂർണ്ണമായും പ്രയോജനപ്പെടുമെന്നാണു് അദ്ദേഹത്തിന്റെ പ്രതീക്ഷ.

നീണ്ട കഥ

അല്ലിറാണി

(കോതനല്ലൂർ ജോസഫ്)

3 വെളിച്ചം വിരുന്നുവന്നു

പുണ്യപുഷ്പലതമായ ഒരു ഹൃദയംപോലെ അന്തഃപുരത്തിലെ പ്രാർത്ഥനാലാപം എല്ലാവിധത്തിലും ഹൃദ്യതരമായിരുന്നു. ദൈവസ്നേഹത്തിന്റെ എരിയുന്ന പ്രകാശംപോലെ ഒരു വെളിച്ചം അവിടത്തെ വിശുദ്ധിയുടെ സാക്ഷിയായി തെളിഞ്ഞുമിന്നി; സുഗന്ധം പരന്നൊഴുകിനിന്നു. പുരാതന ചരിത്രകഥകളെയും, രക്ഷകന്റെ ജീവിതരംഗങ്ങളെയും, വിളംബരംചെയ്യുന്ന തൂലികാചിത്രങ്ങളും, കഥാസൂചികകളുംകൊണ്ട് അലംകൃതമായിരുന്ന അവിടം മനുഷ്യഹൃദയത്തിനു് ആത്മവിജ്ഞാനം പ്രദാനം ചെയ്യുന്ന ഒരു വിദ്യാലയമായിരുന്നു.

''പുദീസായിലെ ദമ്പതികളും ആദാമിന്റെ ആദ്യസന്താനങ്ങളും, ആബേലും ആട്ടിൻകൂട്ടവും മോസസ്സും പ്രമാണപ്പലകകളും, അഹറോന്റെ വടി, തോവിയുടെ പെട്ടകം, പൂവ്വയൗസേപ്പും സഹോദരന്മാരും, ഇസഹാക്കിന്റെ ബലി, സോളമൻ ചക്രവർത്തി, മേരീവിവാഹം, മാലാഖയുടെ മംഗലവാർത്ത, ബേതലഹേം നഗരം, ശ്രീയേശു ജനനവും പുൽത്തൊഴുത്തും, ഹേരോദായും ക്രൂരരാജാക്കന്മാരും, കുഞ്ഞിപ്പൈതങ്ങളുടെ കണ്ഠവിഛേദം, ജറുസലേം പെസഹാ, ദൈവകുമാരനും വേദശാസ്ത്രജ്ഞന്മാരും, യേശുവിന്റെ ജ്ഞാനസ്നാനം, കാനായിലെ കല്യാണാഘോഷം, മിശിഹായും ശിഷ്യന്മാരും, ദിവ്യനാഥനും ശിശുക്കളും, ഗലലേയ കടലും പത്രോസിന്റെ തോണിയും, മലയിലെ പ്രസംഗം, മശലനയും മാനസാന്തരവും; ലാസറിന്റെ പുനരുത്ഥാനം, ഒടുവിലത്തെ അത്താഴം, യൂദാസിന്റെ ചുംബനം, മിശിഹാ പീലാത്തോസിന്റെ മുമ്പിൽ, രക്ഷകന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം, മശലനയും മിശിഹായും, രക്ഷകനും തോമ്മാശ്ലീഹായും, മിശിഹായുടെ സ്വർഗ്ഗാരോഹണം. പരിശുദ്ധാത്മാവും സെഹിയോനിലെ ശിഷ്യന്മാരും,''തുടങ്ങിയവ ആ ഭിത്തികളിലെ അഴകിന്റെ അലകളിളക്കി പ്രകാശിച്ചിരുന്ന, പ്രധാന കഥാപാത്രങ്ങളായിരുന്നു.

വർഷം ഒന്നുരണ്ടുകൂടി മുന്നോട്ട് നീങ്ങി. വിവേകത്തിന്റെ പ്രകാശം, അല്ലിറാണിയുടെ ഹൃദയത്തിൽ നിഴലടിച്ചു തുടങ്ങിയ കാലംമുതൽ, അമ്മരാജ്ഞി. എന്നും പ്രഭാതകർമ്മാനുഷ്ഠാനാനന്തരം ഓമനമകളുമൊത്തു് പ്രാർത്ഥനാലയത്തിൽ ഒന്നും രണ്ടും മണിക്കൂറുകളം കഴിച്ചുകൂട്ടുക പതിവായിത്തീർന്നു. ഭിത്തികളിൽ കാണുന്ന ഓരോ ചിത്രങ്ങളെയുംപറ്റി കുഞ്ഞുമകളം ജിജ്ഞാസപ്രകടിപ്പിച്ചുതുടങ്ങിയപ്പോൾ; അവ ഉപംക്കൊള്ളുന്ന കഥാഭാഗങ്ങളും. സംഭവങ്ങളും ആ നല്ലയമ്മ മകളുടെ മുമ്പിൽ സന്തോഷപൂർവ്വം അവതരിപ്പിച്ചു് ആനന്ദിച്ചുതുടങ്ങി. പുത്രിക്കു വേണ്ടിത്തന്നെ നിർമ്മിതമായിരുന്ന ചിത്രങ്ങളിലും, എഴുത്തുകളിലും അല്ലിറാണിക്കു് അഭിരുചി ജനിച്ചതിൽ അമ്മയ്ക്കുണ്ടായ ആനന്ദം സീമാതീതമായിരുന്നു. ''തേടിയ വള്ളി കാലിൽച്ചുറ്റി'' എന്നുള്ള പഴമൊഴി ആ മാതാവിനെ സംബന്ധിടത്തോളം അർത്ഥവത്തായി പരിണമിച്ചു. ശ്രീയേശുവും പൈതങ്ങളും എന്ന ചിത്രം ഒരിക്കൽ മകൾക്കു കാണിച്ചുകൊടുത്തുകൊണ്ടു് അക്കഥ രാജ്ഞി പറയുകയായിരുന്നു: ''കുറെ അമ്മമാർ അവരുടെ ശിശുക്കളെ ഒരിക്കൽ ശ്രീയേശുവിന്റെ അടുക്കലേയ്ക്കു കൊണ്ടുവന്നു. ശിഷ്യന്മാർ അവരെ തടഞ്ഞുനിറുത്തി. അതുകണ്ട യേശുനാഥൻ കല്പിച്ചു:—ശിശുക്കളെ എന്റെ പക്കലേക്കു വിടുവിൻ! നിങ്ങളം അവരെ തടയേണ്ട, നിങ്ങളും അവരെപ്പോലെ കളങ്കമില്ലാത്തവരാകുവാൻ ശ്രമിക്കുവിൻ!'' കുഞ്ഞുങ്ങളം അടുത്തുചെന്നപ്പോളം യേശു അവരുടെ ശിരസ്സിൽ തൃക്കൈവെച്ചു എല്ലാവരെയും അനുഗ്രഹിച്ചയച്ചു.''

കഥ കേട്ടുകഴിഞ്ഞു അല്ലിറാണി ചോദിച്ചു: അമ്മേ യേശുവിനു കുഞ്ഞുങ്ങളെ വളരെ ഇഷ്ടമായിരുന്നു, അല്ലേ?

''അതേ; വളരെയിഷ്ടമായിരുന്നു.''

''ഞാൻ ചെന്നിരുന്നെങ്കിൽ എന്നോടും ഇഷ്ടംതോന്നുമായിരുന്നോ?''

''എന്റെ ഓമനക്കണ്ണിലുണ്ണിയോടും ഇഷ്ടംതോന്നുമായിരുന്നു.''

''അയ്യോ! അന്നു ഞാൻ പിറന്നില്ലല്ലോ—എനിക്കു യേശുവിനെക്കാണാൻ കഴിയാതെപോയി. അമ്മേ! എനിക്കു ദുഃഖം തോന്നുന്നു. അമ്മയ്ക്കും ദുഃഖം തോന്നുന്നില്ലേ?''

''എനിക്കു തോന്നുന്നില്ല.''

''ഒട്ടും ഇല്ലേയമ്മേ!''

''തങ്കം! ഇതെന്തുചോദ്യമാണു്?''

രാജ്ഞി ഓമനമകളെക്കോരിയെടുത്തു വാത്സല്യപൂർവ്വം ചുംബിച്ചു മടിയിലിരുത്തിക്കൊണ്ടു തുടർന്നു:—

''നമ്മുടെ എന്തിനു ദുഃഖിക്കുന്നു? ഇന്നു നമ്മളുണ്ടു്, യേശുവുമുണ്ടു്.''

''പിന്നെന്താണമ്മേ! കാണാത്തതു്?''

''യേശുവിനെച്ചെന്നു കാണുവാനുള്ള വഴി മകൾക്കറിഞ്ഞുകൂടാ. ആ വഴി കാണിച്ചുതരുവാൻ നിന്റെ മുമ്പിൽ ഞാനും പിതാവും നില്ക്കയാണു്. ഞങ്ങടെ കാണിച്ചുതരുന്ന വഴിയേ തന്നെ ഓമന പോകുമോ?''

''പോകുമമ്മേ!''

''നല്ലമോൾ. പൊന്നുമോൾ. ആശിച്ചിരിക്കുക. താമസിയാതെ നമുക്കു് യേശുവിനെക്കാണാം.''

''അമ്മയും എന്റെ കൂടെപ്പോരുമോ?''

''പിന്നില്ലയോ? ഞാൻ മുമ്പിലുണ്ടു്''

''അം. അമ്മേ! അമ്മയ്ക്കുമച്ഛനുമാണോ യേശുവിനാണോ എന്നോടധികം ഇഷ്ടം?''

''ഞങ്ങളേക്കാളം ഇഷ്ടമുണ്ടു് യേശുവിനു്;—വളരെക്കൂടുതലുണ്ടു്. കേൾക്കുക. മകളേ! ഈ ലോകത്തിൽ ആഹാരം കഴിക്കാൻ വകയില്ലാത്തവർ അനേകമുണ്ടു്—പാവങ്ങളം. അവരിൽ ആരുടെയെങ്കിലും മകളായി യേശുവിനു പൊന്നുമകളെ അയയ്ക്കുമായിരുന്നു. എന്നാൽ എന്റെ മകളായി—ഒരു രാജകുമാരിയായിട്ടാണു് അവിടുന്നു ഓമനയെ ജനിപ്പിച്ചിരിക്കുന്നതു്. പൊന്നുമകളോടുള്ള വാത്സല്യക്കൂടുതൽകൊണ്ടാണു് ഈശോ അങ്ങനെ തിരുമനസ്സായതു്. തങ്കക്കുടത്തിനു് ഇന്നു കാവൽക്കാരുണ്ടു്, വളത്തമ്മമാരുണ്ടു്, കളിത്തോഴിമാരുണ്ടു്, ഇഷ്ടകരമായ ഭക്ഷണസാധനങ്ങളുണ്ടു്, പട്ടുകിടക്കയുണ്ടു്, പൂമേനിനിറച്ചു് അണിയിക്കുവാൻ ആഭരണങ്ങളുണ്ടു്; കൂടാതെ സുഖിക്കാൻ പാട്ടുണ്ടു്, കഥയുണ്ടു്, എന്റെ കുഞ്ഞിനോടു് യേശുവിനുള്ള സ്നേഹം എത്ര വലുതാണെന്നുഓർമ്മിച്ചുനോക്കുക. ഒരു പുൽക്കുടിലിലാണു കുഞ്ഞനി പിറന്നെതെങ്കിൽ ഇവയിലേതെങ്കിലും കാണുമായിരുന്നോ? ഓമനേ! സന്തോഷിക്കുക! നാഥനെ സ്തുതിക്കുക!''

''ഞാൻ സ്തുതിക്കാമമ്മേ! യേശുവേ? സ്തുതി! സ്തുതി. സ്തുതിയല്ലമ്മേ! സ്തുതി, സ്തുതി, അതല്ലേ, ശരി?''

''തന്നെ''

''അമ്മേ! എനിക്കമ്മയോടാ, കൂടുതലിഷ്ടം.''

''ആണോ,,''

''മറ്റാ അമ്മമാരോടു് അത്രേം ഇല്ലമ്മേ!''

''എന്നോടു കൂടുതൽ ഇഷ്ടത്തിനു കാരണമെന്താണെന്നറിയാമോ?''

''അറിഞ്ഞുകൂടമ്മേ!''

''പറഞ്ഞുതരാം. മോളം എന്റെ വയറ്റിലാണു കിടന്നതു്.

ഞാനാണ പത്തുമാസം ചുമന്നതു്. എന്റെ ചോരയുണ്ടാണു് അന്ന വളന്നതു്. ഞാനാണ തങ്കത്തെ പ്രസവിച്ചതു്. എന്റെ മുലപ്പാലാണു് മോഹം കുടിച്ചതു്. അങ്ങനെ, എന്റെ ജീവനെറ അംശമാണ തങ്കക്കുടം. അതാണു് മകനേക്കു് എന്നോട്ട കൂടുതൽ സ്നേഹം തോന്നുന്നതു്''

''മറെറ അമ്മമാരോ?''

''അവരും മകളുടെ പ്രിയപ്പെട്ട അമ്മമാർതന്നെ. അവരെയും തങ്കം കൂടുതൽ സ്നേഹിക്കണം. ഓമനയെവളത്താൻ എന്നെ സഹായിച്ചുകൊണ്ടു് അവർ ജീവിക്കുന്ന. കുഞ്ഞുമകനേക്കു് എന്നോടെന്നതുപോലെ അച്ഛനോടും കൂടുതൽ സ്നേഹം തോന്നുന്നില്ലേ?''

''ഉണ്ടമ്മേ!''

''പൊന്നമോളേ! ഞങ്ങനേക്ക കണ്ണിലുണ്ണിയോട്ട• അകമഴിഞ്ഞ വാത്സല്യമുണ്ടു്. അതുകൊണ്ടല്ലയോ, ഓമനേ! ചക്കരയമ്മേ! കണ്ണിലുണ്ണി! പൊന്നമോളേ! തങ്കമ്മേ! എന്നൊക്കെ വിളിക്കുന്നതു്?''

''ഞാൻ അമ്മച്ചീടെ പൊന്നമോളാ''

''അതെ; അമ്മച്ചീടേം, അപ്പച്ചന്റേം പൊന്നമോളാണു്, തങ്കമോളാണു്; ഉമ്മതരുന്ന ഓമനത്തങ്കമോളാണു്. ഓമനയെ ഞങ്ങനേ സ്നേഹിക്കുന്നതുപോലെ, എന്നെയും, അച്ഛനെയും, ലോകത്തിലുള്ള എല്ലാ മനഷ്യരെയും സ്നേഹിക്കുന്ന ഒരു പിതാവുണ്ടു്— ദൈവം. പിതാവായ ദൈവത്തെ നമ്മളെല്ലാവരും സ്നേഹിക്കണം. എല്ലാ വസ്തുക്കളെയുംകാളം സ്നേഹിക്കണം.''

''യേശ്രവോ?''

''യേശ്രവും ദൈവമാണു്—മനുഷ്യരെ രക്ഷിക്കുവാൻപിറന്ന ദൈവപുത്രനാണു്. ആ നാഥനെ; യേശു, യേശുക്രിസ്തു, യേശുമിശിഹാ, ഈശോ, ഈശോമിശിഹാ എന്നൊക്കെ വിളിക്കും.''

''യേശുവിനെയെന്താണമ്മേ! സ്തുതിക്കുന്നതു്?''

''തങ്കമേ! അച്ഛന്റെയടുക്കൽ ഓരോദിവസവും വളരെയാളകളം വരുന്നതു കാണുന്നില്ലേ? ആരുവന്നാലും അവരെല്ലാം കൈകളംകൂപ്പിയശേഷം വായ്പൊത്തി കുമ്പിട്ടനില്ക്കുന്നതു കാണാറില്ലേ?''

''ഉണ്ടു്.''

''കാരണമറിയാമോ?''

''വയ്യമ്മേ!''

''കഞ്ഞേ! അച്ഛൻ ഈ രാജ്യത്തെ രാജാവാണു്. കാണാൽ വരുന്നവർ എല്ലാംതന്നെ പ്രജകളം. അച്ഛനിൽ നിന്നും ഓരോ അനുഗ്രഹങ്ങളം ലഭിക്കുന്നതിനുവേണ്ടിയാണു് അവർ വരുന്നതു്. നാട്ടിലെ ജനങ്ങളെയെല്ലാം പരിപാലിക്കുന്നതു് അച്ഛനാണു്; അതുപോലെതന്നെ ശിക്ഷിക്കുന്നതും.

യേശ്ര ദൈവമാണെന്ന മുമ്പു ഞാൻ പറഞ്ഞല്ലൊ. നിന്റെ അച്ഛൻ ഒരു ചെറിയ രാജ്യത്തെ രാജാവാണു്. ഇതുപോലുള്ള അനേകം രാജ്യങ്ങളം ചേന്നതാണ ലോകം. ഓരോ രാജ്യത്തും രാജാക്കന്മാരും ഭരണാധികാരികളുമുണ്ടു്. അവരെയും, ലോകത്തെയും, എല്ലാ ജീവജാലങ്ങളെയും പോററുന്നവനും, ശിക്ഷിക്കുന്നവനും, രാജാക്കളുടെ രാജാവുമാണ ദൈവം. ദൈവമാണ നമ്മളെ സൃഷ്ടിച്ചതു്. അതു്, സൎവ്വശക്തനെ സ്തുതിക്കുവാൻവേണ്ടിയാണു്. ദൈവത്തിൽ മൂന്നാളുകളുണ്ടു്. ബാവായും (പിതാവും), പുത്രനും, പരിശുദ്ധാത്മാവും. ഇവർ മൂവരും തുല്യരാണു്. അവരിൽ രണ്ടാമത്തെയാളാണു് പുത്രൻ—ലോകരക്ഷകനായ യേശു, ഇപ്പോഴും മുനസ്സിലായോ യേശുവിനെ സ്തുതിക്കുന്നതെന്തിനാണെന്നു്?''

''ഉവ്വമ്മേ! മനസ്സിലായി.''

''തങ്കമേ! ദൈവവും മനുഷ്യരുംതമ്മിൽ വളരെ ഭേദമുണ്ടു്. ഓമനയുടെ അച്ഛൻ കല്പിച്ചാൻ നാട്ടിലെ ജനങ്ങളെല്ലാവരും അനുസരിക്കും. എന്നാൽ മറു ജീവജാലങ്ങളോ, സൂര്യനോ, നക്ഷത്രങ്ങളൊ ഒന്നും കേംക്കുകയില്ല. ദൈവകല്പന യാ കട്ടെ, ലോകത്തിലെ എല്ലാ സൃഷ്ടികളും അനുസരിച്ചേ മതിയാവൂ; കടലും, മലയും, കാടും, പക്ഷികളും, മൃഗങ്ങളും, അമ്പിളിയുമൊക്കെ.

ഞാൻ ലോകത്തെപ്പററി മകളോട പറഞ്ഞു. നാം കാണുന്ന ഈലോകത്തെ ഭൂലോകമെന്ന പറയുന്നു. ഇതുകൂടാതെ; പാതാളം, ആകാശം എന്ന രണ്ടു ലോകംകൂടിയുണ്ടു്. പാതാളം ഭൂമിയുടെ താഴെയും ആകാശം മുകളിലുമാണു്. അവയും സൃഷ്ടിച്ചുപരിപാലിക്കുന്നതു ദൈവമാണു്. പാതാളത്തിൽ എപ്പോഴും ഇരുട്ടാണു്. രാത്രിയിൽ ഓമന കാണുന്നില്ലേ എല്ലായിടവും കറുത്തിരിക്കുന്നതു്? അതാണിരുട്ടു് ഭൂമിയിൽ രാത്രിയിൽ ഇരുട്ടും പകൽ വെളിച്ചവുമാണു്. എന്നാൽ ആകാശത്തിൽ അഥവാ സ്വർഗ്ഗത്തിൽ എപ്പോഴും വെളിച്ചമാണു്. അവിടെ ഇരുട്ടണ്ടാവുകയില്ല.''

''അമ്മേ! എന്നാൽ അവിടെയൊരിക്കലും പേടിയ്ക്കേണ്ടല്ലോ?''

''വേണ്ട മകളെ! ആകാശത്തിനു പല പേരുകളം ഉണ്ടു്. സ്വർഗ്ഗം; നരകം; മോക്ഷം മുതലായവയെല്ലാം അതിലുംപ്പെടും, അവിടംഭൂമിയിലില്ലാത്ത പല വിശേഷങ്ങളും കൊണ്ടു നിറഞ്ഞതാണു്. സ്വർഗ്ഗത്തിൽ പൂക്കളം വാടുകയില്ല. വൃക്ഷലതാദികളിൽ നിന്നും ഇലകളം പൊഴിയുകില്ല. അവിടെ സംസാരിക്കുന്ന മൃഗങ്ങളും പക്ഷികളുമുണ്ടു,. സ്വർഗ്ഗവാസികൾക്കു, സുഖക്കേടുകളൊന്നും വരികയില്ല; വിശപ്പും ദാഹവും തോന്നുകയില്ല, ഉറക്കമില്ല, അക്കും പ്രായാധിക്യം ഭവിക്കുകയില്ല, മരണമില്ല; അവിടെ മാലാഖാമാരുടെ സംഗീതമുണ്ടു്, നൃത്തമുണ്ടു്. എവിടെ നോക്കിയാലും മനംകവരുന്ന കാഴ്ചകളേയുള്ള. അവിടം എല്ലാ സുഖങ്ങളുടെയും ഇരിപ്പിടമാണു്. അവിടെയാണു് ദൈവം പ്രത്യക്ഷരൂപനായി എഴുന്നള്ളിവാഴുന്നതു്, ദൈവം സ്വർഗ്ഗത്തിന്റെ പ്രകാശവും അഴകും ആനന്ദവുമാകുന്നു. നാം ദൈവത്തിനിഷ്ടമുള്ളവരായി ജീവിച്ചാൽ, മരണത്തിനുശേഷം നമുക്കു് സ്വർഗ്ഗത്തിൽ പ്രവേശിക്കാം. യേശുനാഥൻ അങ്ങോട്ടാണു് ഉയത്തെഴുന്നള്ളിയതു്, ഇപ്പോഴും ആ നാഥൻ അവിടെയുണ്ടു്, അവിടെച്ചെല്ലുമ്പോം, ആത്മാവിന്റെ നാഥനായ ക്രിസ്തുവിനെക്കാണാം.''

''അമ്മേ! എനിക്കു സ്വർഗ്ഗത്തിൽപോകണം!''

''പോകണം പോകണമെന്നു് എപ്പോഴും ആഗ്രഹിക്കുക. ഞങ്ങം പറഞ്ഞുതരുന്ന മാർഗ്ഗത്തിലൂടെപോയാലേ, മകനേക്കു് അവിടെയെത്തുവാൻ പററൂ. ഓമനേ! സുഖത്തിന്റെയും നിത്യതയുടെയും ലോകത്തെപ്പററി ഞാൻ പറഞ്ഞുകേംപ്പിച്ചു. എന്നാൽ അതു കൂടാതെ നിത്യദുരിതങ്ങളുടെ ഒരു ലോകമുണ്ടു്— നരകം. അവിടം, അഴുക്കും, ദുർഗ്ഗന്ധവും, കൊണ്ടുനിറഞ്ഞതാണു്. സകലവിധ ഉപദ്രവജന്തുക്കളും, തീയും, മുറവിളികളും, ഒടുങ്ങാത്ത ദുഃഖങ്ങളും അവിടെയുണ്ടു്. നരകത്തിലെ വാസക്കാർ പിശാചുക്കളാണു്.''

''അയ്യോ! അമ്മേ! എനിക്കു പേടിതോന്നുന്നു!''

''പിശാചുക്കളെപ്പററി കേട്ടതുകൊണ്ടാണോ? അവർ നരകത്തിലല്ലേ? പിന്നെന്തിനു പേടിക്കുന്ന. ദൈവത്തിനു് ഇഷ്ടക്കേടു്; അല്ലെങ്കിൽ പാപംചെയ്യുന്നവരെ അങ്ങോട്ടയക്കും.''

''അമ്മേ! എന്നെ നരകത്തിലേയ്ക്കു വിടുമോ?''

''മകനേ പാപമൊന്നും ചെയ്യുന്നില്ലല്ലോ. പേടിക്കേണ്ട.''

''അമ്മേ! പാപികളംഎന്ന പറഞ്ഞാൽ ആരാണു്?''

''പാപം ചെയ്യുന്നവർ.''

''അയ്യോ! ഞാൻ പാപം ഒരിക്കലും ചെയ്യുകയില്ല.''

''ചെയ്യരുതു്, പാപം ഒരിക്കലും ചെയ്യരുതു്. നരകത്തിൽപോയാൽ കെടാത്ത തീയിൽക്കിടന്നു വെന്തുവെന്തു് എന്നന്നേയ്ക്കും വേദനയനുഭവിക്കേണ്ടിവരും. പിശാചുക്കളുടെ ഉപദ്രവങ്ങളും, മറു ദുരിതങ്ങളും സഹിക്കേണ്ടിവരും. മറക്കുകയില്ലല്ലോ?''

''ഇല്ലമ്മേ! ഒരിക്കലും മറക്കുകയില്ല.''

''പൊന്നുംകുടമേ! പാപം ചെയ്യരുതെന്നു പറഞ്ഞു. പാപം എന്താണെന്നു തങ്കത്തിനറിയാമോ?''

''അറിവില്ലമ്മേ! പറഞ്ഞുതരൂ!''

''കുഞ്ഞുമകളുടെ പൊന്നുംകൈകളം കാണിക്കു. അമ്മ അവയിൽ ഉമ്മവയ്ക്കട്ടെ.''

മകനം മലത്തിയ പൂങ്കൈകളിൽ ഉമ്മവച്ചശേഷം രാജ്ഞി തുടന്നു:—

''ഈ കൈകളം ദൈവം നൽകിയിരിക്കുന്നതു നല്ല കാര്യങ്ങളം ചെയ്യാനാണു്. പൂക്കളം പറിച്ചു് യേശ്രവിനു തിരുമുൽക്കാഴ്ചവയ്ക്കുക, തിരുമുമ്പിൽ കൂപ്പുകൈയപ്പിക്കുക, പാവങ്ങ

ംക്കു ദാനംകൊടുക്കുക മുതലായവ നല്ല കാര്യങ്ങളാണു്. നല്ല കാര്യങ്ങളും വളരെവളരെയുണ്ടു്. അവ പിന്നീടു മകനംക്കു അമ്മ പറഞ്ഞുതരാം. നല്ലകാര്യങ്ങളെ നന്മകളും അല്ലെങ്കിൽ പുണ്യകൃത്യങ്ങളും എന്നു പറയും. കൂട്ടുകാരെ ഉപദ്രവിക്കുക, അച്ഛനമ്മമാരെ അനുസരിക്കാതിരിക്കുക എന്നിവ പാപമാണു്. ചുരുക്കിപ്പറഞ്ഞാൽ അന്യരെ ഉപദ്രവിക്കുന്നതു പാപവും, അന്യർക്കു് ഉപകാരംചെയ്യുന്നതു് പുണ്യവുമാകുന്നു.''

''പാപം, പാപം. അതു ചീത്തയാണു്. അമ്മേ! എനിക്കു് അതിന്റെ കൂട്ടുവേണ്ട; ഒരിക്കലും വേണ്ട.''

''തങ്കക്കുടമേ! കേംക്കു. കൈകളുടെ പ്രവൃത്തി നല്ലതായിരിക്കണമെന്നമ്മപറഞ്ഞു. അതുപോലെ നാവുകൊണ്ടു് നല്ലതേ പറയാവൂ. മനസ്സിൽ നല്ല കാര്യങ്ങളേ തോന്നാവൂ. കള്ളം പറയരുതു്. മറ്റുള്ളവരെ ആക്ഷേപിക്കരുതു്. അന്യർക്കു ദോഷം വരണമെന്നു വിചാരിക്കരുതു്. അവയെല്ലാം പാപകാര്യങ്ങളാണു്.

''അമ്മേ! ഞാൻ ഒരു പാപവും ചെയ്യുന്നില്ലല്ലോ.''

''എന്റെ മകനം ചെയ്യുന്നില്ല. വളർന്നവരും തോറും ചെയ്യുകയുമരുതു്. തങ്കം വളർന്നുവരുംതോറും ദൈവത്തേയും അവിടുത്തെ മക്കളായ എല്ലാമനുഷ്യരെയും സ്നേഹിക്കണം. ദൈവത്തെ മറന്നു് ഒന്നും ചെയ്യരുതു്, പറയരുതു്, വിചാരിക്കരുതു്. ഓമനയുടെ ജീവൻ എപ്പോഴും ദൈവസ്നേഹഗാനങ്ങളും പാടിക്കൊണ്ടിരിക്കണം. നാടിയടിപ്പുകളും ആ പ്രേമഗാനങ്ങളുംകൂടി താളം പിടിക്കട്ടെ. അങ്ങനെ ആത്മാവിൽ ആ സ്നേഹസ്വരൂപൻ എഴുന്നള്ളിവാഴുമാറാകട്ടെ; ഹൃദയം അവിടുത്തെ നിത്യ മണിമന്ദിരമായിപ്പരിലസിക്കട്ടെ.''

''അമ്മേ! അതാണു നല്ല ജീവിതം അല്ലേ?''

''അതെ, നാം കൊതിക്കേണ്ട ജീവിതപ്പൊരുളും അതാണു്. ആരോമലേ! മകനംക്കു് ഇന്നു കൂടെനടക്കുവാനും, കളിക്കാനും, സംസാരിക്കുവാനും തോഴിമാരുണ്ടു്. അവർ ഈ ലോകത്തിൽ വച്ചതന്നെ വിട്ടുപിരിയും. ഓമനയുടെ നിത്യജീവനു് അവർ കൂട്ടുകാരാകയില്ല. ആ ജീവനെയാണു് ആത്മാവെന്നുപറയുന്നതു്. ആത്മാവിന്റെ കൂട്ടുകാരേ അറിയേണ്ടേ?''

''അറിയണമമ്മേ!''

''ആ കൂട്ടുകാരാണു്, നല്ല വിചാരങ്ങളും, നല്ല സംസാരങ്ങളും,. നല്ല പ്രവൃത്തികളും. മകനംക്കു് ശരീരത്തിലണിയുവാൻ ഓരോതരം ആഭരണങ്ങളുണ്ടു്. എന്നാൽ ആത്മാവിന്റെ ആഭരങ്ങളാണു്; സത്യം, അനുസരണം, ഭക്തി, വിനയം, സ്നേഹം, ദാക്ഷിണ്യം തുടങ്ങിയവയെല്ലാം. ഇവയെപ്പറ്റി പിന്നീടു് ഞാൻ വിവരിച്ചു പറഞ്ഞു മനസ്സിലാക്കാം. കേംക്കുന്നുണ്ടോ?''

''ഉണ്ടമ്മേ!''

''കേംക്കുവാൻ ഇഷ്ടമുണ്ടോ?''

''ഉണ്ടു്. വളരെയിഷ്ടം.''

''ഓമനത്തങ്കക്കുടമേ! എന്റെ മകനംക്കു് എവിടെനോക്കിയാലും, ദൈവത്തിന്റെ സൃഷ്ടിവിശേഷം കാണാൻ കഴിയും. മനുഷ്യരെ സംബന്ധിച്ചു പറഞ്ഞാൽ ഒരാളുടെ രൂപമല്ല, മറ്റൊരാളംക്കു്. ഒരുതരം വസ്തുവിന്റെ ഗുണവും രുചിയും വേറൊന്നിനില്ല. ഓരോതരം വൃക്ഷലതാദികളും ഓരോ ജാതിയിലുള്ള പൂക്കളും ഫലങ്ങളും പുറപ്പെടുവിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിയുടെ ഉദ്ദേശവും വിവിധ വശങ്ങളും, ഇവയിൽ നിന്നും കുറെയെല്ലാം നമുക്കു കണ്ടുപിടിക്കാം.

മകളെ! ദൈവത്തെപ്പുകഴ്ത്തിക്കൊണ്ടു, പരസ്പരസ്നേഹത്തോടുകൂടി ഉപകാരംചെയ്യുതന്നെ സഹായിക്കുവാൻ അവിടുന്നു മനുഷ്യരെ; വിവിധ സ്വഭാവങ്ങളോടും, കഴിവുകളോടും, വാസനകളോടുംകൂടി ലോകത്തിലേയ്ക്കു് അയച്ചിരിക്കുന്നു. രാജാവും, മന്ത്രിയും, ഉദ്യോഗസ്ഥന്മാരും വൈദികരും, അദ്ധ്യാപകരും, കഷ്കരും, വൈദ്യന്മാരും, ശില്പികളും, കവികളും, സാഹിത്യകാരന്മാരും, മറ്റു കലാകാരന്മാരും എല്ലാം ഓരോ പ്രത്യേക ജോലിക്കു നിയോഗിക്കപ്പെട്ടിട്ടുള്ളവരാണു്. അതതു വ്യാപാരങ്ങളിൽ ഓരോരുത്തരും ദൈവചിന്ത പരിപാലിക്കണം. വിവിധ വേഷത്തിലും, രൂപത്തിലും, സമുദായത്തിലും കാണുന്ന എല്ലാവരും ഒരേസ്ഥലത്തുനിന്നും വന്നവരാണു്. ഒരിടത്തേയ്ക്കുതന്നെ പോകേണ്ടവരുമാണു്. ഓരോ വ്യക്തിയും ഏകനായി വന്നു; ഏകനായി പിന്തിരിയണം. സ്ഥാനമാനാദിവത്യാസങ്ങളും മരണംകൊണ്ടവസാനിക്കുന്നു.

ഓമനേ! ലോകത്തിന്റെ ക്ഷണികമായ ധനവും സ്ഥാനമാനങ്ങളും മറ്റും ആത്മാവിനു അധികം ഉപകാരപ്പെടുന്നില്ല. നിത്യനായ ആത്മാവിന്റെ മുമ്പിൽ അനിത്യങ്ങളായ അവ വിലപ്പോകയില്ല. ആത്മാവിനെ തൃപ്തിപ്പെടുത്തുവാൻ അവയിൽ ഒന്നിനും കഴിവുമില്ല. ആത്മാവിനു സമാധാനവും സംതൃപ്തിയും ദൈവത്തിങ്കൽനിന്നു ലഭിക്കേണ്ട അമൂല്യരത്നങ്ങളാണു്. അവ സമ്പാദിക്കുവാൻവേണ്ടിയായിരിക്കണം നമ്മുടെ ജീവിതം. സുഖാഗ്രഹികളായ മനുഷ്യർ ജന്മോദ്ദേശം ചിന്തിക്കാതെ, ധനത്തിനും കീർത്തിക്കും മറ്റുംവേണ്ടി ജീവിക്കുന്നു; മോഹഭാണ്ഡങ്ങളും പേറിക്കൊള്ളുന്നു. മനുഷ്യന്റെ ഈ വെമ്പൽ കൊണ്ടൊന്നും കാര്യമില്ല. നമ്മുടെ ചുവട്ടടികളംപോലും എണ്ണപ്പെട്ടവയാണു്. വിധിച്ചതേ ലഭിക്കൂ. പിതാവു് ഏൽപ്പിനുവേണ്ടി അയച്ചുവോ അതു ചെയ്യുവാൻ മാത്രമേ മനുഷ്യനു കഴിവുള്ളൂ. ആ നല്ല പിതാവിന്റെ അനുഗ്രഹംകൂടാതെ. നിത്യമായ അപ്പംപോലും സമ്പാദിക്കുവാൻ അവനു കഴിവില്ല. നീതിമാനായ ദൈവം എല്ലാവരെയും കാത്തുരക്ഷിക്കുന്നു. കല്പിച്ചതു ചെയ്യുക—മടിക്കാതെ ചെയ്യുക—തന്നെ മറക്കാതെ ചെയ്യുക. എല്ലാം മംഗളമാകും. തങ്കക്കുടമേ! എന്റെ വാക്കുകളുടെ അർത്ഥം ഓമനയുടെ മനസ്സിലാകുന്നുണ്ടോ?''

''ഉണ്ടമ്മേ! മനസ്സിലാകുന്നുണ്ടു്.''

''അല്ലിമോളേ! ദൈവത്തിൽ എത്തേണ്ടതാണു നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശം. അതിനുള്ള മാർഗ്ഗം നിനക്കു കാണിച്ചുതരികയാണു ഞങ്ങളുടെ കർത്തവ്യം. ആ വഴി ഇതാ! ഉപദേശിക്കുന്നു. മുമ്പു ഞാൻ പറഞ്ഞുതന്ന ഉപദേശങ്ങളെല്ലാം ഓമനയോർത്തു്; സത്യം ഭക്തി തുടങ്ങിയ ആത്മീയാഭരണങ്ങളും ധരിച്ചു്, സൽകൃത്യങ്ങളാകുന്ന തോഴിമാരുംചേർന്നു് ദൈവസ്നേഹമാകുന്ന വെളിച്ചവും കൊളുത്തി, സ്വർഗ്ഗീയ കിരീടം കൈവരിക്കുവാനുള്ള ആഗ്രഹത്തോടുകൂടി; ശ്രീയേശുനാഥൻ സഞ്ചരിച്ച മാർഗ്ഗത്തിലൂടെ മുന്നോട്ടപോവുക! ആ സ്നേഹഗായകൻ തെളിച്ച മാർഗ്ഗമാണു് ഏറ്റവും എളുപ്പമായിട്ടുള്ളതു്. ലോകസുഖങ്ങളും തീണ്ടീട്ടില്ലാത്തതും, പഞ്ചേന്ദ്രിയങ്ങൾക്കു് അധീനമാക്കാൻ കഴിഞ്ഞിട്ടില്ലാത്തതും, ധനമോഹം എത്തിനോക്കീട്ടില്ലാത്തതുമായ ആ പാവനജീവിതം ഓമനയ്ക്കു മാർഗ്ദർശകമാകട്ടെ! ലോകനന്മയ്ക്കുവേണ്ടി ജീവിക്കുവാൻ ആ ത്യാഗമൂർത്തി തങ്കത്തെ അനുഗ്രഹിക്കുമാറാകട്ടെ! മകളേ! മണിയടി കേംക്കുന്നു. വേഗം ചെന്നു ഫോൺ എടുത്തു ശുദ്ധിക്കു.''

അല്ലിറാണി പള്ളിയറയിൽ ഓടിയെത്തി; ഫോൺ എടുത്തു ശുദ്ധിച്ചുകൊണ്ടു സംസാരിച്ചു:—ന്താ? അച്ഛാ?

''ആരു്, അല്ലിയാണോ എന്നോ?'' ''അം.''

''ആരുടെ മോളാണെന്നോ?''

''അച്ഛന്റെമോം, തങ്കമോം''

''അമ്മയുടെ മോം, പൊന്നമോം.''

''പിന്നാരുടെയെന്നോ?''

''ഈശോയുടെ മോം, ഓമനമോം''

''അച്ഛനെറയട്ക്കൽ ആരുമില്ലല്ലോ എന്നോ?''

''ഞാൻ വരാം. ഓടിവരാം.''

''അമ്മയെവിടെയെന്നോ?''

''ഇവിടെയുണ്ടു''

''അല്ലിമോം എന്തെടുക്കുന്നെന്നോ?''

''ഞാൻ കഥ കേംക്കുകയായിരുന്നു. അമ്മപറഞ്ഞ കഥ. നല്ല കഥ.''

കഥ കേട്ടുകഴിഞ്ഞോയെന്നോ?

''അം. കഴിഞ്ഞു.''

''ഇന്നത്തെക്കഥ എന്തായിരുന്നെന്നോ?''

''ഒന്നാംതരം കഥ. ശ്രീയേശുവും പൈതങ്ങളും.''

''കുഞ്ഞുവയറിൽ ഒരു വിശപ്പു് ഓടിവന്നില്ലേയെന്നോ?''

''ഓടിവന്നു. അച്ഛാ! നമുക്കു ഭക്ഷണം കഴിക്കാം?''

അമ്മയേയും കൂട്ടിക്കൊണ്ടു വരികയെന്നോ?

പോളിയുടെ പശ്ചാത്താപം

(റോസക്കുട്ടി കാപ്പൻ)

രംഗം 1

പോളി ഒരു സ്ത്രൈണനോവലിസ്റ്റാണു്. പക്ഷേ വിദ്യാഭ്യാസസമ്പാദനത്തിനുപകരം ആന്തരിക സൗന്ദര്യം കൊണ്ടു തിന്നുന്ന ദുഷിച്ചഗ്രന്ഥങ്ങളും അവൻ ആർത്തിയോടെ വായിക്കുന്ന രംഗംഇതാകാണുക. ആനോവലിലൊനായികാനായകന്മാരൊത്തു് അവൻ ഭാവനാലോകത്തിൽ പറന്നുവിഹരിക്കുന്നു. ആ കൊച്ചുഹൃദയത്തിൽ സാത്താൻ ഭരണം നടത്തുന്നു. അവനു വേണ്ടി ഹൃദയമുരുകിക്കരഞ്ഞുകൊണ്ടു്, എലിസാ— സ്നേഹനിധിയും സുകൃതസമ്പന്നയുമായ മാതാവു്— ദിനരാത്രങ്ങളും കടത്തിവിടുന്നു. അവളുടെ സദുപദേശങ്ങളും അവഗണിച്ചുകൊണ്ടു് പോളി പാപത്തിന്റെ അഗാധത്തിലേക്കു് അടിഞ്ഞിറങ്ങുകയാണു്. തന്റെ ഓമനപുത്രനെപ്പറ്റിയുള്ള വേദനിപ്പിക്കുന്ന കഥകളും എലിസാ ബ. വികാരിയച്ചനെ അറിയിച്ചുകഴിഞ്ഞു പോളിയെ അദ്ദേഹത്തിന്റെ അടുക്കൽ അയയ്ക്കുണം. ഇതാണു് ഇപ്പോൾ എലിസായുടെ അന്തരംഗത്തിൽ വലയംചെയ്യുന്ന ചിന്താഗതി.

(ഈ ഭാഗം അണിയറയിൽ നിന്നുകൊണ്ടു് വ്യക്തമായി സാവധാനം ഉച്ചത്തിൽ പറയണം. അതോടുകൂടി പോളി സ്റ്റേജിൽ പ്രവേശിച്ചു് പ്രസന്നവദനനായി കയ്യിൽ പിടിച്ചിരിക്കുന്ന നോവൽ മേശപ്പുറത്തുവയ്ക്കുന്നു. വായനയിൽ മുഴുകുന്നു. എലിസാ പ്രവേശിക്കുന്നു. 45 വയസ്സു് പ്രായം പോളി ഞെട്ടി എഴുന്നേല്ക്കുന്നു.)

എലിസാ— മകനെ, പോളി, ഇന്നു ഞായറാഴ്ചയല്ലെ. നീ പള്ളിയിൽ പോകുന്നില്ലെ. അതാ നടമണികൊട്ടുന്നു. വേഗം തയാറാകു.

പോളി— (വായിക്കുന്ന പുസ്തകം മറച്ചുപിടിച്ചുകൊണ്ടു്) എനിയ്ക്കു സമയമില്ല. അമ്മയ്ക്കുറിഞ്ഞുകൂടെ നാളെ പരീക്ഷയാരംഭിക്കുന്നുവെന്ന സംഗതി. ഇന്നു വളരെയധികം പുസ്തകങ്ങളം എനിക്കുവായിച്ചുതിക്കുവാനുണ്ടു്. പഴയ മനുഷ്യക്കു് പരീക്ഷ പരീക്ഷ എന്നുപറഞ്ഞാൽ 'ഒരു ചുക്കും ചുണ്ണാമ്പും' തിരിയുകയില്ല.

എലിസാ— ദൈവമേ! ഞാനെന്താണു് ഈ കേൾക്കുന്നതു്. (വിവശയായി കസേരയിൽ ഇരിക്കുന്നു. പോളി കോപത്തോടെ നോക്കിനില്ക്കുന്നു.) കാണാൻ കൊതിച്ചുണ്ടായ ഓമനപുത്രൻ. പോളി. കഷ്ടം! പള്ളിയുമില്ല, പട്ടക്കാരനുമില്ല. കുമ്പസാരവുമില്ല, കർബാനയുമില്ല. നോക്കണേ എല്ലാം ഗ്രഹമാലൂകം മാത്രം! മകനെപോളി—— നിന്റെ അപ്പനുണ്ടായിരുന്നുവെങ്കിൽ ഇതു സഹിക്കുമായിരുന്നോമകനേ (കണ്ണുനീർതുടയ്ക്കുന്നു.) ഇല്ലേ! അദ്ദേഹം കരളുരുകിക്കരയുമായിരുന്നു.ഈശോയുടെ പരിശുദ്ധഹൃദയമേ? എന്റെ പോളിക്കു നല്ലബുദ്ധി കൊടുക്കണമേ. (മേശയിൽ തുറന്നിരിക്കുന്ന പുസ്തകത്തിൽ എലിസായുടെ കണ്ണുകളം പതിയുന്നു. ജിജ്ഞാസയോടുകൂടി അവളം ആ പുസ്തകം മറിച്ചുനോക്കുന്നു. കോപത്തോടുകൂടി)

ഇതാണോ നീ നാളത്തെപ്പരീക്ഷയ്ക്കു് എഴുതാൻ പോകുന്നതു്.? (പുസ്തകത്തിന്റെ പേരു്, ഒരു സ്ത്രീയുടെ ആത്മഹത്യ എന്നു് വായിക്കുന്നു.) കഷ്ടം! അധഃപതിച്ചലോകം! ആയിരമായിരം യുവഹൃദയങ്ങളിൽ നാരകീയ ചിന്തകളം വിതയ്ക്കുന്ന ദുഷിച്ച ഗ്രന്ഥങ്ങളം! ഇതു ഞാൻ അഗ്നിക്കിരയാക്കുകയാണു്, (എടുത്തുകൊണ്ടു പോകാൻ ഭാവിക്കുന്നു. പോളി അതു് തട്ടിപ്പറിക്കുന്നു.

പോളി— ഇതെന്തൊരു കളിയാണു്. ഈ പുസ്തകം എനിക്കു വായിക്കുവാൻ പാടില്ലെന്നോ? അതിനു നിങ്ങളുടെ അനുവാദം വാങ്ങണമോ.

എലിസാ— മകനെ, നിന്റെ തലയിൽ വിഷം കുത്തിവയ്ക്കാൻ ഈ പുസ്തകം ധാരാളം മതി. അങ്ങനെ ,നിന്റെ ഹൃദയത്തിൽ പൈശാചിക മനസ്ഥിതി തളം കെട്ടി നില്ക്കും. (പോളിയുടെ കൈകളിൽ പിടിച്ചുകൊണ്ടു്) മകനെ, നിന്റെ നന്മയോർത്തു്, കുരിശിൽ തൂങ്ങിമരിച്ച ഈശോമിശിഹായെ ഓർത്തു് ഞാൻ പറയുന്നു, ഇനിയും ഇതുനീ വായിക്കരുതു്. (അമ്മ പുസ്തകം പിടിച്ചുവാങ്ങി ചീന്തിക്കളയുന്നു) അതാ നടമണികൊട്ടുന്നു. ഇനിയെങ്കിലും നീ പള്ളിയിലൊന്നു പോകൂ, മരിച്ചുവിശ്വാസികളുടെ മാസമല്ലേ. അപ്പച്ചനു വേണ്ടി പ്രാർത്ഥിക്കു. അല്ലെങ്കിൽ നാട്ടുകാരെന്തു പറയും. നീ തറവാടിനു ചീത്തപ്പേരു വലിച്ചുവയ്ക്കുകയല്ലേ. കഷ്ടം? ഇതെങ്ങനെ സഹിക്കും!

പോളി— എങ്ങനെ സഹിക്കുമെന്നോ? അതുഞാൻ കാണിച്ചുതരാം. ഞാൻ ഇവിടെനിന്നു പുറപ്പെട്ടുപോകും. ഈ ജയിലിൽ വാസം എനിക്കിഷ്ടമില്ല. ഇതിനകത്തു ഇനിയും ജീവിച്ചാൽ എന്റെ ഭാവി പാഴാകും, അമ്മേ! സ്വാതന്ത്ര്യം, അതു് മനുഷ്യനു വേണ്ടിയുള്ളതാണു്. എന്റെ കയ്യും കാലും കൂട്ടിക്കെട്ടിയിടുവാനാണു് അമ്മ ഭാവിക്കുന്നതെങ്കിൽ ഒരു നിമിഷംപോലും ഞാൻ ഇവിടെ നിൽക്കുകയില്ല.

എലിസാ— പോളീ, മകനെ, ഞാൻ പറയുന്നതു കേൾക്കു എന്നിട്ടു ശാന്തമായി ചിന്തിക്കു. ഒന്നാമതു് പള്ളിയിൽ പോകണം, കർബാനകാണണം. വാഴകഴിഞ്ഞു് പള്ളിമുറിയിൽ ചെന്നു് നമ്മുടെ വികാരിയച്ചനെക്കാണണം അദ്ദേഹം വലിയ പുണ്യവാനാണു് നിനക്കുവേണ്ട ഉപദേശങ്ങളം അദ്ദേഹം നൽകും. സൊഡാലിറ്റിമീറ്റിംഗിനും പോകണം.

പോളി— ——ഹാ! ഹാ! നല്ല നടപ്പുള്ള കാര്യം. ഒന്നാമതു് പള്ളിയിൽപ്പോകണം. രണ്ടാമതു് കർബാന കാണണം. മൂന്നാമതു് വാഴ്വു. നാലാമതു ഫിലിപ്പച്ചനെക്കാണൽ അഞ്ചാമതു് ഉപദേശം വാങ്ങൽ ആറാമതു് സൊഡാലിറ്റിമീറ്റിംഗ്. ഇനിയുംഇല്ലെ, സംഗതികൾ. പത്താമതു് നൂറാമതു് ഇങ്ങനെ ആയിരം വയ്യാവേലികളം,

എലിസാ— ഫിലിപ്പച്ചനെ കാണാൻ നിനക്കുപേടിയായിരിക്കും. വികാരിയച്ചനല്ലെ അദ്ദേഹം. വല്ലപ്പോഴുമെങ്കിലും അദ്ദേഹത്തെ ഒന്നുകാണണ്ടേ.

പോളി— പിന്നെ, എനിക്കുപേടി. ഒരുനൂറു് ആന മദമിളകിപ്പാഞ്ഞുവന്നാലും എനിക്കതു പേടിയൊന്നുമില്ല.

എലിസാ— ഹാ! അങ്ങനെയാണോ. എന്നാൽ നിന്റെ ധൈര്യം എനിക്കൊന്നുകാണണം. ഫിലിപ്പച്ചനെ കണ്ടാൽ നീ പേടിച്ചുവിറയ്ക്കും. പള്ളിയിൽ ചെല്ലാത്തതിന്റെ കാരണം ചോദിച്ചാൽ എന്തുപറയും.

പോളി— അമ്മയ്ക്കു കാണണമൊ ഞാൻ ഫിലിപ്പച്ചനെക്കാണുന്നതു്.

എലിസാ— എനിക്കൊന്നുകാണണം. നിന്റെ ധൈര്യം.

പോളി— എന്തായാലും ആ കർബാനയും നമസ്കാരവും ഒന്നു കഴിഞ്ഞുകൊള്ളട്ടെ. അതൊക്കെ വെറും പഴഞ്ചരക്കാ അമ്മെ. എന്നെപ്പോലുള്ള പരിഷ്കാരികൾക്കു് ഇതൊക്കെ ''തുണംപുല്ലഗ്രാസാ''

എലിസാ— മകനെ, അടയ്ക്കാമടിയിൽവെയ്ക്കാം അടയ്ക്കാമരംവെയ്ക്കാനൊക്കുമോ. ഇല്ല. ഏതായാലും ഞാൻ ഇതെല്ലാം

''വരാം. ഞാൻ ഫോൺ താഴെവയ്ക്കുകയാണു്.

അല്പി ഫോൺ മേശപ്പുറത്തുവച്ചശേഷം പറഞ്ഞു:— ''അമ്മേ! നമുക്കു ഭക്ഷണത്തിനു പോകാം? അച്ചൻ വരുന്നുണ്ടു്.''

അനന്തരം ഓമനമകളും രാജ്ഞിയുംകൂടി ഭക്ഷണശാലയിലേയ്ക്കു പുറപ്പെട്ടു.

മാതൃവിലാപം

(സി. എം. സെബാസ്റ്റ്യൻ അതിരമ്പുഴ)

വ്യാകുലാസിയാലയ്യോമനതാർപിളന്നമ്മ
മുകയായിനില്പൂന്നു ഹാ! നിരാലംബയേപോൽ
ഇഷ്ടമാടിക്കനിഞ്ഞു തേനും പാലും നൽകി നീ
ശിഷ്ടരായ്വളർത്തിയ സന്താനതല്പജങ്ങളം.
നേതൃപദവിയിലാമാത്മരക്ഷണത്തിലും
നീതരായ്വസിക്കവേ വേദനസഹിക്കുവാൻ
കാരണം കഥിക്കില്ലേ മൗനം നീ ത്യജിക്കില്ലേ
കേരളകത്തോലിക്കാസഭാമാതാവാം ധന്യേ.
പൂമാതിനെപ്പോലെയീഭൂമിയെക്കരുതീടു—

മോമൽസുതർകഷ്കരാശ്വാസം നൽകുന്നില്ലേ
വ്യാവസായികാഗ്ര്യന്മാർ വ്യാപാരികളും നല്ല—
വാഗ്വ്യവസായികളാമദ്ഭിഷകന്മാരും.
അദ്ധ്യാപകരും തവ കണ്ണിലുണ്ണികളല്ലേ
വിദ്യാവീയക്ഷണരുമംബേ! കുറവല്ലല്ലോ.
പിന്നെയെന്തീനീയഴൽ നീവഹിക്കുന്നതായേ!
ഖിന്നതയ്ക്കവസാനം കാണുന്നില്ലേ ജനനീ!

'ആത്മരക്ഷ' തന്നർത്ഥം സ്വാർത്ഥമാത്രമായ് കാണും.
ആത്മജന്മാരേറെയുള്ളതോ ദുഃഖകാരണം,
അമ്മതന്നഭിമതമറിയാതെവളരും.
തന്മക്കളെയോർത്തോ നീ കണ്ണുനീർപൊഴിക്കുന്നു.
മാതൃകാജീവിതത്തിൻ പാരമ്യമേറിവാഴും
ജേതാക്കളാം തനയർ വിസ്മൃതരായിപ്പോയോ?
സത്യധർമ്മാദികംക്കുവേണ്ടിപ്പീഡകളേറെ.
പ്രത്യഹം സഹിച്ചീടും നിസ്സഹായരെയോർത്തോ
തായനീ ദുഃഖിക്കുന്നു സൽക്കർമ്മവിജ്ഞർക്കുന്നു.
തായനീമാത്രമല്ലേ നിഷേധിക്കുന്നോ നിന്നെ.

സ്വന്തം വിയർപ്പിനാൽ ചുട്ടെടുക്കു 'മന്നന്നപ്പം'
സ്വന്തമാക്കിയുമയൽവാസികൾംക്കേകിയും ഹാ!
ജീവിതം നയിക്കുവാൻ സമ്മതിക്കാത്തനാട്ടിൽ
കാവൽക്കാർ നമ്മളായോ വിചിത്രംകഥയോർത്താൽ.

വേലചെയ്യുവാനിടമില്ല ഉള്ളതിൽഫലം—
പോലുമനുഭവിക്കാൻ സമ്മതിക്കാത്തകാലം.
'ഭായി'യെന്നോതിപ്പുണ്ട കടചൂടിച്ച 'ചൈന'
വായുംതുറന്നൊക്കെയും ഗ്രസിക്കാനെത്തുംകാലം.

സോദരചിന്തയെന്യേ പാർട്ടികൾംതമ്മിൽ തല്ലി
പൈദാഹശാന്തിയില്ലാതായുസ്സുപോകും കാലം.
പാഠ്യപുസ്തകവാളാൽ പിഞ്ചുപൈതങ്ങൾ തൻറെ
പാവനജീവിതം ഹാ! ചീന്തിക്കീറിടുംകാലം.
ഭ്രൂണഹത്യയും ഗർഭനിരോധനവും കഷ്ടം
പ്രാണവായുവെപ്പോലെനിയമമാക്കും കാലം.
മരിച്ചവർതൻപ്രേതം പിതൃഭൂമിയിൽപോലും
മറയ്ക്കാനനുമതിനോക്കിനില്പേണ്ട കാലം.

സ്മരിക്കാൻവയ്യാന്യോ വീപ്പിടക്കിക്കൊണ്ടമ്മ!
മരച്ചനില്പുകയാണെൻ സോദരരേ! കാൺക!
ഇതിലും ഭേദകര; മനൈക്യകലഹത്താൽ
സ്വതർമതവിദ്വേഷവിഷബാധയേല്പതും
നിരാധാരരെപ്പോലെ നിത്യമലയുന്നതും
പരാന്നഭുക്കാവതും ആരു താൻസഹിച്ചീടും.
അമ്മ! നീക്ഷമിച്ചീടുകറിയാതിവർചെയ്ത
തിന്മയെല്ലാം പൊറുക്ക കരുണാനികേതമേ!

''പശ്ചാത്താപമിഴിനീർകൊണ്ടുകഴുകിത്തവ
തൃപ്പാദം തുടച്ചീടാം സേവനമർപ്പിച്ചീടാം
താവകം ചതുർഗുണംപാടിഞാൻപരത്തീടാം..
പാവനഹിതമെന്തെന്നറിഞ്ഞാചരിച്ചീടാം.
ഏവരുമിതു സത്യവാചകമാക്കിസ്സുതാ—
സേവനപന്ഥാവിൽതാൻ സഞ്ചാരംതുടരട്ടെ.''

(× 1 ശുദ്ധം. 2 ഏകത്വം, 3 സാവ്വത്രീകത്വം 4 ശ്ലൈഹികം.)

സഹിക്കേണ്ടവേളാണു്.

പോളി— അതൊന്നും എനിക്കറിയേണ്ട. എന്റെ ധൈര്യം ഞാനൊന്നു കാണിച്ചിട്ടേയുള്ള മറ്റു സംഗതികളും. കാണണമെന്നല്ലേയുള്ള.

ഏലിസാ— വാങ്കുവാക്കായിരിക്കണംകേട്ടോ, ഇതാ ഞാൻ പള്ളിയിൽപ്പോകുന്നു. അടിച്ചവഴിയെപോയില്ലെങ്കിൽ പോയവഴിയെ അടിക്കുക. (പോകുന്നു.)

പോളി— ഹാ— —ഹാ!— — നല്ല കാര്യം. സുഖമായി. അരമണിക്കൂർ സയേത്തേക്കു് ഇഷ്ടംപോലെ ചെയ്യാമല്ലൊ. (വീണ്ടും വേറെ പുസ്തകമെടുത്തു് വായനയിൽ വ്യാപൃതനാകുന്നു.

(കർട്ടൻ)

രംഗം 2

(ഫാദർ ഫിലിപ്പു് പ്രാർത്ഥനാനിരതായി മുട്ടുകുത്തിനിൽക്കുന്നു. മേശപ്പുറത്തു കുരിശുരൂപം. കൊന്തമണികളിൽ കൈപതിയുന്നു. സല്പം കഴിഞ്ഞു് പ്രാർത്ഥനാ വചസ്സുകൾ പുറപ്പെടുന്നു.)

നാഥാ! സ്നേഹരാജാ! കരുണാസാഗരമേ! കാൽ വരിയിൽ വി. കുരിശിൽ സമർപ്പിക്കപ്പെട്ട ആ പരമബലിയുടെ മഹനീയഫലങ്ങൾ പലപ്പോഴും വ്യർത്ഥമായിപ്പോകുന്നതുകണ്ടു് എന്റെ ഹൃദയം വേദനിക്കുന്നു. ഹൃദയമണ്ഡപത്തിൽ അങ്ങയെ ക്ഷണിച്ചിരുത്തി പാദസേവനം ചെയ്യേണ്ടവർ നരകത്തീയിലേക്കുള്ളപാതയിൽകൂടി സാത്താന്റെസേവകരായി നടന്നു മറയുന്നു, ഹാ! പ്രേമനാഥാ! അവരെയെല്ലാം അങ്ങയുടെ സ്നേഹഹൃദയത്തിലേക്കു് ആകഷ്ടിക്കണമേ. നാട്ടം വീട്ടം മാതാപിതാക്കളും— എല്ലാം— എല്ലാം— അങ്ങേക്കുവേണ്ടി പരിത്യജിച്ചിട്ടു് മിഷ്യൻ പ്രവർത്തനത്തിനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന അങ്ങയുടെ ദാസനെ അനുഗ്രഹിക്കുക, പാവപ്പെട്ടവരുടെ കണ്ണുനീർ തുടച്ചുമാറ്റിയിട്ടു്, തൽസ്ഥാനത്തു് ദൈവസ്നേഹത്തിന്റെ പൊൻ പ്രകാശം പകർത്തുവാൻ എന്റെ ഹൃദയത്തിനു ചൈതന്യവും നാവുകൾംക്കു ശക്തിയും കൈകൾംക്കു കരുത്തും പ്രദാനം ചെയ്യുക. എന്നെത്തന്നെ ഒരു ദഹനബലിയായി അങ്ങയുടെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

(വാതിലിൽ മുട്ടുന്ന ശബ്ദം. ഫാദർ ഫിലിപ്പു് പ്രാർത്ഥനനിറുത്തി ശബ്ദം കേട്ടഭാഗത്തേക്കു നോക്കുന്നു. പോളി മുറിയിലേക്കു് എത്തി നോക്കിയിട്ടു് ഇറങ്ങി ഓടുന്നു.) എന്തു്? എന്തു്? വല്ല ഭ്രാന്തനുമായിരിക്കുമോ? അതെ, ഭ്രാന്തനും എന്റെ സഹോദരനാണു്. (എഴുന്നേറ്റുനിന്നുകൊണ്ടു് ഉച്ചത്തിൽ മകനെ, നീ എന്തുകൊണ്ടാണു ഭയപ്പെട്ടു് ഓടുന്നതു്. തിരിച്ചുവരൂ? എന്നു പറഞ്ഞുകൊണ്ടു് പുറത്തേക്കിറങ്ങി പോളിയെ

സസ്നേഹം മുറിക്കകത്തേക്കുകൊണ്ടുവരുന്നു.)

ഫാദർ. ഫി.— മകനെ, നിനക്കു സുഖമല്ലേ നിന്റെ പേരെന്താണു്.

പോളി— പോളി.

ഫാ.— എത്ര മനോഹരമായ പേരു്!

പോളി— എനിക്കിവിടെ ഇരിക്കുവാൻ സമയമില്ല. ഞാൻ പോകുന്നു.

ഫാ— കുഞ്ഞേ, നീ വന്നതിന്റെ കാരണം പറയൂ എന്റെ സഹായം നിനക്കു് ഏതെങ്കിലും വിധത്തിൽ ആവശ്യമുണ്ടെങ്കിൽ അതു നിവൃത്തിക്കുവാൻ ഞാൻ സന്നദ്ധനാണു; പോളി.

പോ— വേണ്ട— വേണ്ട—എനിക്കു് ആരുടെയും സഹായം ഇപ്പോഴും ആവശ്യമില്ല. ചക്കരവാക്കുപറഞ്ഞു് എന്നെയുംകൂടി അച്ചനാക്കാമെന്നായിരിക്കും ഭാവം. അതുനടപ്പില്ല.

ഫാ— ഇല്ലപോളി. നീ വന്നതിന്റെ കാരണം ഇതുവരെയും പറഞ്ഞില്ലല്ലോ—

പോ— അതോ, വേണമെങ്കിൽ പറയാം. എന്റെ അമ്മയ്ക്കൊരു നിർബന്ധം ഞാൻ അച്ചനെ ഒന്നു കാണണമെന്നു്. കാണണമെന്നല്ലേയുള്ളു. അതുകൊണ്ടു്— — —

ഫാ— അതുകൊണ്ടു്?

പോ— അങ്ങയെ ദൂരെ നിന്നു കണ്ടതിനുശേഷം ഞാൻ ഓടുകയായിരുന്നു.

ഫാ— (ചിരിച്ചുകൊണ്ടു്) പോളി. സ്വല്പസമയം ഇവിടെ ഇരിക്കൂ. നമുക്കു് ഒന്നു സംസാരിക്കാം.

പോ— വേണ്ട, വേണ്ട അങ്ങയുടെ മയക്കുവിദ്യയിൽ എന്നെക്കൂടി ഉൾപ്പെടുത്താമെന്നു വിചാരിക്കേണ്ട. ഞാൻ പോകുന്നു. (എഴുന്നേൽക്കുന്നു.)

ഫാ— (പോളിയെ പിടിച്ചിരുത്തിക്കൊണ്ടു്) ഇരിക്കുമകനെ, എനിക്കൊരു ഉപകാരം ചെയ്യുതരാമോ?

പോ— ഉപകാരമോ? കേൾക്കട്ടെ.

ഫാ— നീ വീട്ടിലേക്കുപോകുകയല്ലേ. പോകുന്നവഴിക്കു് കടയിൽ നിന്നും—

പോ— എന്തു്? കടയിൽനിന്നു് വെന്തിങ്ങയും കുരിശും കൊന്തയും ഒക്കെ വാങ്ങികഴുത്തിലിട്ടുകൊണ്ടു് പോകണമായിരിക്കും ഇല്ലെ?

ഫാ— മകനെ, അതൊന്നുമല്ല ഞാൻ പറയാൻപോകുന്ന സംഗതി. നീ അതു ശാന്തമായികേൾക്കൂ.

പോ— എന്നാൽ കേൾക്കട്ടെ.

ഫാ— നാലു മെഴുകുതിരികളും വാങ്ങിക്കണം.

പോ— മെഴുകുതിരികളോ. അതെന്തിനാണച്ചാ. സമയം നാലുമണികഴിഞ്ഞതേയുള്ളല്ലൊ സന്ധ്യയായാലും എനിക്കത്ര പേടിയൊന്നുമില്ല, അച്ചനെക്കാണുവാൻ എനിക്കു് പേടിയാണെന്നാണു് അമ്മ പറയുന്നതു്. ഏതായാലും ഇനി എനിക്കു പറയാമല്ലൊ ധൈര്യസമേതം ഞാൻ അച്ചനെക്കണ്ടെന്നു്.

ഫാ— ഞാൻ പറയുന്ന സംഗതി പൂർത്തിയാക്കാൻ നീ സമ്മതിക്കുക. നീ വീട്ടിൽ ചെല്ലുമ്പോഴും, ഇന്നതന്നെ കിടക്കുന്നതിനുമുമ്പു് കട്ടിലിന്റെ നാലു കോണിലും ആ തിരികളും ഒരോന്നു കത്തിച്ചു നിറുത്തണം. അതിനുശേഷം (പോളി അത്ഭുതപ്പെട്ടു് നോക്കുന്നു) ''ഇന്നു രാത്രി ഞാൻ മരിച്ചാൽ എന്റെ ആത്മാവു് നേരേ നരകത്തിലേക്കു പോകും'' എന്നു മൂന്നു പ്രാവശ്യം സാവധാനത്തിൽ പറയണം.

പോ— ഹാ— — ഹാ— — ഇതാണോ കാര്യം. ഇതു് എന്തൊരു കിറുക്കാണച്ചാ. എന്നാലും അച്ചൻ പറഞ്ഞതല്ലേ. ചെയ്യുകതന്നെ. (പോക്കറ്റിൽ തപ്പിയിട്ടു്) കാശുണ്ടല്ലോ വാങ്ങിക്കുവാൻ.

ഫാ— എന്നാൽ ഇനി പൊയ്ക്കൊള്ളുക. ദൈവം കുഞ്ഞിനെ അനുഗ്രഹിക്കട്ടെ.

പോ— വളരെ ഉപകാരം ഈശോമിശിഹായ്ക്കുസ്തുതിയായിരിക്കട്ടെ. (പോകുന്നു).

ഫാ— (കുരിശുരൂപം ചുംബിച്ചുകൊണ്ടു്) സ്നേഹനാഥാ പോളിയുടെ ഹൃദയം നിനക്കു സമർപ്പിക്കുവാൻ ഇടയാകട്ടെ.

(കർട്ടൻ)

രംഗം 3

(പോളി കിടന്നുറങ്ങുന്നു. മേശപ്പുറത്തു് മെഴുകുതിരികളും തീപ്പെട്ടിയും. കുറെ സമയം കഴിഞ്ഞു് പോളി കട്ടിലിൽ നിന്നു് ചാടിയെഴുന്നേല്ക്കുന്നു.)

പോ— കഷ്ടം! കഷ്ടം! ഞാൻ പറഞ്ഞിരുന്നവാക്കു്, ഫിലിപ്പച്ചനോടു പറഞ്ഞിരുന്ന വാക്കു്, അതു ഞാൻ വിസ്മരിച്ചുപോയി. എന്തായാലും ചെയ്യാമെന്നു പറഞ്ഞതല്ലേ. അങ്ങനെ തന്നെയാകട്ടെ. (മേശപ്പുറത്തുനിന്നു് തിരികളും എടുത്തു് കത്തിച്ചു് നാലുകോണുകളിലും വയ്ക്കുന്നു. അതിനുശേഷം— ഇന്നു രാത്രി ഞാൻ മരിച്ചാൽ എന്റെ ആത്മാവു്— — നേരെ നരകത്തിലേക്കു്— ഇന്നു രാത്രി — ഞാൻ — മരിച്ചാൽ — എന്റെ — ആത്മാവു നേരെ — നരക — ത്തിലേക്കു് ഇന്നു — രാത്രി — ഞാ— —ൻ മര— — വാക്യം പൂർത്തിയാക്കുവാൻ സാധിക്കാതെ ചാടിയെഴുന്നേല്ക്കുന്നു മുഖത്തു് ഭയവും സങ്കടവും നിഴലിക്കുന്നു.)

അയ്യോ — — അയ്യോ — — ഭയങ്കരം —മരണം— തിയ്യു് തീക്കട്ടകം— — എന്നെ വിഴുങ്ങുന്നു. അയ്യോ — —

(ശബ്ദം കേട്ടു് അന്ധാളിച്ചു് എലിസാ പ്രവേശിക്കുന്നു പോളി — — പോളി— — എന്നു് ഉറക്കെ വിളിക്കുന്നു.)

പോ— അമ്മേ— അമ്മേ— (അമ്മയെ കെട്ടിപ്പിടിക്കുന്നു)

എലി— പോളി, മകനെ, നിനക്കെന്തുപറ്റി. ഈ പാതിരാത്രിക്കു്. വല്ല സ്വപ്നവും കണ്ടതാണോ? (തിരികളും ദൃഷ്ടിയിൽപ്പെടുന്നു.) അയ്യോ! എന്റെമകനുഭ്രാന്താണോ? ദൈവമേ

പോ— അമ്മെ, എന്റെ പ്രിയപ്പെട്ട അമ്മേ, അമ്മകരയേണ്ട. എനിക്കു ഭ്രാന്തല്ല. ഈ തിരികളും നിത്യമായ നരകാഗ്നിയുടെ ഓർമ്മ എനിക്കു നൽകുന്നു. ഫിലിപ്പച്ചൻ പറഞ്ഞതനുസരിച്ചു് ഞാൻ അവ കത്തിച്ചു് എന്റെ കട്ടിലിൽ നിരത്തിയതാണു്. അയ്യോ! അദ്ദേഹം എന്നോടു പറയാൻ ആവശ്യപ്പെട്ട വാക്യം. ഇന്നു— രാത്രി — അമ്മച്ചി — ഞാൻ മരിക്കുന്നു. അമ്മയുടെ പരിശുദ്ധമായ കരങ്ങളും ഉയർത്തി എന്നെ അനുഗ്രഹിക്കുക. ഇനി ഒരു പുതിയ ജീവിതം ഞാൻ അരംഭിച്ചുകൊള്ളാം.

എലി— മകനെ, പോളി, നിന്റെ വാക്കുകളും എന്റെ ഹൃദയത്തിൽ ഒരു കുളിർ കാറ്റുവീശുന്നു. ഇന്നു ഞാൻ കൃതാർത്ഥയായി.

പോ— ഞാൻ പോകുന്നു. ഫിലിപ്പച്ചനെക്കണ്ടു് എന്റെ പാപങ്ങൾക്കു് പൊറുതിയും ഹൃദയത്തിനു് ആനന്ദവും പ്രാപിക്കുവാൻ ആ പാദങ്ങളിൽക്കെട്ടിപ്പിടിച്ചു് മാപ്പിരിക്കുവാൻ (ഓടിപ്പോകുന്നു.)

എലി— ദൈവമേ! ഈശോയുടെ പരിശുദ്ധഹൃദയമേ!

(കർട്ടൻ)

രംഗം 4

(പാതിരാത്രി സമയം ഫാദർ ഫിലിപ്പു് ധ്യാനനിമഗ്നനായി മുട്ടുകുത്തിനിന്നു് സ്നേഹനാഥനുമായി നമ്മ സല്ലാപം ചെയ്യുന്നു. രംഗം നിശ്ശബ്ദം.)

അണിയറയിൽനിന്നു്!— അതാനമ്മുടെ പ്രിപ്പെട്ട മിഷ്യനറി പ്രാർത്ഥിക്കുന്നു. ലോകമെല്ലാം സസുഖം നിദ്രചെയ്യുമ്പോഴും, തുടിക്കുന്ന ഹൃദയവുമായി, സ്നേഹസാമ്രാജ്യത്തിലെ രാജകുമാരനായ അദ്ദേഹം ക്രിസ്തുരാജനുമായി സംഭാഷണം ചെയ്യുന്നു. എന്തായിരിക്കാം കാരണം. അതെ, പോളി മനസ്സുപിക്കണം. അതാണു് അദ്ദേഹത്തിന്റെ ഹൃദയസ്പന്ദങ്ങളുടെ അർത്ഥം പ്രസാദവരത്തിന്റെ വെൺപ്രകാശം അദ്ദേഹത്തിന്റെ മുഖത്തു പ്രതിഫലിക്കുന്നതു നിങ്ങളും കാണുന്നില്ലേ? നെഞ്ചിൽ കൈവെച്ചുകൊണ്ടു് ക്രിസ്തുനാഥനോടു നിങ്ങളും പറയുക ''നാഥാ! ഞങ്ങളും മിഷ്യനറിമാരാകും; ആത്മാക്കളെ രക്ഷിക്കും; പ്രാർത്ഥനവഴി, പരിത്യാഗംവഴി'' എന്നു്

(മനസ്താപത്തിൽ കലങ്ങിയ കണ്ണുകളുമായി പോളി പ്രവേശിക്കുന്നു. ഫിലിപ്പച്ചന്റെ പാദങ്ങളിൽ കെട്ടിപ്പിടിക്കുന്നു. 'അച്ചാ ക്ഷമിക്കണേ' എന്നു പറഞ്ഞുകരയുന്നു. വൈദികൻ അനുഗ്രഹിക്കുന്നു.)



ആര്യചരിതൻ

(T. S.)

അദ്ധ്യായം 9

സഹപാഠികൾ

സഹപാഠികളെ നിങ്ങളുടെ സഹോദരന്മാർതന്നെയാണു്. അവരോടു സഹോദരഭാവേന വർത്തിക്കുകയും വേണം. സമഭാവന ഒരു വിദ്യാലയത്തിൽ, ഒരു ക്ലാസ്സിൽ, പഠിക്കുന്നവർക്കു അത്യന്താപേക്ഷിതമാണു്. ജാതിവ്യത്യാസമോ സാമ്പത്തിക വ്യത്യാസമോ കണക്കിലെടുത്തു ചിലരോടു സ്നേഹബന്ധം പുലർത്തുകയും മറ്റുചിലരോടു വെറുപ്പു പ്രദർശിപ്പിക്കുകയും ചെയ്യുന്നതു ഒരു ആര്യചരിതനു യോജിച്ചതല്ല. ബ്രാഹ്മണവംശത്തിൽ ജനിച്ചു ഗാന്ധിജി ഹരിജനങ്ങളുടെയിടയിൽ സമഭാവനയോടുകൂടി ജീവിച്ചതു നമുക്കറിയാമല്ലോ.

സമത്വബോധം വർദ്ധിപ്പിക്കുന്നതിനും, സാമ്പത്തികമായ ഉച്ചനീചത്വം ബാലമനസ്സിൽ ഉണ്ടാകാതിരിക്കുന്നതിനും, ധനവാന്മാരുടെ മക്കൾ ലളിതജീവിതം അഭ്യസിക്കേണ്ടതു ആവശ്യമാണു്. വേഷത്തിൽ ലാളിത്യം പാലിക്കേണ്ടതും ആവശ്യമാണു്. വിവിധ സാമ്പത്തികനിലയിലുള്ള മാതാപിതാക്കളുടെ കുട്ടികൾ ഒരു സ്കൂളിൽ ഒരു ക്ലാസ്സിൽ പഠിക്കുന്നുണ്ടായിരിക്കും. അവരുടെ വീട്ടുകളിലെ ജീവിതരീതിയും ഭക്ഷണക്രമവും എത്രതന്നെ വ്യത്യസ്ഥങ്ങളായിരുന്നാലും അവർ വിദ്യാലയത്തിൽ വന്നാൽ ഒരുമിച്ചിരുന്നു പഠിച്ചു ഒരുമിച്ചു കളിച്ചുല്ലസിച്ചു കഴിയുന്നവരാണു്. അവർ പരിപൂർണ്ണ സമത്വം വിദ്യാലയത്തിൽവച്ചു പാലിക്കേണ്ടതാണു്.

സമത്വഭാവം വർദ്ധിപ്പിക്കുന്നതിനു ചില നല്ല വിദ്യാലയങ്ങളിൽ അംഗീകൃത യൂണിഫോറം നടപ്പിലാക്കിയിട്ടുണ്ടു്. എല്ലാ കുട്ടികളും ഒരേതരം വേഷം ധരിക്കുകയും സ്വർണ്ണാഭരണങ്ങളും മറ്റു ആഡംഭരവസ്തുക്കളും ഉപയോഗിക്കാതിരിക്കുകയും ചെയ്യുമ്പോൾ ഉച്ചനീചത്വം മറക്കുകയും സമത്വചിന്ത വളരുകയുംചെയ്യുന്നു. കഠിനാദ്ധ്വാനം ചെയ്തിട്ടും സ്വന്തം കുഞ്ഞുങ്ങളുടെ അത്യാവശ്യങ്ങളും സാധിക്കാൻ ക്ലേശിക്കുന്ന ഒരു വിഭാഗത്തിന്റെ മനസ്സിനെ വേദനിപ്പിച്ചു വിപ്രവത്തിലേയ്ക്കു തള്ളിവിടുന്ന എല്ലാ കാരണങ്ങളെയും സാഹചര്യങ്ങളെയും വർജ്ജിക്കേണ്ടതാണു്.

സഹപാഠികളോടു എല്ലാവരോടും ഒരേ രീതിയിൽ വർത്തിക്കാൻ അഭ്യസിക്കണം. ചിലരോടുമാത്രം പ്രത്യേക മൈത്രീബന്ധം ഉണ്ടായിരിക്കുന്നതു കാലക്രമേണ ദോഷഫലങ്ങളും ഉളവാക്കും. പൊതുജനസമ്മതി നഷ്ടപ്പെടുത്തുകയും ചെയ്യും. "Love all; trust few wrong none." എല്ലാവരെയും സ്നേഹിക്കുക; ചുരുക്കംപേരെ മാത്രം വിശ്വസിക്കുക; ആർക്കും ഒരു ദ്രോഹവും ചെയ്യാതിരിക്കുക; എന്നതായിരിക്കണം നിങ്ങളുടെ ജീവിതാദർശം. ചിലരോടുള്ള പ്രത്യേക മൈത്രീ മറ്റുചിലരോടു മനസ്സുകൊണ്ടകലുവാൻ കാരണമാകും. Union means union and disunion എന്നൊരു ചൊല്ലുണ്ടു് ആരോടെങ്കിലും കൂട്ടുതലായി അടുത്താൽ മറ്റുള്ളവരിൽനിന്നു കൂട്ടുതൽ അകലുന്നു എന്നാണതർത്ഥം. മറ്റുള്ളവർക്കു സംശയം തോന്നത്തക്കവണ്ണം അദ്ധ്യാപകന്മാരോടു അടുപ്പം ഭാവിച്ചാൽ നിങ്ങളെ സഹപാഠികളും ഒരു നാരദനായി മുദ്രകുത്തി അവരുടെ കൂട്ടത്തിൽനിന്നകറ്റാം. പോളി, മകനെ, നിനക്കുവേണ്ടി ഈ സമയം മുഴുവൻ ഞാൻ പ്രാർത്ഥിക്കുകയായിരുന്നു. ഇപ്പോഴും ഞാൻ കൃതാർത്ഥനായി. എന്റെ ഹൃദയം പുളകമണിയുന്നു. ഇശോനാഥാ! ഇതാ അങ്ങയുടെ അരുമസുതൻ മകനെ എഴുന്നേൽക്കൂ. ഓമനെ, ഈ കുരിശ്ശുരൂപം നിന്നെ രക്ഷിച്ചു. (പോളിയെ ആ കുരിശ്ശുരൂപം ചുംബിക്കുവാൻ സഹായിക്കുന്നു.)

പോ— അച്ഛാ, ഞാൻ നീചനീചമായി എന്റെ അമ്മയോടും അങ്ങയോടും പെരുമാറി. ദുഷിച്ച ഗ്രന്ഥങ്ങളായിരുന്നു. എന്റെ കൂട്ടുകാർ. അവയെ എന്നേക്കുമായി ഇതാ ഞാൻ ഉപേക്ഷിക്കുന്നു. ഇനി ഈശോയുടെ തിരുഹൃദയമായിരിക്കട്ടെ എന്റെ അദ്ധ്യാപകനും സഹോദരനും എല്ലാം— — എല്ലാം— — ദൈവത്തിന്റെ നാമത്തിൽ അങ്ങു് എന്റെ പാപസങ്കീർത്തനം ശ്രമിക്കണം. ഇതാ ഞാൻ തയാറായിക്കഴിഞ്ഞു.

ഫാ— വരൂ. നമുക്കു ദേവാലയത്തിലേക്കുപോകാം. ദൈവസ്നേഹത്തിന്റെ മാധുര്യം നിന്നെ ഞാൻ ഗ്രഹിപ്പിക്കാം. (പോകുന്നു. കർട്ടൻ)

അണിയറയിൽ— ഗാനം

(ശ്ക്രൈപ്പന്തലിൽ- — — — എന്നരീതി)

മാനസവേദിയിൽ മാധുര്യസാരമായ
വരമധുരകൃപാനാഥാ!
നിൻതിരുഹൃത്തിലെസ്നേഹസുധാരസം
കാത്തിരിക്കുന്നഞാൻനാഥാ!

1 കരുണകൊണ്ടുനിറയുംമധുമൊഴിയുകി
സാന്ത്വനമരുളുനാഥാ!
അവനിയിലെഴലിൻപാതയിലുംഞാൻ
കാത്തരിപ്പുനിന്നെ.. കാത്തിരി— — —
മാനസവേദിയിൽ . . . . .

2 മാനവരഖിലംപാടിനമിക്കും
മാനവരാജാ! ജയ നീ
അഖിലമഹേശാ! കാൽവരികയറാൻ
ജീവനേകുനാഥാ! — — —ജീവ . . . .
മിനസവേദിയിൽ . . . . .

ആശയം വി. ഫിലിപ്പു നേരിയുടെ ജീവചരിത്രത്തിൽ നിന്നു്.

കുട്ടികളുടെ കരച്ചിൽ

ഡോ. റ്റി. കെ. ജോസഫ് (ഹോമിയപ്പതി)

നവീനമായ രംഗസംവിധാനത്തിൽ ഓരോ മാസവും പുറത്തുവരുന്ന നമ്മുടെ ബുള്ളറ്റിനിൽ ഒരു പുതു പംക്തി ആരംഭിക്കുകയാണു്. അതു് വായനക്കാർ സ്വാഗതം ചെയ്യുമെന്നു് ഞാൻ വിശ്വസിക്കുന്നു.

ചെറിയ ആരോഗ്യകുറിപ്പുകളം. അനവധി പ്രശ്നങ്ങളം ഇന്നു് നമ്മളെ അലട്ടുന്നുണ്ടു്. അതിൽ ഒട്ടും അപ്രധാനമല്ല രോഗം. കുഞ്ഞിനു രോഗം, തള്ളക്കു രോഗം പണമില്ല. എന്തുചെയ്യും. പഴയകാലത്തു് നമ്മുടെ മുറ്റത്തിനുചുറ്റും മരുന്നു് ഉണ്ടായിരുന്നു. ഇന്നു് അതില്ല. പഞ്ചവത്സരപദ്ധതി; മുറ്റംവരെ കേറിയിരിക്കുകയാണു്. അഥവാ മുറ്റത്തു മരുന്നുണ്ടെങ്കിലും പ്രയോജനമില്ല. വൈദ്യം അറിഞ്ഞുകൂടാ; പണ്ടു് നമ്മുടെ മുത്തച്ഛന്മാർക്കു് ധാരാളം ഒറ്റമൂലികളം അറിയാമായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. ആധുനികവിദ്യാഭ്യാസം സിദ്ധിച്ച യുവദമ്പതികൾക്കു് ''മരുന്നും മന്ത്രവും അറിഞ്ഞുകൂടാ; സാധാരണ ആരോഗ്യവിധികളം പോലും അറിയാത്തവരാണു്. ഞാൻ കുറ്റപ്പെടുത്തുകയല്ല. ആരും നെറ്റിചുളിക്കരുതു്. ഞാൻ വിഷയത്തിൽനിന്നു് അല്പം ദൂരെ മാറിപ്പോയി. ഇല്ല അതിലേക്കുതന്നെ വരികയാണു്. ആഫീസിൽ നിന്നു, പണിസ്ഥലത്തുനിന്നു് വീട്ടിലേക്കു് വരുന്ന പിതാവിനെ സ്വീകരിക്കേണ്ടതു, പുനിലാവു പരത്തുന്ന പഞ്ചസാര പുച്ചിരിയുമായി ഓടിവരുന്ന കുഞ്ഞായിരിക്കണം. എന്തോരു് ആനന്ദം അല്ലേ; അതു് കരച്ചിൽ ആണെങ്കിൽ നാം തികച്ചും നിരാശരാകും. എപ്പോഴും കരച്ചിൽ, കുഞ്ഞു, ജനിച്ചയുടനെ ഉച്ചത്തിൽ കരയുന്നതു് നല്ലതാണു്. ശ്വാസകോശങ്ങളിൽ വായു കേറും. കുട്ടിക്കു് ജീവൻ വെയ്ക്കും. അതു് നിത്താതെ കരയുകയാണെങ്കിൽ സ്ഥിതി കഷ്ടമാകും. എപ്പോഴും കുട്ടികം കരയുക അതു മാതാവിനെയും പിതാവിനെയും കഷ്ടപ്പെടുത്തും. എടുത്താലും പിടിച്ചാലും കരച്ചിൽ നിത്തുകയില്ല. ക്ഷമനശിക്കുമ്പോം കുഞ്ഞിനെ തല്ലു തുടങ്ങുകയായി. കരച്ചിൽ വർദ്ധിക്കുകയായി. കുഞ്ഞുങ്ങം കരയുന്നതിനു് പല കാരണങ്ങളം ഉണ്ടു്. കാരണം അറിഞ്ഞു് അതു പരിഹരിക്കുക.

നല്ല ആരോഗ്യമുള്ളകുഞ്ഞുങ്ങം പെട്ടെന്നു് ശക്തിയായികരയുന്നു. ഉദരശൂലമൂലവും ചെവിവേദന മുതലായവയാലും കരയുന്നു. കുഞ്ഞുങ്ങൾക്കു് പറയാൻനിവൃത്തിയില്ല.ചെവിവേദനമൂലംകരയുകയാണെങ്കിൽ കൈ എപ്പോഴും വേദനയുള്ളചെവിയുടെ ഭാഗത്തേയ്ക്കു കൊണ്ടുപോകും. വയറുവേദനമൂലം കരയുമ്പോം കുട്ടി ഞെളിഞ്ഞു പിരിയുക, കൈകാൽ ഇട്ടുതല്ലുക, മുഷ്ടി ചുരുട്ടിപ്പിടിക്കുക, കണ്ണു് തുറിച്ചുനോക്കുക. വയറ്റിൽ ഇരപ്പും മൂളിച്ചയും കാണും. അധോവായു പോകുക ഇവയുണ്ടാകുന്നു. കരച്ചിൽ മൂലപ്പാൽ കുടിക്കുന്ന കുട്ടികളേക്കാം അധികം ബാധിക്കുന്നതു് കുപ്പിപാൽകൊടുക്കുന്ന കുട്ടികംക്കാണു്. മൂലപ്പാൽ കൊടുക്കാതിരിക്കുന്നതു് ഇന്നു ഒരു ഫാഷൻആയിട്ടുണ്ടോയെന്നു് സംശയിക്കുന്നു. സൗന്ദര്യം കുറഞ്ഞുപോകുമോയെന്ന ഭയപ്പെട്ടു് ചിലസ്ത്രീകം കുഞ്ഞുങ്ങൾക്കു് പാൽ കൊടുക്കുവാൻ മടിക്കുന്നു. അതു് അബദ്ധമാണു്. ആദ്യ സന്താനങ്ങൾക്കാണു് ഉദരശൂല അധികം കാണുന്നതു്. അതുമൂലമുള്ള കരച്ചിലും അധികം കാണുന്നതു് ആദ്യസന്താനങ്ങളിലാണു്. കരച്ചിലും അവയുടെ വിവിധലക്ഷണങ്ങളം കാണുമ്പോം ഇതു് ചള്ളിന്റെ, ചീത്തയുടെ, പക്ഷിയുടെ ഉപദ്രവമെന്നു് ചിലർ പറയും. അതിൽ വലിയ അർത്ഥം കാണുന്നില്ല. മന്ത്രവും ജപിച്ചുകെട്ടലും മറ്റും നടത്തുന്നതു് അപരിഷ്കൃതമാണു്. അതിനു് മിനക്കെടരുതു്. കിടക്കുന്ന സ്ഥലംകൊള്ളകയില്ലായെന്നും ചിലർ പറയും. അതിൽ നിങ്ങം പരിഭ്രമിക്കരുതു്.

വൈകുന്നേരമാണു് കരച്ചിൽ വർദ്ധിക്കുന്നതു്. രാത്രിയിൽകരയുന്ന കുട്ടി ചിലപ്പോം പറയും എന്നെ വിട്ട. തിണ്ണയിൽ പോകുയെന്നെല്ലാം, അതു് പിശാചിന്റെ ഉപദ്രവമെന്നു് ചിലർ നമ്മെ ഭയപ്പെടുത്തും. കുട്ടിക്കു് മുറിക്കുള്ളിലെ ഉഷ്ണംസഹിക്കുവാൻ നിവൃത്തിയില്ല. അതിനാൽ ആണു്അങ്ങനെ പറയുന്നതു്. ശക്തിയായി കരച്ചിൽ ഉള്ളപ്പോം കുട്ടിയെ തല്ലിയാൽ വേദന അനുഭവപ്പെടുകയില്ല. വില്ലുപോലെ കുട്ടി വളയും അനുഭവത്തിൽനിന്നും പറയുന്നതാണു്.

ഉദരശൂല പ്രഭാതത്തോടുകൂടി കുറയും. വളരെ വേഗത്തിൽ കുട്ടിക്കു് ക്ഷീണംകൊടുക്കരുതു്. അങ്ങനെ ചെയ്താൽ അധികം വായു ഉള്ളിൽ കടക്കും. അപ്പോം വായുക്ഷോഭം ഉണ്ടാകും. കുട്ടി കരയുമ്പോഴെല്ലാം മൂലപാൽ കൊടുക്കുന്നതു് നന്നല്ല. മുന്നു മണിക്കൂർ ഇടയിട്ടു് പാൽകൊടുക്കാവു. തിളപ്പിച്ച പാൽ പെട്ടെന്നു ദഹിക്കും. പാൽ കൂടുതൽ വെള്ളംചേർത്തു് കൊടുക്കണം. മൂലക്കണ്ണു് കഴുകിയതിനുശേഷം മൂലകൊടുക്കുക. നനവുതട്ടാതെ സൂക്ഷിക്കണം.

പുരുക്കത്തിൽ; ആദ്യസന്താനങ്ങൾക്കു് കരച്ചിൽ കൂടുതൽ ഉണ്ടാകുന്നു. കരച്ചിലിനു് പല കാരണങ്ങളം ഉണ്ടു് ഉദരശൂല,

---

ററി ക്കളയും. എന്നാൽ സൽസ്വഭാവികളല്ലെന്നു നിങ്ങൾക്കു ബോദ്ധ്യം വരുന്ന സഹപാഠികളുമായുള്ള സഹവാസം ഉണ്ടായിരിക്കരുതു്. ''സത്യധർമ്മാദികം വെടിഞ്ഞീടിന പുരുഷനെ ക്രൂദ്ധനാം സപ്പ്ത്തേക്കാളേറെം പേടിക്കണം.'' അവർ നിങ്ങളുടെ ജീവിതത്തെ അപകടത്തിലാക്കും. പുകവലി, അശ്ലീലസംഭാഷണം തുടങ്ങിയുള്ള അനേകം ദുശ്ശീലങ്ങം ചീത്തക്കുട്ടികാരിൽനിന്നു അഭ്യസിക്കാൻ ഇടയാക്കും.

അദ്ധ്യായം 10

ദേവാലയം

ദേവന്റെ ആലയം, ദൈവത്തിന്റെ ഭവനം, ദൈവാരാധനസ്ഥായി പൊതുജനങ്ങം കൂടിയിരിക്കുന്ന പുണ്യസ്ഥലം—ആണല്ലോ ദേവാലയം. ദേവാലയം പുണ്യസ്ഥലമായതുകൊണ്ടു് അതിൽ അനാചാരമായി പ്രവേശിക്കുകയും പെരുമാറുകയും ചെയ്യുന്നതു ശരിയല്ല. ക്ഷേത്യാദരവുകളോടുകൂടി മാത്രമെ ആ പുണ്യസ്ഥലത്തു നാം സമയം ചെലവഴിക്കാൻ പാടുള്ളു. ഒരു പ്രാത്ഥനാന്തരീക്ഷമാണു് നാം അവിടെ കാണുന്നതു്. ആ അന്തരീക്ഷത്തിനു അനുസരണമായി നമ്മുടെ മനസ്സിലും പ്രാർത്ഥനാന്തരീക്ഷം ഉണ്ടാകണം. ദേവാലയത്തിൽ പ്രവേശിച്ചാൽ മറ്റുള്ളവരുടെ ശ്രദ്ധയെ നിങ്ങളിലേയ്ക്കു ആകഷ്ടിക്കാതെയും മറ്റുള്ളവർക്കു അസഹ്യമുണ്ടാക്കാതെയും സൗകര്യമായ സ്ഥലത്തു നിങ്ങം സ്ഥാനം പിടിച്ചുകൊള്ളണം.

ഇക്കാലത്തു പലരിലും ഒരു ദുശീലം കാണുന്നുണ്ടു്. ദേവാലയത്തിൽ സ്ഥലം ഉണ്ടെങ്കിലും പ്രവേശനസ്ഥലത്തും വാതലിനു അടുത്തുവെളിയിലും തിങ്ങിക്കൂടിയിരിക്കും. പിന്നാലെ വന്നുചേരുന്നവർക്കു അകത്തു കടക്കാൻ സൗകര്യം കൊടുക്കുകയില്ല. നിങ്ങൾക്കു വിവേകമുണ്ടെങ്കിൽ നിങ്ങം എന്താണു് ചെയ്യേണ്ടതു്? ഒദവാലയത്തിൽ പ്രവേശിച്ചാൽ പിന്നാലെ വന്നുകയറുന്നവർക്കു യാതൊരു സൗകര്യത്തിനും ഇടവരുത്താത്തവിധം ഒരു സ്ഥാനത്തു ഇരിക്കണം. ദേവാലയത്തിനുള്ളിൽ സ്ഥലം ഒട്ടുമില്ലാത്ത അവസരത്തിൽ വാതിലിനു അടുത്തു എന്നാൽവാതിൽഒഴിവാക്കിഒരുസ്ഥാനത്തുഇരിക്കുകയാണു് വേണ്ടതു്.

നിങ്ങം ബഹുമാനിക്കുന്ന ഒരാളുടെ വസതിയിൽ നിങ്ങം പ്രവേശിച്ചാൽ എത്രമാത്രം അച്ചടക്കം നിങ്ങം പാലിക്കും? നിങ്ങളുടെ ഗുരുനാഥന്റെ വീട്ടിൽ ചെന്നാൽ നിങ്ങം എത്ര വിനയമായി പെരുമാറും. ദേവാലയത്തിലെ ഭരണകർത്താക്കളായ പുരോഹിതന്മാരുടെ വാസസ്ഥലത്തും നിങ്ങം ക്രമവും അച്ചടക്കവും പാലിക്കുകയില്ലെ? ദൈവത്തിന്റെ വാസസ്ഥാനമായ ദേവാലയത്തിൽ അലക്ഷ്യമായി പ്രവേശിക്കുകയും അനാചാരമായി പ്രവർത്തിക്കുകയും ചെയ്യുന്നതു ദൈവവിശ്വാസമില്ലാത്തവരാണു്. ദൈവസന്നിധിയിൽവച്ചു ശ്രദ്ധതയുടെ സ്ഥലത്തുവച്ചു, ചിരി, കളി, സംസാരം, ഭീത്തികളിലും ചായപ്പണികം ചെയ്തിരിക്കുന്നിടത്തും നഖംകൊണ്ടും. ബ്ലേഡു്. പേനാക്കത്തി, പേന, പെൻസിൽ, തുടങ്ങിയ ഉപകരണങ്ങംകൊണ്ടും വികൃതചിത്രങ്ങം ഉണ്ടാക്കുക. ഇതൊന്നും സംസ്കാരമുള്ളവർ ചെയ്യുകയില്ല. നിങ്ങളെക്കാം അറിവുള്ളവർ ദേവാലയത്തിൽ എങ്ങനെ വർത്തിക്കുന്നു എന്നു നിങ്ങം മനസ്സിലാക്കി നിങ്ങളും അപ്രകാരം വർത്തിക്കേണ്ടതാണു്.

വനിതാപംക്തി

വനിതാലോകത്തിനു് രാജമ്മയുടെ കത്തു്

സ്ത്രീകളും പണസമ്പാദനവും

ഇന്നു് ലോകം പരിഷ്കാരത്തിന്റെ പരമോന്നതപദവിയിലേക്കു് ത്വരിതപ്രയാണം ചെയ്തുകൊണ്ടിരിക്കയാണു്. എവിടെയും പരിവർത്തനങ്ങൾ കാണാം. പഴമയുടെ പഴുതുകളിൽ പതിയിരുന്ന അന്ധകാര ശകലങ്ങളെ അകറ്റി പുതുമയുടെ പൊൻവെളിച്ചത്തിൽ പുളകച്ചാർത്തണിയുവാൻ ഇന്നു ലോകം വെമ്പൽ കൊള്ളുന്നു. കലയും ശാസ്ത്രവും അതിനകമ്പടി സേവിക്കുന്നു. എങ്കിലും ലോകത്തിലുടനീളം അസ്വസ്ഥതയും അസംതൃപ്തിയും ശേഷിക്കുന്നുണ്ടു്. എന്താണിതിനുകാരണം? അല്പം ശാന്തമായിചിന്തിച്ചാൽ അതു മനസ്സിലാകും.

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. കാലോചിതമായ ഒരു ജീവിതനിലവാരം കെട്ടിപ്പടുക്കുവാൻ അവൻ ബാദ്ധ്യസ്ഥനാണു്. പക്ഷെ, പലപ്പോഴും അവനതിനു സാധിക്കുന്നില്ല. കാരണം നിരവധി സങ്കീർണ്ണപ്രശ്നങ്ങൾ അവനെ അലട്ടുന്നുണ്ടു്. ജീവിതത്തിൽ കെട്ടിപ്പിണഞ്ഞുകിടക്കുന്ന ഈ നൂലാമാലകളിൽനിന്നു് രക്ഷപെടാനുള്ള ഉത്തരവാദിത്വം സ്വാഭാവികമായി പുരുഷനിലാണു് വന്നുചേരുക. കുടുംബജീവിതം വിജയപ്രദവും ആനന്ദകരവും ആയിത്തീരണമെങ്കിൽ അവൻ വളരെ കഷ്ടപ്പെടേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചു് സാധാരണക്കാരായ ആളുകളെ സംബന്ധിച്ചിടത്തോളം ഇതു വളരെ പ്രയാസവുമാണു്. ഈ ജീവിതസമരത്തിൽ ഗൃഹനായിക വഹിക്കേണ്ടപങ്കു് അമൂല്യമാണു്. ഈ ഉത്തരവാദിത്വത്തിനെതിരായുള്ള ഏതു പ്രവൃത്തിയും കടുത്ത ജനദ്രോഹമാണു്. അതിനെ അക്ഷന്തവ്യമായ ഒരപരാധമായിട്ടേ നാളകം വിധി എഴുതൂ.

മനുഷ്യജീവിതത്തിന്റെ തനിപ്പകർപ്പാണു സാഹിത്യം. ഏതു ഭാഷാസാഹിത്യം പരിശോധിച്ചാലും അവിടെല്ലാം

നോവു്, ചെവിവേദന, അതിസാരം, വിര, ദഹനക്കേടുമൂലം. വായുകെട്ടി, വ്യസനം, കോപം ഇവയാൽ ഉണ്ടാകുന്നു. ഒന്നര ഔൺസണിക്കൂർ ഇടവിട്ടായി കരഞ്ഞുയെന്നുംവരാം.

പ്രതിവിധി

കരച്ചിലിനു് ആവശ്യമായ ചികിത്സകൾ ചെയ്യുക. പഴങ്ങളും പച്ചക്കറികളും മധുരമുള്ളതും കൊടുക്കാതിരിക്കുക. പെട്ടെന്നു് ഹോമിക്കുന്ന ആഹാരങ്ങൾ കൊടുക്കുക. വയറിൽ ആവി പിടിച്ചു നോക്കുക.

ഹോമിയോപ്പൊതി ഔഷധങ്ങൾകൊണ്ടു് കുഞ്ഞുങ്ങളുടെ ഏതുവിധത്തിലുള്ള കരച്ചിലും ആശ്വാസപ്പെടുന്നതാണു്. കരച്ചിലിനു് അനവധി ഔഷധങ്ങൾ ഉണ്ടു്. അതിൽ ചിലതു മാത്രം വളരെ പ്രധാനപ്പെട്ടതും അതിന്റെ ഉപയോഗരീതികളും.

ഹോമിയോ ഔഷധങ്ങളെല്ലാം ആവർത്തിച്ചതാണു്. സാധാരണ 30—ാമതു ആവർത്തിപ്പു് ഗ്ലോബികരൂപത്തിൽ വാങ്ങിക്കുക. ശിശുക്കൾക്കു് ഒരു ഗ്ലോബികയുടെപകുതിയും കുട്ടികൾക്കു് ഒരു ഗ്ലോബികയും ഉപയോഗിക്കാം. കരച്ചിൽ ശക്തിയായി ഉള്ളപ്പോൾ 30 മിനീട്ടു് ഇടവിട്ടു് കൊടുക്കാം. അല്പാത്തപ്പോൾ രണ്ടുമണിക്കൂർ ഇടയിട്ടു് ഉപയോഗിച്ചാൽ മതി. ശാന്തമായ ശേഷം ദിവസം ഒരു പ്രാവശ്യംവീതം കൊടുക്കുക. ചെവി വേദനമൂലം കരയുന്നതിനും പെട്ടെന്നു കരയുക പെട്ടെന്നു നിറുത്തുക മറ്റും ബല്ലഡോണ. 30 നിർത്താതെ കരയുക, ദുശാഠ്യം, ഞെളിയുകയും പിരിയുകയും കാലിട്ടടിക്കുക, എടുത്തുകൊണ്ടു നടന്നാൽ ആശ്വാസം പച്ചനിറത്തിൽ അതിസാരിക്കുക എന്നിവയ്ക്കു് ചാമോമില്ലാ 30 കൊടുക്കുക. കുട്ടികളുടെ എല്ലാവിധത്തിലുള്ള കരച്ചിലിനും മിക്കവാറും ഇതു് ഒന്നുമാത്രം മതിയാകും. വിരകോപം മൂലം ഉണ്ടാകുന്നതിനു് സിനാ 30 ഉപയോഗിക്കുക. ചൂട പിടിക്കുന്നതിനാലും വയറടുത്തു തിരുമ്മുന്നതിനാലും കരച്ചിൽ ആശ്വാസമുള്ളതരം കരച്ചിലിനു് മഗ്നീഷോസ് 6x ചൂടുവെള്ളത്തിൽ കൊടുക്കുക. ആശ്വാസം കിട്ടും.

ഇനിയും അനവധി ഔഷധങ്ങൾ ഉണ്ടു്. പ്രാഥമികമായി വീട്ടിൽവച്ചു് ചെയ്യാവുന്ന ചില ഔഷധപ്രയോഗങ്ങൾ മാത്രമേ ഞാൻ ഈ ലേഖനങ്ങൾ കൊണ്ടു് ഉദ്ദേശിക്കുന്നുള്ളൂ. ഹോമിയോപ്പതി ഔഷധങ്ങൾകൊണ്ടു് പല ഗ്രന്ഥങ്ങളുണ്ടു്. അതു പിന്നീടു് വിവരിക്കാം. കുട്ടികൾ എളുപ്പം മരുന്നു് ഉപയോഗിയ്ക്കും, പെട്ടെന്നു് ഗുണംകാണുന്നു. പിൻകാലദോഷങ്ങൾ ഇല്ല. ഹോമിയോ എപ്പോഴും അപകടമില്ലാത്തതാണു്.

മുടികൊഴിച്ചിൽ

മുടികൊഴിച്ചിൽ ഇന്നു് സർവ്വസാധാരണമായിരിക്കുന്നു. ചിലരുടെ തലയിൽ വട്ടംവട്ടം മുടിയില്ലാത്ത ശൂന്യസ്ഥലങ്ങൾ കാണാം. എന്നാൽ ചിലരുടെ തല കഷണ്ടി ആയി മാറുന്നു. കഷണ്ടിക്കും മറ്റും മരുന്നില്ലെന്നാണു് പറയുന്നതു് ഏതോ ഒരു ശാസ്ത്രജ്ഞൻ കഴിഞ്ഞ ദിവസം കഷണ്ടിയിൽ രോമം കിളിപ്പിച്ചതായി പത്രത്തിൽ വായിക്കുകയുണ്ടായി. മുടി പനംകുല പോലെ വളരുവാൻ ഉള്ള സൂത്രം എഴുതുവാൻ പോകുന്നില്ല. മുടികൊഴിച്ചിൽ പരിഹരിക്കുന്നതിനു് ചില മാർഗ്ഗങ്ങൾ ഉണ്ടു്. അപ്പോഴും അതു് കുറയും. മുടികൊഴിയുന്നതിനു് പല കാരണങ്ങൾ ഉണ്ടു്. എപ്പോഴും മുടി വളർന്നുകൊണ്ടും നശിച്ചുകൊണ്ടും ഇരിക്കുന്നു. ശരീരത്തിനു് ക്ഷീണംതട്ടുമ്പോൾ തലമുടികൊഴിയുന്നു. കാൽപാദം വരെ തലമുടിയുണ്ടായിരുന്ന പല സ്ത്രീകൾക്കും പ്രസവത്തോടുകൂടി അതു് നഷ്ടമായി പോകുന്നു. സിഫിലിസ്, ചുണങ്ങു് ഇവമൂലം തലമുടി നഷ്ടപ്പെടുന്നു. പുഴുക്കടി മൂലം വട്ടംവട്ടം വെച്ചു് തലമുടിയും മുഖത്തെ രോമവും നഷ്ടപ്പെടുന്നു. ദീർഘകാല ജ്വരങ്ങൾക്കുശേഷം മുടി നിശേഷം ഇല്ലാതെ പൊഴിയുന്നു. വികാരാധിക്യമൂലം മുടി മുഴുവൻ പൊഴിഞ്ഞതായും നര ബാധിച്ചതായും പത്രങ്ങളിൽ വായിക്കുകയുണ്ടായി. തലമുടി സൗന്ദര്യവസ്തുവായി വനിതകൾ കണക്കാക്കുന്നു. കുതിരവാലുമാതിരി തലമുടി കെട്ടിവച്ചാൽ പൊഴിയുമെന്നു് ഒരു വാദഗതി നിലവിൽ ഉണ്ടു്. സൂക്ഷിക്കുക.

തലയിൽ ചുണങ്ങുവരാതെ സൂക്ഷിക്കുക. ചിലർക്കു് എള്ളെണ്ണയുപയോഗിച്ചാൽ അതു് അനുഭവപ്പെടുന്നു. സോപ്പു് തലയിൽ തേക്കാതിരിക്കുക. എണ്ണു തേക്കുക. നാരങ്ങാനീരു് പുരട്ടുന്നതു് നല്ലതാണെന്നു് അഭിപ്രായമുണ്ടു്. ഹോമിയോപ്പൊതിയിൽ ഉള്ള ആർണിക്ക ഹെയർ ഓയിൽ തലയിൽ പുരട്ടി തിരുമ്മിയാൽ കൊഴിച്ചിൽ നില്ലുന്നതും ധാരാളം തലമുടി ഉണ്ടാകുന്നതായും അനുഭവത്തിൽകണ്ടുവരുന്നു. അങ്ങനെ തലമുടിക്കു് പോഷകം കിട്ടത്തക്ക എണ്ണുകൂം തലയിൽ തിരുമ്മുന്നതു നല്ലതാണു്. കുളിക്കുമ്പോൾ ഉപ്പുപൊടിച്ചു് തലയിൽ തിരുമ്മുന്നതു് നല്ലതെന്നു് ചിലർ അഭിപ്രായപ്പെടുന്നു. പരീക്ഷിക്കുക. മറ്റു് ആളുകൾ ഉപയോഗിക്കുന്ന ചീപ്പു് ഉപയോഗിക്കരുതു്. തലമുടി എന്നും ചീകിവൃത്തിയാക്കണം. അന്നജം, കൊഴുപ്പുകൾ, മധുരം ഇവ അധികം ഉപയോഗിക്കുന്നതു് ചീത്തയാണു്. വിറ്റാമിൻ എ അടങ്ങിയിട്ടുള്ള ഭക്ഷണം തലമുടികൊഴിച്ചിൽ തടയുന്നതിനും മുടി വളരുന്നതിനും നല്ലതാണു്. തലമുടി പൊഴിയുന്നതിനു് ലക്ഷണമിത്രം ശരിക്കുനോക്കി താഴെപറയുന്ന ഹോമിയോ ഔഷധങ്ങൾ ഉപയോഗിച്ചുവരുന്നു.

Sul, Tyco Cole Corb, Not Mur ഇവ കൊള്ളാം.

സംഘടനാകാര്യം

രേണഘടന 98ാം വകുപ്പ്, 3ാം ഉപവകുപ്പനുസരിച്ചു ശ്രീ. എം ഒ ജോസഫ് നെടുങ്കുന്നത്തിന്റെ വക്കിംഗ് കമ്മറ്റി അംഗത്വം നഷ്ടപ്പെട്ടിരിക്കുന്നു.

ആജ്ഞാനുസരണം
അസിസ്റ്റന്റ് സെക്രട്ടറി.

വർക്കിംഗ് കമ്മിറ്റിയോഗം
21—9—'63

അഖിലകേരളകത്തോലിക്കാകോൺഗ്രസ്സ് വക്കിംഗ് കമ്മറ്റിയുടെ ഒരു യോഗം 21—9—'63 ശനിയാഴ്ച രാവിലെ 10 മണിക്കു എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ്ഹാളിൽ വെച്ച് വൈസ്പ്രസിഡന്റ് ശ്രീ ഇ. എം. ജോസഫിന്റെ അക്ഷ്യദ്ധതയിൽ കൂടി.

മെ. ഇ എം ജോസഫ്
എം സി ചാക്കോ
കെ എം ജോസഫ്
ഇ പി വറുഗീസ്
ഏ ജി അഗസ്റ്റിൻ
വി ജെ കുര്യൻ
എം വി വക്കി എന്നിവർ യോഗത്തിൽ സംബന്ധിച്ചു.

പ്രാത്ഥനാനന്തരം 31—8—1963 ലെ വക്കിംഗ് കമ്മറ്റി മീറ്റിംഗിലെ റിപ്പോർട്ട വായിച്ചു പാസാക്കി.

കത്തുകൾ

മ്യ സിക്കു അക്കാഡമയിൽ പഠിക്കുന്ന റവ ജെ അച്ചാമ്മയുടെ അപേക്ഷ അനുസരിച്ചും 31—8—63ൽ കൂടിയ കമ്മറ്റിയുടെ തീരുമാനം അനുസരിച്ചും മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന ഹരിജൻ വിദ്യാത്ഥികൾക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ മ്യൂസിക്കു അക്കാഡമിയിൽ പഠിക്കുന്ന ഹരിജൻ കത്തോലിക്കവിദ്യാത്ഥികൾക്കും നൽകാതിരിക്കുന്നതു അനീതിപരമാണെന്നു കാണിച്ചു. എഡ്യുക്കേഷൻ സെക്രട്ടറി, ഹരിജൻ ക്ഷേമവകുപ്പുമന്ത്രി, മുഖ്യമന്ത്രി, എഡ്യുക്കേഷൻ സെക്രട്ടറിയും അയച്ച മറുപടി ടി വിദ്യാത്ഥിനിയുടെ രക്ഷകത്താവിനെ അറിയിക്കണമെന്നു തീരുമാനിച്ചു.

എറണാകുളം അതിരൂപതാസംഘം സ്ഥാപിക്കുന്നതു സംബന്ധിച്ചു് ആയതിലേക്കു ചുമതലപ്പെട്ട ശ്രീ. എം വി വക്കി മഴുവഞ്ചേരിയുടെ 16—9—'63ലെ എഴുത്തു വായിച്ചു റിക്കാർഡുചെയ്യുകയും അതിരൂപതാസംഘ രൂപീകരണത്തിനുവേണ്ടുന്ന ചെലവു് ടി സംഘത്തിൽ നിന്നും കേന്ദ്രത്തിലേക്കു വരുന്ന വിഹിതത്തിൽ നിന്നും വക്കിംഗ് കമ്മറ്റി വഹിക്കുന്നതായിരിക്കും എന്നു തീരുമാനിച്ചു.

തലശേരി രൂപതയുടെ പെ. ബ. വികാരിജനറാളച്ചന്റെ നിർദ്ദേശമനുസരിച്ചു് ടി രൂപതയിൽ രൂപതാസംഘം സ്ഥാപിക്കുന്നതിനു് സംഘാടകനായി പ്രവത്തിക്കണമെന്നപേക്ഷിച്ചുകൊണ്ടു് 17—9—63ൽ ഏ. കെ. സി. സി ഓഫീസിൽ നിന്നും ജോസഫ് പുലിക്കുന്നേൽ എം എ അവർകളുടെ പേർക്കയച്ച എഴുത്തനുസരിച്ചു് അദ്ദേഹം സന്തോഷസമേതം ആ ജോലി സ്വീകരിച്ചിരിക്കുന്നു എന്നുകാണിച്ചയച്ചതും 20—9—63ൽ ലഭിച്ചതുമായ എഴുത്തിനു് നന്ദിരേഖപ്പെടുത്തി മറുപടി അയക്കണമെന്നും സംഘടനാ പ്രവർത്തനത്തിനാവശ്യമായ എ

ഒരു വസ്തുത തെളിഞ്ഞുകാണാം. പരിഷ്കൃതാശയരായ എല്ലാ വിഭാഗം ജനങ്ങളും സ്ത്രീകൾക്കു് സമുന്നതമായ സ്ഥാനം സമുദായത്തിൽ നൽകിയിട്ടുണ്ടെന്നു്. ഇതു് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. യുഗയുഗാന്തരമായി നിലനിൽക്കുന്ന ഒരു സത്യമാണതു്. ചിലരെല്ലാം ഗൃഹനായികയെ കുടുംബദേവതയായിട്ടുപോലും ആരാധിച്ചുപോരുന്നുണ്ടു്, സ്ത്രീ എല്ലാ നന്മകളുടേയും പ്രഭവസ്ഥാനമെന്നാണു് അവരുടെ വിശ്വാസം.

ഇന്നു് സാധാരണക്കാരെ അലട്ടുന്ന പ്രധാന സംഗതി സാമ്പത്തിക പരാധീനതയാണു്. ഒരു ജനത രാഷ്ട്രീയസ്വാതന്ത്ര്യം നേടിയതുകൊണ്ടുമാത്രം ജീവിതം സുഖപ്രദമാകയില്ല. അതിന്റെ സൽഫലങ്ങളും അനുഭവിക്കണമെങ്കിൽ സാമ്പത്തിക സ്വാതന്ത്ര്യം നേടുകതന്നെ വേണം. അതായതു് ഓരോരുത്തനും ഉണ്ണാനും, ഉടുക്കാനും, കിടക്കാനും ഉള്ള സൗകര്യം ഉണ്ടാകണം. ഇതിന്റെ അഭാവത്തിൽ ഉഴലുന്നവർ നിരവധിയാണു്. ഈ ദുഃസ്ഥിതിമാറണമെങ്കിൽ പുരുഷന്മാരോടൊപ്പം സ്ത്രീകളും പണസമ്പാദനത്തിൽ ശ്രദ്ധിക്കണം. മാത്രമല്ല, ഗൃഹനാഥന്റെ കഴിവുകേടിന്റെയും അനാസ്ഥയുടെയും ദുരന്തഫലം അനുഭവിക്കേണ്ടതു് ഗൃഹനാഥയും അവളുടെ പിഞ്ചുകുഞ്ഞുങ്ങളും ആയിരിക്കും. അതുകൊണ്ടവർ ബോധപൂവ്വം പ്രവത്തിക്കേണ്ടിയിരിക്കുന്നു.

സ്ത്രീകൾ എങ്ങനെയാണു് പണസമ്പാദനം സാധിക്കുന്നതു്. എന്നൊരു ചോദ്യമുണ്ടാകാം. അങ്ങനെ വളരെയൊന്നും ചിന്തിക്കേണ്ടതില്ല. അതു വളരെ അനായാസ കരമാണു്. പല അവസരങ്ങളിലും ഗൃഹനായികയുടെ കൈയ്യിൽ പണം വന്നുചേരും, അതിനേറെക്കുറച്ചിലുണ്ടാകാം. അതുകൊണ്ടു് ഇന്നതുക സമ്പാദിക്കണമെന്നല്ല പറയുന്നതു്. അവരവരുടെ കഴിവനുസരിച്ചു് ചെയ്താൽ മതി. വീട്ടിലെ അനുദിന ആവശ്യങ്ങളിൽ സാരമായ കുറവു വരാത്ത വിധത്തിൽ കൈവശം വന്നുചേരുന്ന പണത്തിൽ അല്പം സൂക്ഷിച്ചുവയ്ക്കാൻ ആദ്യം നിഷ്പ്രയാസം സാധിക്കും. വരവിൽകൂടുതൽ ചെലവാക്കുന്ന പ്രകൃതിക്കാരാകരുതെന്നുമാത്രം. അല്പമെങ്കിലും മിച്ചിക്കുന്ന ശീലമുള്ളവരാകണം. അതുപോലെതന്നെ വേഷഭൂഷാദികൾക്കുവേണ്ടി ഗൃഹനാഥനെ അലട്ടരുതു്. ആട ആഭരണാദികളിൽ അന്ധമായ ഭ്രമം ഉപേക്ഷിക്കണം. എല്ലാക്കാര്യങ്ങളിലും ഒരച്ചടക്കവും ഒതുക്കവും ഉണ്ടായിരിക്കണം. കുടികളേയും ഇതു ശീലിപ്പിക്കേണ്ടതാണു്. അപ്പോഴാകട്ടെ അനാവശ്യമായ ധനവ്യയം ഒഴവാക്കാൻ കഴിയും. മറിച്ചു് അതു സമ്പാദിക്കയും ചെയ്യാം.

ഇതുപോലെ തന്നെ പലവിധത്തിലുള്ള കൈത്തൊഴലുകളിലും ചെറുതരം കൃഷികളിലും വിശ്രമാവസരങ്ങളിൽ ഏർപ്പെടുന്നതിനെറഫലമായിധനസമ്പാദനം സുഗമമാക്കിത്തീർക്കുവാൻ സ്ത്രീകൾക്കു കഴിയും. ഇതെല്ലാം അല്പം സഹിഷ്ണുതയും ത്യാഗമനസ്ഥിതിയും ആവശ്യമുണ്ടെന്നു മാത്രം. അങ്ങനെ തേനീച്ചകളെപ്പോലെ സദാ കർമ്മനിരതയായി ശേഖരിച്ചുസൂക്ഷിച്ചുവെയ്ക്കുന്നപക്ഷം അത്യാവശ്യസമയത്തു് നമുക്കു് പ്രയോജനപ്പെടുത്താൻ കഴിയും. അതു നമ്മുടെ ജീവിതത്തിലെ ഒരു വലിയ നേട്ടമായിരിക്കും. ജീവിതം, ആകെ ഭദ്രവും മോസരവുമായിത്തീരും.

ഈ വസ്തുത എല്ലാവരും മനസ്സിലാക്കി പ്രവത്തിക്കണം. അതു് ആത്മാർത്ഥതയിൽ അധിഷ്ഠിതവുമായിരിക്കണം. അപ്പോഴാകട്ടെ പണസമ്പാദനം സുഗമവും സുകരവുമായിത്തീരും. എങ്കിൽ ജീവിതായോധനത്തിൽ തളരുന്നു് അവശനാകുന്ന പുരുഷനു്, സ്ത്രീ ഒരു ദേവതയായിത്തീരും. അവിടെ ജീവിതം സഫലീകരിക്കും.



(അപ്പച്ചൻ ആറുമാന്തുർ)

മാംസം വിളമ്പിയപ്പോഴും എഴുന്നേറ്റുനിന്ന യുവാവിനോട് വിളമ്പുകാരൻ ചോദിച്ചു ''എന്താണ് എഴുന്നേറ്റുനിൽക്കുന്നത്.''

യുവാവ്:– ''സാമാന്യ മര്യാദയനുസരിച്ച് ഒരു വൃദ്ധനെ കണ്ടപ്പോഴും എഴുന്നേറ്റു എന്നേയുള്ള.''

വിളമ്പുകാരൻ:– ''ഇവിടെ വൃദ്ധൻ വന്നില്ലല്ലോ.''

യുവാവ്:– ''ഇല്ലന്നോ? എന്റെ ഇലയിൽ കിടക്കുന്ന ഈ കാളക്ക് എന്റെ പിതാമഹനേക്കാൾ പ്രായക്കൂടുതലുണ്ട്.''

* * * *

തയ്യൽക്കാരൻ കുറിയാക്കോ ഷർട്ടിന്റെ പോക്കറ്റടിക്കാതെ കൊണ്ടുവന്നപ്പോൾ സണ്ണിചോദിച്ചു, ''എന്താടാ കുറിയാക്കോ നീ പോക്കറ്റടിക്കാഞ്ഞത്.''.

കുറിയാക്കോ;- എന്റെ സണ്ണിച്ചാ ഒരിക്കലും ഞാനിനി പോക്കറ്റടിക്കുകയില്ല. പോക്കറ്റടിച്ചതിനു 2 1/2 കൊല്ലം ജയിലിൽ കിടന്നവനാ ഈ കുറിയാക്കോ– അറിയാമോ?''

* * * *

പരിണാമസിദ്ധാന്തത്തെപ്പറ്റി ബസ്സിൽ വെച്ച് രണ്ടു

ല്ലാ നിർദ്ദേശങ്ങളും അദ്ദേഹത്തിനു നൽകണമെന്നും യോഗം തീരുമാനിച്ചു.

ചങ്ങനാശേരി ബ്രദേഴ്സ് ക്ലബ് 18–9–63 ൽ അയച്ച എഴുത്തുവായിച്ചു റിക്കർഡുചെയ്തു.

ജോജ്ജ് ഇടശേരി പനംകുട്ടി P.o അവർകളുടെ 17–9–63 ലെ എഴുത്തുവായിച്ചു റിക്കാർഡു ചെയ്തു. അദ്ദേഹത്തിന്റെ വാസസ്ഥലത്തും പരിസര പ്രദേശങ്ങളിലും ഓർഗനൈസർമാരുടെ സഹായസഹകരണം കൂടാതെ സ്വമേധയാ എ.കെ.സി.സി ശാഖകൾ സ്ഥാപിച്ചുകാണാൻ കമ്മറ്റി ആഗ്രഹിക്കുന്നതായി അറിയിക്കണമെന്നും ഭൂയതിലേക്ക് അദ്ദേഹത്തിനു വേണ്ട നിർദ്ദേശങ്ങൾ കേന്ദ്രത്തിൽനിന്നും നൽകണമെന്നും യോഗം തീരുമാനിച്ചു.

ചങ്ങനാശേരി അതിരൂപതാസംഘം സ്ഥാപിക്കുന്നതിനു നിയമപ്രകാരം ടി അതിരൂപതയിൽ പ്രവർത്തനത്തിലിരിക്കുന്ന എല്ലാ ശാഖകളേയും അറിയിച്ചിട്ടില്ലായെന്നുള്ള ശ്രീ കുര്യൻ വള്ളവന്തറയുടെ ആക്ഷേപത്തിനു സമാധാനം ചങ്ങനാശേരിയിൽ നിന്നും വരുത്തണമെന്നുള്ള വർക്കിംഗ്കമ്മറ്റിയുടെ തീരുമാനമനുസരിച്ചു സമാധാനം വരുത്തുകയും അതു വർക്കിംഗ്കമ്മറ്റിയിൽ വായിച്ചു. അതിനും പുറമെ രൂപതാസംഘ രൂപീകരണം സംബന്ധിച്ചു ക്ഷണിക്കപ്പെട്ടവരെ ഒരു ലിസ്റ്റുകൂടി അയച്ചുതരുവാൻ ഓഫീസിൽനിന്നും എഴുതണമെന്നും തീരുമാനിച്ചു.

ഭരണഘടനയനുസരിച്ചുള്ള ചട്ടങ്ങൾക്കു ഭേദഗതികൾ കമ്മറ്റിഅംഗങ്ങളിൽ ഓരോരുത്തരും ഒരു മാസത്തിനകം കേന്ദ്രകാര്യാലയത്തിലേക്കയച്ചിരിക്കേണ്ടതും അവർ ചർച്ചചെയ്തു സ്വീകരിക്കുന്നതിനു കമ്മറ്റി പിന്നീട് കൂടേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

ഉദ്ദേശം 1–30–നോടുകൂടി യോഗം അവസാനിച്ചു.

ക്രിസ്ത്യൻവിവാഹബിൽ പിൻവലിക്കുന്നതിനു ഇൻഡ്യാഗവർമ്മെൻറിനെ പ്രേരിപ്പിക്കുവാൻ ഇതരക്രൈസ്തവവിഭാഗങ്ങളുടെ പ്രതിനിധിളെ വിളിച്ചുകൂട്ടി ആലോചിക്കണമെന്നുള്ള 31–8–63–ലെ കമ്മറ്റിയോഗകതീരുമാനമനുസരിച്ചു ജനറൽ സെക്രട്ടറി കത്തോലിക്കബാവാസ്സും, കേരളത്തിലെ മെത്രാപ്പോലീത്താമാർക്കും, മെത്രാന്മാർക്കും വിവിധ ക്രൈസ്തവ സമുദായ പ്രതിനിധികൾക്കും ക്ഷണക്കത്തുകൾ അയച്ചതനുസരിച്ചു എ.കെ.സി.സി വർക്കിംഗ്കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഇതര ക്രൈസ്തവ സഭാ പ്രതിനിധികളുടെയും ഒരു സംയുക്തയോഗം മൂന്നുമണിയോടുകൂടി ടി ഹാളിൽ വച്ചു ശ്രീ ജോസഫ് പെട്ടയുടെ അദ്ധ്യക്ഷതയിൽ കൂടി. ക്രൈസ്തവവിവാഹബിൽ പിൻവലിക്കുന്നതിനു കേന്ദ്രഗവർമ്മെൻറിലേയ്ക്കു ഒരു മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണെന്നും വേണ്ടിവന്നാൽ ഒരു ഡെപ്യൂട്ടേഷൻ അയക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു. മെമ്മോറാണ്ടം തയാറാക്കുന്നതിനു താഴെ പേരുപറയുന്ന അംഗങ്ങളെ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള അധികാരത്തോടുകൂടി യോഗം നിയോഗിച്ചു.

മെ: കെ. പി. എബ്രാഹം
കെ. റ്റി. തോമ്മസ്
എം. എബ്രാഹം
ജോസഫ് പെട്ട
എൻ. എം. പൈലി
ഇ. പി. വറുഗീസ്
ജോജ്ജ് അഞ്ചേരിൽ
കുര്യൻജോസഫ്
കെ. എം. ജോസഫ് ജനറൽസെക്രട്ടറി കൺവീനർ,

ബിൽ പിൻവലിക്കുന്നതിനു വേണ്ട സ്വാധീനം ചെലുത്തണമെന്നു പാർലമെൻറിലേയും നിയമസഭയിലേയും ക്രൈസ്തവമേലദ്ധ്യക്ഷന്മാരുടെ അധികാരാതിർത്തിയിലുള്ള ഇടവകക്കാരും സംഘടനകളും യോഗങ്ങൾ കൂടി ക്രൈസ്തവവിവാഹബിൽ പിൻവലിക്കണമെന്നുള്ള പ്രമേയം പാസാക്കി പ്രധാനമന്ത്രിക്കും ലോകസഭാസ്പീക്കർക്കും അയച്ചുകൊടുക്കണമെന്നുള്ള നിർദ്ദേശം ടി മേലദ്ധ്യക്ഷന്മാർ അവരവരുടെ ഇടവകകളിലേക്കയക്കണമെന്നു അവരോടഭ്യർത്ഥിക്കണമെന്നും യോഗം തീരുമാനിച്ചു.

കേരളത്തിലെ ക്രൈസ്തവർക്ക സെമിറ്ററി സ്ഥാപനത്തിലും ശവസംസ്കാരവിഷയത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈഷമ്യങ്ങളും പരിഹരിക്കുന്നതിനു പര്യാപ്തമായ സത്വര നടപടികളും കൈക്കൊള്ളണമെന്നു കേരളാഗവർമ്മെൻറിനോടഭ്യർത്ഥിക്കണമെന്നതായ പ്രമേയം യോഗം അംഗീകരിച്ചു.

ഉദ്ദേശം 6 മണിയോടുകൂടി യോഗം മംഗളമായി പര്യവസാനിച്ചു. ജനറൽ സെക്രട്ടറി.

പേർ സംസാരിക്കുകയായിരുന്നു. ഒരാൾ പറഞ്ഞു. ''കുരങ്ങിന്റെ വാൽ പോയതാണു് മനുഷ്യൻ ഇന്നുകാണുന്നരൂപത്തിലായിത്തീർന്നതു്!!'' മറ്റൊരാൾ ഇന്നുകാണുന്ന മനുഷ്യരൂപം തന്നെയായിരുന്ന നേരത്തെയും ഉണ്ടായിരുന്നതെന്നു് ശക്തിയായി തർക്കിച്ചു. തർക്കം മൂത്തു് അടിപിടിയാകാറായപ്പോൾ കണ്ടക്ടർ പറഞ്ഞു ''ഇതിൽനിന്നും കുരങ്ങു് പുറത്തിറങ്ങണം; ഇതു് ആളുകൾക്കു് സഞ്ചരിക്കാനുള്ള ബസ്സാണു്.''

* * * *

തന്റെ സാധങ്ങൾ ചിലവാക്കുവാൻവേണ്ടി ഒരു കച്ചവടക്കാരൻ തന്റെ കടയുടെ മുമ്പിൽ ഇങ്ങനെ ഒരു പരസ്യം എഴുതിവച്ചിരുന്നു:— ''ചതിയിൽ പെടുന്നതിനായി മറ്റു കടകളിൽ ആരും പോകരുതു്, ഇവിടെ വരുക!!''

* * * *

അദ്ധ്യാപകൻ:- പഞ്ഞികൊണ്ടുള്ള ഉപയോഗം എന്താണു് തോമ്മസേ''?

''ഊതിപ്പറിപ്പിക്കുവാൻ''

അദ്ധ്യാപകൻ:- ''അല്ലാ, നീ ധരിച്ചിരിക്കുന്ന വസ്ത്രം എന്തുകൊണ്ടുണ്ടാക്കിയതാണു്.''

തോമസ്:— ''ഇതു് അച്ഛന്റെ വലിയ ഷർട്ടു് വെട്ടിച്ചെറുതാക്കിയതാണു്.''

* * * *

സൈക്കിൾ കടക്കാരൻ, പെരിയസ്വാമിയെക്കണ്ടപ്പോൾ പറഞ്ഞു ''സ്വാമിയൊരു സൈക്കിൾ വാങ്ങിച്ചോ, 100 രൂപായേ വിലയുള്ളൂ''

പെരിയസ്വാമി:— എന്നാൽ പിന്നെ 100 രൂപായുണ്ടായിരുന്നെങ്കിൽ ഞാനൊരു പശുവിനെ മേടിക്കുകയില്ലായിരുന്നോ''?

കടക്കാരൻ:— ''സൈക്കിളിൽ യാത്രചെയ്യേണ്ട സ്ഥാനത്തു് പശുവിന്റെ പുറത്തു കയറിയാത്രചെയ്യാമെന്ന വിചാരിക്കുന്നതു് മണ്ടത്തരമല്ലേ സ്വാമീ.''

പെരിയസ്വാമി:— ''എന്നാൽ പാലുകുടിക്കേണ്ടപ്പോൾ സൈക്കിൾ കറക്കുന്നതു് അതിലും മണ്ടത്തരമല്ലേ?''

* * * *

ജോണി, ''ചോരൻ എന്ന വാക്കിന്റെ അർത്ഥമെന്താണു്''

സാറേ, ''എനിക്കറിയത്തില്ല''

''നിന്റെ പോക്കറ്റിൽ കിടക്കുന്ന പെൻസിൽ നീയറിയാതെ ഞാനെടുക്കുന്നു എന്നിരിക്കട്ടെ, അപ്പോൾ ഞാനാരാണു.''?

ജോണി:— ''സാറൊരു ജാലവിദ്യക്കാരൻ'' എന്റെ പോക്കറ്റിൽ പെൻസിലില്ല, രണ്ടണയോ പൈസാ മാത്രമേ ഉള്ളൂ.''

* * * *

മുരളി തന്റെ സ്നേഹിതനെഴുതുന്ന കത്തു് ഇപ്രകാരം മുടന്തു:— നീ അയച്ച എഴുത്തുകിട്ടി. ഇവിടെ പറയത്തക്ക വിശേഷമൊന്നുമില്ല. എനിക്കും വൈഫിനും കുട്ടികൾക്കും എല്ലാം ചൊറിയാണു്— അവിടെയും അപ്രകാരമെന്നു വിശ്വസിക്കുന്നു.''

* * * *

തോമ്മസ് പരീക്ഷയുടെ മാർക്കറിഞ്ഞിട്ടു് ഇപ്രകാരം ജോസഫിനോടു പറഞ്ഞു ''ഞാൻ 50/100 മാർക്കു് പ്രതീക്ഷിച്ചപ്പോൾ 25/100 കിട്ടി. 100/100 പ്രതീക്ഷിച്ചിരുന്നെങ്കിൽജയിക്കാമായിരുന്നല്ലോ.''

* * * *

S. S. L. C. Examination- (പരീക്ഷയുടെ) മലയാളത്തിന്റെ ഒരു ചോദ്യമാണു് താഴെ കാണുന്നതു്:—

തെറ്റുതിരുത്തുക,— 1) പ്രസ്ഥാവന, 2)അതമ്മ, ''തെറ്റുതിരുത്തുന്നതു് ശിക്ഷണത്തോടുകൂടിയായാൽ അതു് ഏറ്റവും ഫലപ്രദമായിരിക്കും'' എന്നു് അദ്ധ്യാപകൻ ഉപദേശിച്ചതും ശിക്ഷിച്ചതും രാമകൃഷ്ണൻ ഓർത്തു. അവൻ ചിന്തിച്ചു; ''ചോദ്യമിട്ട അദ്ധ്യാപകനെ നേരിൽ കണ്ടു് തെറ്റു തിരുത്തുന്നതു് ഫലപ്രദമായിരിക്കുമല്ലോ'' എന്നു്.

* * * *

കാളച്ചന്തയിൽ വെച്ചു് ആടിന്റെ ഉടമസ്ഥനോടു് വേറൊരാൾ ചോദിച്ചു. ''നിങ്ങളുടെ ആടിനു് ഇപ്പോൾ എന്നാപാലുണ്ടു്''

ഉടമസ്ഥൻ:— ആട്ടിൻപാലുണ്ടു്.

* * * *

6—ാം സ്റ്റാൻഡാർഡിൽ പഠിക്കുന്ന ജോസിനോടു് അദ്ധ്യാപകൻ ചോദിച്ചു. ''ഏറ്റവും വലിയ ഗ്രഹം ഏതാണു് ജോസേ.''

ജോസു്:— ഞങ്ങളുടെ അയൽപക്കത്തെ വക്കീൽസാറിന്റെ ഗ്രഹം.



കുട്ടനാട്ടിലെ വെള്ളപ്പൊക്കം

"UNITED, WE STAND-DIVIDED, WE FALL."

Edited Printed and Published for the Working Committee of the All Kerala Catholic Congress by Zacharias Kandathipparambil, at S. F. S. (Deepika) Press, Kottayam.